" ഭരണഭാഷ മാതൃഭാഷ"

നം.കെ.എസ്.എ(എച്ച്.യു)ജി2-270/2022

കേരള സംസ്ഥാന ഓഡിറ്റ് വ

ആരോഗ്യ സർവ്വകലാശാല ഓഡിറ്റ് കാര്യാ

മെഡിക്കൽ കോളേജ് .പി.ഒ., 680
E-mail : healthuty.ksad@kerala.g

ഫോൺ നം : 0487-220

തീയതി : 15.05.

ജോയിന്റ് ഡയറക്ടർ

രജിസ്ട്രാർ,

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല

സർ,

**വിഷയം: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- കേരള ആരോഗ്യശാസ്ത്ര സർവ്വകലാ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.**

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ം വകുപ്പ്, 1996 ലെ കേരളാ ലോ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ അനുസരിച്ച് കേരള ആരോഗ്യ സർവ്വകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കു പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച കുറവുകൾ/അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും പരിഹാരന റിപ്പോർട്ട് തയ്യാറാക്കേണ്ടതും സർവ്വകലാശാലയുടെ മുഖ്യനിർവ്വഹകനായ വൈസ് ചാൻസല ഉത്തരവാദിത്തം ആണ്. 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലാ നിയമം 2 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കേണ്ടത് ഗവേണിംഗ് കൗൺസില അധികാരങ്ങളിൽ ഉൾപ്പെടുന്ന കർത്തവ്യമാണ്. ആയതിനാൽ ഈ റിപ്പോർട്ട് കൈപ്പറ്റി മാസത്തിനകം നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ഗവേണിംഗ് കൗൺ അംഗീകരിച്ച പരിഹാരനടപടി റിപ്പോർട്ട് സർക്കാരിനും ഈ കാര്യാലയത്തിനും ലഭ്യമാക എന്ന് അഭ്യർത്ഥിക്കുന്നു. (സർവ്വകലാശാലാ നിയമം, വകുപ്പ് 68(7), ലോക്കൽ ഫണ്ട് ഓ ചട്ടം 23(1) . രണ്ട് മാസത്തിന് ശേഷം ഈ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയ

ചട്ടവും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഈ കാര്യാലയം ബാധ്യസ്ഥ
എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയ

ജോയിന്റ് ഡയറ

# പകർപ്പ്

1) സെക്രട്ടറി, സംസ്ഥാന ആരോഗ്യകുടുംബക്ഷേമ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം(ഉപരിപത്രംസഹിതം)
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഓഫീസ് കോപ്പി

നം.കെ.എസ്.എ(എച്ച്.യു)ജി2 /2022

കേരള സംസ്ഥാന ഓഡിറ്റ്

ആരോഗ്യ സർവ്വകലാശാല ഓഡിറ്റ് കാര്യാ

മെഡിക്കൽ കോളേജ് .പി.ഒ., 680

ഇ.മെയിൽ:-healthuty.ksad@kerala.

തീയതി : 15.05.

**കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തെ വരവ്-ചെ കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.**

***(1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ം വകുപ്പ് , 1996 ലെ കേരളാ ലോ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ , ചട്ടം 18 , 2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലനി 68(4) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ 2020-2021 സാമ്പത്തിക വർഷത്തെ വാർ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സർവ്വകലാശാലയുടെ തനതു വരു സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുകൾ എന്നിവയുടെ വരവ്, അവയുടെ ഒടുക്കൽ, പിൻവലി എന്നിവയും പരിശോധനക്കു വിധേയമാക്കുകയുണ്ടായി. 13/07/2021 മുതൽ 30/07/ വരെയുള്ള രസീതികളും അവയുടെ ഒടുക്കും പരിശോധിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ വരവുകളും രസീതികൾ മുഖേന സ്വീകരിക്കപ്പെടുന്നില്ലയെന്നതിനാൽ പണം വരവി ഒടുക്കിന്റേയും കൃത്യത പരിശോധിച്ച് ഉറപ്പാക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല .

നിലവിൽ സർവ്വകലാശാല ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ള ഫിനാൻസ് സ്യൂട്ട് സേ വെയറിൽ ഡിഡികൾ പ്രകാരമുള്ള വരവ്, അവയുടെ ഒടുക്ക്, പണം പിൻവലിക്കൽ, എ

മാത്രമാണ് പരിശോധിക്കാനാവുന്നത്. സർവ്വകലാശാലക്ക് വിവിധ ആവശ്യങ്ങൾക സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചതിന്റെ കണക്കുകളും ഓഡ വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓ അന്വേഷണക്കുറിപ്പുകളിലൂടെ സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 ഓ റിക്വിസിഷനുകളും 67 ഓഡിറ്റ് എൻക്വയറികളും നൽകിയതിൽ 64 എൻക്വയറിക മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളു വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കു സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റെ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല .

**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

<table>
<tr><td>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">ശ്രീമതി. സോഫി.എ, ജോയിന്റ് ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">20.10.2021 മുതൽ 30.09.2022 വരെ</td></tr>
<tr><td rowspan="5">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>ശ്രീമതി.റീനജോസഫ്</td><td>ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി.ഷാജിത.കെ.എം</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി.ഫെമിന.എ.എ.</td><td>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(20.10.2021 മുതൽ 13.02.2022 വരെ)</td></tr>
<tr><td>ശ്രീമതി.ജോസി.കെ.ജെ</td><td>സീനിയർ ഗ്രേഡ് ഓഡിറ്റർ (14.02.2022 മുതൽ 30.09.2022 വരെ)</td></tr>
<tr><td>ശ്രീമതി.സഫന.എൻ.എസ്</td><td>ഓഡിറ്റർ</td></tr>
</table>

**<u>നിർവ്വഹണ അധികാരികൾ</u>**

| | | |
|---|---|---|
| വൈസ് ചാൻസലർ | പ്രൊ.ഡോ.മോഹനൻ കുന്നമ്മൽ | 01.04.2020 മുതൽ 31.03.2021 വരെ |
| പ്രൊ.വൈസ് ചാൻസലർ | ഡോ.എ.നളിനാക്ഷൻ | 01.04.2020 മുതൽ 07.05.2020 വരെ |
| പ്രൊ.വൈസ് ചാൻസലർ | ഒഴിവ് | 08.05.2020 മുതൽ 10.05.2020 വരെ |
| പ്രൊ.വൈസ് ചാൻസലർ അഡീഷ്ണൽ ചാർജ്ജ് | ഡോ.സി.പി.വിജയൻ | 11.05.2020 മുതൽ 02.09.2020 വരെ |
| പ്രൊ.വൈസ് ചാൻസലർ | ഡോ.സി.പി.വിജയൻ | 3.09.2020 മുതൽ 31.03.2021 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| രജിസ്ട്രാർ | ഡോ.എ.കെ.മനോജ്കുമാർ | 01.04.2020 മുതൽ 31.03.2021വരെ |
| കൺട്രോളർ ഓഫ് എക്സാമിനേഷൻ | ഡോ.സി.പി.വിജയൻ | 01.04.2020 മുതൽ 02.09.2020 വരെ |
| | ഡോ.വി.വി.ഉണ്ണികൃഷ്ണൻ | 03.09.2020 മുതൽ 08.11.2020 വരെ |
| | ഡോ.എസ്.അനിൽകുമാർ | 09.11.2020 മുതൽ |

| | | |
|---|---|---|
| | | 31.03.2021 വരെ |
| ഫിനാൻസ് ഓഫീസർ | ശ്രീ.രാജേഷ്.കെ.പി | 01.04.2020 മുതൽ 31.03.2021 വരെ |

**ഉള്ളടക്കം**


| ക്രമനം | ഖണ്ഡിക നം | വിഷയം |
|---|---|---|
| 1 | 1-1 | പൊതുവായ വിവരങ്ങൾ |
| 2 | 1-2 | ബജറ്റ് |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക |
| 4 | 1-4 | വിവിധ ധനസഹായങ്ങളും വിനിയോഗവും |
| 5 | 1-5 | വിനിയോഗ സാക്ഷ്യപത്രങ്ങൾ |
| 6 | 1-6 | തനത് വരുമാനം |
| 7 | 1-7 | എൻഡോവ്മെന്റുകൾ /ചെയറുകൾ എന്നിവയുടെ വിവരം |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല |
| 10 | 1-10 | അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല |
| 11 | 1-11 | പരീക്ഷാ വിഭാഗത്തിലെ കോൺഫിഡൻഷ്യൽ ഇനങ്ങൾ-ഓഡിറ്റിന് ലഭ്യമാക്കാത്തവയുടെ വിവരങ്ങൾ |
| 12 | 1-12 | ആസ്തി രജിസ്റ്റർ ശരിയായി പരിപാലിച്ചിട്ടില്ല |
| 13 | 1-13 | വൈദ്യശാസ്ത്ര ഗവേഷണം - ലഭ്യമായ ഫണ്ട് വിനിയോഗിച്ചിട്ടില്ല |
| 14 | 2-1 | വാർഷിക കണക്ക് - അപാകതകൾ |
| 15 | 2-2 | വാർഷികകണക്കുകളിൽ രേഖപ്പെടുത്തുന്ന വരവിനങ്ങളുടെ കൃത്യത –രജിസ്റ്ററും വാർഷിക |

| | | |
|---|---|---|
| | | കണക്കുകളും പൊരുത്തപ്പെടുന്നില്ല |
| 16 | 2-3 | വരവിനങ്ങളുടെ പരിശോധന – രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല |
| 17 | 2-4 | രസീതി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല |
| 18 | 2-5 | ഓൺലൈൻ രസീതി പരിശോധന – നിരീക്ഷണങ്ങൾ |
| 19 | 2-6 | അഫിലിയേഷൻ തുടർച്ചാനുമതി - അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായിട്ടും അധിക സീറ്റുകൾ അനുവദിച്ചു |
| 20 | 2-7 | നഴ്സിംഗ് കോളേജുകളുടെ 2020-21 വർഷത്തെ അഫിലിയേഷൻ സ്യൂട്ട് പരിശോധന - സ്യൂട്ട് ഫയലുകളിലെ വിവരം അപൂർണ്ണം. |
| 21 | 2-8 | സീറ്റ് വർദ്ധനവ് അനുവദിച്ചെങ്കിലും സീറ്റുവർദ്ധനവിനുള്ള ഫീ ഈടാക്കിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 22 | 2-9 | നിബന്ധനകളോടെയുള്ള അഫിലിയേഷൻ തുടർച്ചാനുമതി- കുറവുകൾ യഥാസമയം പരിഹരിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടുന്നില്ല |
| 23 | 2-10 | അഫിലിയേഷൻ തുടർച്ച അനുമതി ഫീസ് അടവാക്കിയിട്ടില്ല |
| 24 | 2-11 | ഫാക്കൽറ്റി കുറവ് - സർവ്വകലാശാല ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽ നിന്നും റീ ഇൻസ്പെക്ഷൻ ഫീ ഈടാക്കിയിട്ടില്ല |
| 25 | 2-12 | ഇന്റേണൽ എക്സാമിനർമാരുടെ കുറവ് -ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല |

| | | |
|---|---|---|
| 26 | 2-13 | ഇന്റേണൽ എക്സാമിനർമാരുടെ അഭാവം - ഓരോ വർഷവും ആവർത്തിക്കപ്പെടുന്നു |
| 27 | 2-14 | ബി. എസ്. സി നഴ്സിംഗ് കോഴ്സുകൾ - റീഫണ്ടബിൾ ഡെപ്പോസിറ്റ് ഇനത്തിൽ തുക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 28 | 2-15 | റീഫണ്ടബിൾ ഡെപ്പോസിറ്റ്- ഗവേണിങ് കൗൺസിൽ തീരുമാനം നടപ്പാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 29 | 2-16 | സർവ്വകലാശാല കാന്റീൻ - ചട്ടപ്രകാരമുള്ള ലൈസൻസ് ഇല്ലാതെ കാന്റീൻ പ്രവർത്തിക്കുന്നു |
| 30 | 2-17 | യൂട്ടിലിറ്റി ബിൽഡിംഗ്, സ്റ്റാഫ് ക്വാർട്ടേഴ്സ് – വാടകയ്ക്ക് നൽകിയതിലെ അപാകതകൾ |
| 31 | 3-1 | പരീക്ഷാ ഡ്യൂട്ടിയ്ക്ക് നിയമിതരാകുന്ന സർവ്വകലാശാല ജീവനക്കാർക്ക് വിവിധ ബത്തകൾ അനുവദിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയില്ല |
| 32 | 3-2 | സർവ്വകലാശാല യാത്രാബത്ത വ്യവസ്ഥകൾ- സർവ്വീസ് ചട്ടങ്ങൾക്കു വിരുദ്ധമായി ഉത്തരവുകൾ പുറപ്പെടുവിച്ച് ബത്തകൾ അനുവദിക്കുന്നു |
| 33 | 3-3 | പരീക്ഷ നടത്തിപ്പ് - യു.ജി.സി അദ്ധ്യാപകർക്ക് പരീക്ഷാ ജോലികൾക്ക് പ്രതിഫലം നൽകുന്നത് മാനദണ്ഡങ്ങൾക്ക് വിരുദ്ധം |
| 34 | 3-4 | സർവ്വകലാശാല പരീക്ഷാ ഡ്യൂട്ടി -അദ്ധ്യാപകരുടെ അനാസ്ഥ സർവ്വകലാശാലയ്ക്ക് ബാധ്യത വർദ്ധിപ്പിക്കുന്നു |
| 35 | 3-5 | ക്യാമ്പ് ഓഫീസർമാർ സമർപ്പിക്കുന്ന അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ് വൗച്ചറുകളിലെ അപാകതകൾ |

| | | |
|---|---|---|
| 36 | 3-6 | ക്യാമ്പ് ഓഫീസർമാർക്ക് അനുവദിച്ച മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 37 | 3-7 | മൂല്യനിർണ്ണയക്യാമ്പിൽ ഇവാല്യുവേറ്റേഴ്സ് ഇല്ലാതിരുന്നിട്ടും ചെയർപേഴ്സണ് പ്രതിഫലം അനുവദിച്ചു |
| 38 | 3-8 | ഉത്തരപുസ്തകങ്ങളുടെ  പരിശോധന - അർഹമായ നിരക്കിനേക്കാൾ അധികം നിരക്കിൽ തുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ് |
| 39 | 3-9 | കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന ക്യാമ്പ് ചെയർപേഴ്സൺമാർക്ക് സ്പെഷ്യൽ ക്യാമ്പ് അലവൻസ് അനുവദിക്കുന്നത് പരിശോധിക്കപ്പെടേണ്ടതാണ് |
| 40 | 3-10 | പരീക്ഷാ നടത്തിപ്പിനായി കോളേജുകൾക്ക് നൽകിയ അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല |
| 41 | 3-11 | കമ്പ്യൂട്ടറുകളുടെ വാർഷിക പരിപാലനം സംബന്ധിച്ച് |
| 42 | 3-12 | കേരള ഹൈക്കോടതി വിധിന്യായങ്ങൾ ക്രോഡീകരിച്ചത് - നാളിതുവരെ ലഭ്യമായിട്ടില്ല |
| 43 | 3-13 | കേസുകളുടെ തുടർ വിവരം നിരീക്ഷിക്കുന്നത് - ഒറിജിനൽ പെറ്റീഷൻ രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| 44 | 3-14 | സർവ്വകലാശാല അദ്ധ്യാപക തസ്തികകൾ – നാളിതുവരെ സ്പെഷൽ റൂൾ തയ്യാറാക്കിയിട്ടില്ല |
| 45 | 3-15 | രജിസ്ട്രാർ നിയമനം - സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ച് വിജ്ഞാപനം ചെയ്ത് നിയമനം നടത്തി |
| 46 | 3-16 | ഡീൻ (സ്റ്റുഡന്റ്സ് അഫയേഴ്സ് ) നിയമനം – ആക്ടിൽ നിഷ്കർഷിച്ച യോഗ്യതയിൽ നിന്നും |

| | | |
|---|---|---|
| | | വ്യതിചലിച്ച് നിയമനം നടത്തി |
| 47 | 3-17 | സർക്കാർ അംഗീകാരമില്ലാത്ത തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിലെ നിയമനം - വിവിധ ഉത്തരവുകൾ പ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകുന്നു |
| 48 | 3-18 | സർവ്വകലാശാലയിലെ നിയമനങ്ങൾ - നിയമന വ്യവസ്ഥകൾ പാലിക്കേണ്ടതാണ് |
| 49 | 3-19 | Utility Building - Fire fighting system - ഫയർ NOC പുതുക്കി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |
| 50 | 3-20 | ഓഡിറ്റോറിയം നിർമ്മാണം - 4,38,03,647 രൂപ മുടങ്ങി കിടക്കുന്ന പണം |
| 51 | 3-21 | കരാറുകാരന് GSTഇനത്തിൽ അധിക തുക അനുവദിച്ചത് - തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ് |
| 52 | 3-22 | അക്കാഡമിക് സ്റ്റാഫ് കോളേജ് - ടെണ്ടർ തുകയേക്കാൾ അധികം തുക നൽകിയത് സംബന്ധിച്ച് |
| 53 | 3-23 | വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ - ഫയൽ ഹാജരാക്കിയിട്ടില്ല |
| 54 | 3-24 | രജിസ്റ്ററുകളുടെ പരിപാലനം |
| 55 | 4-1 | വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശം |
| 56 | 4-2 | സാമ്പത്തിക നില |
| 57 | 4-3 | പൊരുത്തപ്പെടുത്തൽ പത്രിക |
| 58 | 4-4 | 31.03.2021 ലെ ട്രഷറി/ബാങ്ക് നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ |
| 59 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 60 | 4-6 | ഓഡിറ്റ് റിക്കവറി |
| 61 | 4-7 | ഓഡിറ്റ് ചാർജ്ജ് |

| | | |
|---|---|---|
| 62 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 63 | 4-9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 64 | അനുബന്ധം-1 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം (ഖണ്ഡിക 4-5 പ്രകാരം) |

# ഭാഗം -1

# പൊതു അവലോകനം

## 1-1 പൊതുവായ വിവരങ്ങൾ

സർവ്വകലാശാലയുടെ സംഘടനാരൂപം, വിവിധ തരത്തിലുള്ള അനുബന്ധ സ്ഥാപനങ്ങളുടെ വിവര പ്രസക്തമായ വിവരങ്ങൾ.




### 1.1.1.ആമുഖം

കേരള സംസ്ഥാനത്ത് ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയുർവേദവും, സിദ്ധയും, യോ പ്രകൃതിചികിത്സയും, യുനാനിയും അനുബന്ധശാസ്ത്രങ്ങളും ഉൾപ്പെടെയുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം എന്ന മാത്രമായി ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം എ ഉറപ്പുവരുത്തുന്ന ആവശ്യത്തിലേയ്ക്ക് 07.12.2009 ന് വിളംബരപ്പെടുത്തിയ 'കേരള ആരോഗ്യ അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ഓർഡിനൻസ്, 2010, 22.01.2011 ന് വിളംബരപ്പെടുത്തിയ

ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം, 2010' എന്നിവ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകല നിലവിൽവന്നു. സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് 2013-ൽ സർക്കാർ ഉത്തരവ്(അ)നം.125/2013/ആ.കു.ക്ഷേ തീയതി 04.04.2013 പ്രകാരം പ്രാബല്യത്തിലായി. പ്രസ്തുത സ്റ്റാറ്റ്യൂട്ട് അസാധുവാക്കിക്കൊണ്ട് 20.04.201 സ.ഉ(അ)നം.44 /2018/ആ.കു.ക്ഷേ.വ. പ്രകാരം (SRO 253/2018) പുതിയ പ്രഥമ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കിയ ആയതിനു ശേഷം ടി സ്റ്റാറ്റ്യൂട്ട് അസാധുവാക്കി കൊണ്ട് 6.2.19 ലെ ജി.ഒ(പി) നം.3/2019/H& FWD പ്രകാരം No.112/19 ) ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 2019 തയ്യാറാക്കിയിട്ടുണ്ട്.സർവ്വകലാശാലയുടെ അധികാര പരിധി കേരള സംസ മുഴുവൻ വ്യാപിച്ചിട്ടുള്ളതും ആസ്ഥാനം തൃശ്ശൂരും ആണ്.

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പരീക്ഷാ മാന്വൽ 21.06.2018 മുതൽ പ്രാബല്യത്തിൽ വന്നു.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 3(1) പ്രകാരമുള്ള പട്ടികയിലെ ക്രമ നമ്പർ 5 സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും ഉൾപ്പെടുന്നുണ്ട്. 2010ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാ നിയമം വകുപ്പ് 68(1) ലെ വ്യവസ്ഥയനുസരിച്ച് സർവ്വകലാശാലയുടെ ഓഡിറ്റിനായി ജി.ഒ (എം.എസ്) നം. 586 ധനം തിയതി 03.12.2011 നമ്പർ ഉത്തരവ് പ്രകാരം ഈ വകുപ്പിനെ സർക്കാർ ചുമതലപ്പെടുത്തി.

**1.1.2. സർവ്വകലാശാലയുടെ ചുമതലകൾ**

സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ചുമതലകൾ താഴെ പറയുന്നവയാണ്.

**(i)** വൈദ്യശാസ്ത്രവും അനുബന്ധ ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട, സർവ്വകലാശാല യുക്തമെന്നു കരുതുന്ന, അങ്ങനെ പഠനശാഖകളിൽ ബോധനവും പരിശീലനവും നല്കുക;

**(ii)** വൈദ്യശാസ്ത്രത്തിലും അനുബന്ധ ശാസ്ത്രങ്ങളിലും ഗവേഷണത്തിനു വേണ്ടിയും അറിവിന്റെ ഉന്നമന വ്യാപനത്തിനും വേണ്ടിയും വ്യവസ്ഥ ചെയ്യുക

**(iii)** ബിരുദങ്ങളും, ഡിപ്ലോമകളും, സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽ ചെയ്യുക (കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം, 2010 വകുപ്പ് 6 കാണുക.)

**1.1.3. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ**

1. വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും വൈദ്യശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക ;

2. വൈദ്യശാസ്ത്ര മേഖലയിലെ പുരോഗതികളുടെ അടിസ്ഥാനത്തിലുള്ള പുതിയ പാഠ്യക്രമങ്ങളും പാഠ്യപദ്ധ തയ്യാറാക്കുക;

3. അഫിലിയേറ്റ് ചെയ്ത കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അക്കാഡമിക് നിലവാരം ക്രമപ്പെടുത്തുക ;

(i) ആരോഗ്യത്തിന്റെ പ്രതിരോധവും പ്രോത്സാഹനവും സംബന്ധിച്ച കാര്യങ്ങൾ മെച്ചപ്പെടുത്തുക ;

(ii) സമൂഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികൾ സംഘടിപ്പിക്കുക ;

4. സംസ്ഥാനത്ത് വൈദ്യശാസ്ത്ര മാനവശേഷി വികസനത്തിന് നേതൃത്വം നൽകുക ;

5. സംസ്ഥാനത്തിനുവേണ്ടി ആരോഗ്യാസൂത്രണത്തിനും ആരോഗ്യ നയരൂപീകരണത്തിനും നേതൃത്വം നൽക

6. സാംക്രമികരോഗപഠനത്തിനും സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള രോഗങ്ങൾ നിരീക്ഷിക്കുന്ന ജാഗ്രതയോടെയുള്ള മേൽനോട്ടം വഹിക്കുന്നതിനുമുള്ള സംവിധാനത്തിന് ഊന്നൽ നൽകുക ;

7. മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് നോഡൽ ഏജൻസ് പ്രവർത്തിക്കുക;

8. വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള സംവാദത്തിനുള്ള ഒരു വേദി ഒരുക്കുക ;

9. വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള കൂട്ടായ ഗവേഷണ പരിപാടികൾക്കും സമന്വയത്തി അവസരങ്ങൾ ആരായുക ;

10. വൈദ്യശാസ്ത്രത്തിന്റെയും അനുബന്ധ ശാസ്ത്രങ്ങളുടെയും വിദ്യാഭ്യാസത്തിനുള്ള സൗകര്യ നീതിപൂർവ്വകമായ വിതരണം പ്രോത്സാഹിപ്പിക്കുക ;

11. ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നതിന പ്രോത്സാഹിപ്പിക്കുകയും പഠിക്കുന്ന ഒരു സമൂഹത്തിന് ഉചിതമായ ആധുനിക ആശയ വിനിമയ മാധ്യ സാങ്കേതിക വിദ്യയും ഉപയോഗിച്ചുകൊണ്ട് വൈദ്യശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഗ സ്ഥാപിച്ചുകൊണ്ട് മാനുഷിക പരിശ്രമത്തിന്റെ എല്ലാ മേഖലകളിലും നൂതന രീതികളുടെയും ഗവേഷണത്തി കണ്ടുപിടുത്തത്തിന്റെയും പശ്ചാത്തലത്തിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും വൈ വികസനത്തിനും തുടർച്ചയായ അവസരങ്ങൾ നല്കുകയും ചെയ്യുക ;

12. ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലയിലെ മറ്റ് അക്കാഡമിക് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചു ഭാരതീയ ചികിത്സാസമ്പ്രദായത്തിന്റെയും അതിന്റെ എല്ലാ ശാഖകളുടെയും ഹോമിയോപ്പതിയു വികസനത്തിനായി കൂടുതൽ ഊന്നൽ നല്കുക.

**1.1.4. സർവ്വകലാശാലയുടെ സംഘടനാരൂപം**

സർവ്വകലാശാലാ നിയമം 4-ാം വകുപ്പനുസരിച്ച് സർവ്വകലാശാലയുടെ ഘടന താഴെപറയും പ്രകാരമാണ്.




(എ) സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ

(i) കാലാകാലങ്ങളിൽ സർവ്വകലാശാല തീരുമാനിക്കുന്ന മേഖലകളിലെ പഠനത്തിനും ഗവേഷണത്തിനുമുള്ള സ്കൂ

(ii) സർവ്വകലാശാല നേരിട്ട് നടത്തുന്ന, അണ്ടർ ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും അദ്ധ്യാപനത്തിൽ പ്രധാന ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ

(ബി) സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് മേഖലകളിൽ ര അഫിലിയേറ്റ് ചെയ്ത കോളേജുകൾ.

(സി) അംഗീകൃത സ്ഥാപനങ്ങൾ

സർവ്വകലാശാലയുടെ കീഴിൽ 2020-21 വർഷത്തിൽ അഫിലിയേറ്റഡ് കോളേജുകൾ മാത്രമാണുള്ളത്. അ എണ്ണം ചുവടെ ചേർക്കുന്നു.

**സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന അഫിലിയേറ്റഡ് കോളേജുകളുടെ എണ്ണം**

| അഫിലിയേറ്റഡ് സ്ഥാപനങ്ങൾ | ഗവൺമെന്റ് (എണ്ണം) | എയ്ഡഡ് (എണ്ണം) | സ്വാശ്രയ സ്ഥാപനങ്ങൾ (എണ്ണം) | ആകെ (എണ്ണം) |
|---|---|---|---|---|
| മെഡിക്കൽ കോളേജുകൾ | 11 | 0 | 20 | 31 |
| ആയുർവ്വേദ കോളേജുകൾ | 3 | 2 | 12 | 17 |
| ഹോമിയോ മെഡിക്കൽ കോളേജുകൾ | 3 | 3 | 0 | 6 |
| ഡെന്റൽ കോളേജുകൾ | 6 | 0 | 19* | 25 |
| സിദ്ധ കോളേജുകൾ | 0 | 0 | 1 | 1 |
| യുനാനി കോളേജുകൾ | 0 | 0 | 1 | 1 |
| നഴ്സിംഗ് കോളേജുകൾ | 7 | 0 | 116 | 123 |
| പാരാമെഡിക്കൽ കോളേജുകൾ | 6 | 0 | 49 | 55 |
| ഫാർമസി കോളേജുകൾ | 5 | 0 | 53 | 58 |
| ആകെ | 41 | 5 | 271 | 317 |

**1.1.5 സർവ്വകലാശാലയിലെ അധികാര സ്ഥാനങ്ങളും മറ്റു വിവരങ്ങളും**

| |
|---|
| സെനറ്റ് |
| ഗവേണിങ്ങ് കൗൺസിൽ |
| അക്കാദമിക്ക് കൗൺസിൽ |
| പരീക്ഷാ ബോർഡ് |

| |
|---|
| **പഠന ബോർഡ്** |
| **ഫാക്കൽറ്റികൾ** |
| **ഫിനാൻസ് കമ്മിറ്റി** |
| **റിസർച്ച് കൗൺസിൽ** |
| **യൂണിവേഴ്സിറ്റി ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ** |
| **എത്തിക്സ് കമ്മിറ്റി** |
| **സ്റ്റുഡൻസ് കൗൺസിൽ** |
| **സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന മറ്റു നികായങ്ങൾ** |

| **നം** | **അധികാര സ്ഥാനത്തിന്റെ പേര്** | **ആകെ അംഗങ്ങളുടെ എണ്ണം** | **ക്വാറം (കുറഞ്ഞത്)** | **നിർബന്ധമായി ചേരേണ്ട വാർഷിക യോഗങ്ങളുടെ എണ്ണം** | **ചേർന്ന യോഗങ്ങളുടെ തീയതി** | **പങ്കെടുത്ത അംഗങ്ങളുടെ എണ്ണം** |
|---|---|---|---|---|---|---|
| **1** | **സെനറ്റ്** | 96 | 24 | സർവ്വകലാശാല നിയമം 2010 അനുസരിച്ച് ഒരു വർഷത്തിൽ കുറഞ്ഞത് 2 സെനറ്റ് യോഗങ്ങളെങ്കിലും ചേർന്നിരിക്കണമെന്നും അതിലൊന്ന് വാർഷിക യോഗ മാവണമെന്നുമുണ്ട് | 16.09.2020 | 56 |
| | | | | | 20.02.2021 | 56 |
| 2 | **ഗവേണിംഗ് കൗൺസിൽ** | 17 | 9 | 4 | 25.04.2020 | 16 |
| | | | | | 25.07.2020 | 16 |
| | | | | | 17.10.2020 | 14 |
| | | | | | 26.12.2020 | 16 |
| | | | | | 17.02.2021 | 15 |
| 3 | **അക്കാദമിക് കൗൺസിൽ** | 75 | 1/5th of total members or 10 whichever is less | വർഷത്തിൽ ചുരുങ്ങിയത് 3 തവണ | 30.09.2020 | 71 |
| | | | | | 06.02.2021 | 59 |
| 4 | **പരീക്ഷാ ബോർഡ്** | 14 | ആകെ അംഗങ്ങളുടെ പകുതി | വർഷത്തിൽ ചുരുങ്ങിയത് 2 തവണ | 04.06.2020 | 10 |
| | | | | | 22.07.2020 | 11 |
| | | | | | 21.01.2021 | 14 |
| 5.1 | **പഠന ബോർഡ്** ഡെന്റൽ (യു.ജി.) | 11 | ആകെ അംഗങ്ങളുടെ പകുതി | വർഷത്തിൽ ഒരിക്കൽ, കൂടാതെ വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം അത്യാവശ്യം വരുന്ന അവസരത്തിൽ കൂടുതൽ യോഗങ്ങൾ വിളിച്ച് ചേർക്കാവുന്നതാണ്. | 20.05.2020 | 20 combined meeting ( PG,UG Faculties) as online |
| | | | | | 24.09.2020 | 20 combined meeting ( PG,UG Faculties) as online |
| | | | | | 22.03.2021 | 11 |

| | | | | | | |
|---|---|---|---|---|---|---|
| 5.2 | **പഠന ബോർഡ്** ഡെന്റൽ (പി.ജി.) | 11 | ആകെ അംഗങ്ങളുടെ പകുതി | വർഷത്തിൽ ഒരിക്കൽ, കൂടാതെ വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം അത്യാവശ്യം വരുന്ന അവസര ത്തിൽ കൂടുതൽ യോഗങ്ങൾ വിളിച്ചു ചേർക്കാവുന്നതാണ്. | 20.05.2020<br>24.09.2020 | 20 combined meeting ( PG,UG Faculties) as online |
| 5.3 | **പഠന ബോർഡ്** ആയുർവ്വേദ പ്രീ ക്ലിനിക്കൽ (പി.ജി.) | 11 | ആകെ അംഗങ്ങളുടെ പകുതി | വർഷത്തിൽ ഒരിക്കൽ, കൂടാതെ വൈസ്ചാൻസലറുടെ നിർദ്ദേശാനുസരണം അത്യാവശ്യം വരുന്ന അവസരത്തിൽ കൂടുതൽ യോഗങ്ങൾ വിളിച്ചു ചേർക്കാവുന്നതാണ്. | 22.05.2020<br>15.09.2020 | 9<br>8 |
| 5.4 | **പഠന ബോർഡ്** ആയുർവ്വേദ ക്ലിനിക്കൽ (യു.ജി.) | 11 | " " | " " | 21.05.2020<br>16.09.2020 | 9<br>10 |
| 5.5 | **പഠന ബോർഡ്** ആയുർവ്വേദ മെഡിക്കൽ (പി.ജി.) | 11 | " " | " " | 22.05.2020<br>15.09.2020 | 10<br>9 |
| 5.6 | **പഠന ബോർഡ്** ആയുർവ്വേദ സർജിക്കൽ (പി.ജി.) | 11 | " " | " " | 22.05.2020<br>15.09.2020 | 7<br>9 |
| 5.7 | **പഠന ബോർഡ്** ആയുർവ്വേദ പ്രീ ക്ലിനിക്കൽ (യു.ജി.) | 11 | " " | " " | 22.05.2020<br>15.09.2020 | 9<br>8 |
| 5.8 | **പഠന ബോർഡ്** ഹോമിയോപ്പതി (യു.ജി.) | 11 | " " | " " | 22.05.2020<br>25.09.2020 | 15 Combined meeting (PG,UG Faculties) as online<br>6 |
| 5.9 | **പഠന ബോർഡ്** ഹോമിയോപ്പതി (പി.ജി) | 11 | " " | " " | 22.05.2020<br>25.09.2020 | 15 Combined meeting (PG,UG Faculties) as online<br>11 |
| 5.10 | **പഠന ബോർഡ്** സിദ്ധ | 8 | " " | " " | 21.05.2020<br>09.09.2020 | 8<br>8 |
| 5.11 | **പഠന ബോർഡ്** യുനാനി | 8 | " " | " " | 20.05.2020<br>11.09.2020 | 8<br>6 |
| 5.12 | **പഠന ബോർഡ്** | 11 | 6 | " " | Nil | Nil |

| | | | | | | |
|---|---|---|---|---|---|---|
| | (മെഡിക്കൽ) ക്ലിനിക്കൽ യു.ജി. | | | | | |
| 5.13 | **പഠന ബോർഡ്** (മെഡിക്കൽ) പ്രീ ക്ലിനിക്കൽ യു.ജി. | 11 | 6 | " " | Nil | Nil |
| 5.14 | **പഠന ബോർഡ്** (മെഡിക്കൽ) പി.ജി. | 11 | 6 | 1 | Nil | Nil |
| 5.15 | **പഠന ബോർഡ്** (മെഡിക്കൽ) സർജിക്കൽ പി.ജി. | 11 | 6 | " " | NIL | NIL |
| 5.16 | **പഠന ബോർഡ്** (മെഡിക്കൽ) പ്രീ ക്ലിനിക്കൽ പി.ജി. | 11 | 6 | " " | NIL | NIL |
| 5.17 | **പഠന ബോർഡ്** (മെഡിക്കൽ) സൂപ്പർ സ്പെഷ്യാലിറ്റി സർജിക്കൽ പി.ജി. | 11 | 6 | " " | Nil | Nil |
| 5.18 | **പഠന ബോർഡ്** (മെഡിക്കൽ) സൂപ്പർ സ്പെഷ്യാലിറ്റി പി.ജി. | 11 | 6 | " " | Nil | Nil |
| 5.19 | **പഠന ബോർഡ്** നഴ്സിംഗ് (യു.ജി.) | 11 | 6 | 1 | 22.05.2020 | 7 |
| | | | | | 17.08.2020 | 6 |
| | | | | | 12.01.2021 | 7 |
| 5.20 | **പഠന ബോർഡ്** നഴ്സിംഗ്(പി.ജി.) | 11 | 6 | 1 | 22.05.2020 | 8 |
| | | | | | 17.08.2020 | 10 |
| | | | | | 14.01.2021 | 10 |
| 5.21 | **പഠന ബോർഡ്** ഫാർമസി (യു.ജി.) | 11 | 6 | 1 | Nil | Nil |
| 5.22 | **പഠന ബോർഡ്** ഫാർമസി (പി.ജി.) | 11 | 6 | 1 | Nil | Nil |
| 5.23 | **പഠന ബോർഡ്** പാരാ മെഡിക്കൽ (MLT) | 11 | 6 | 1 | Nil | Nil |
| 5.24 | **പഠന ബോർഡ്** പാരാമെഡിക്കൽ (Physiotherapy) | 11 | 6 | 1 | Nil | Nil |

| | | | | | | |
|---|---|---|---|---|---|---|
| 5.25 | **പഠന ബോർഡ്** പാരാമെഡിക്കൽ (Rehabilitation) | 10 | 6 | 1 | Nil | Nil |
| 5.26 | **പഠന ബോർഡ്** പാരാമെഡിക്കൽ (Clinical Allied UG) | 9 | 5 | 1 | Nil | Nil |
| 5.27 | **പഠന ബോർഡ്** പാരാമെഡിക്കൽ (Radiation & imaging Sciences) | 11 | 6 | 1 | Nil | Nil |
| 5.28 | **പഠന ബോർഡ്** പാരാമെഡിക്കൽ (Clinical Allied PG) | 10 | 5 | 1 | **Nil** | Nil |
| 6.1 | **ഫാക്കൽറ്റി (ഡെന്റൽ)** | 6 | ആകെ അംഗങ്ങളുടെ പകുതി | വർഷത്തിൽ ഒരിക്കൽ, കൂടാതെ വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം അത്യാവശ്യം വരുന്ന അവസരത്തിൽ കൂടുതൽ യോഗങ്ങൾ വിളിച്ച് ചേർക്കാവുന്നതാണ്. | 20.05.2020<br>24.09.2020 | 20 combined meeting (PG,UG faculties) as on online |
| 6.2 | **ഫാക്കൽറ്റി** (ആയുർവ്വേദ, സിദ്ധ) | 14 | “ ” | “ ” | 17.09.2020 | 8 |
| 6.3 | **ഫാക്കൽറ്റി** ഹോമിയോപ്പതി | 6 | “ ” | “ ” | 22.05.2020 | 15 combined meeting ( PG,UG faculties) as on online |
| | | | | | 25.09.2020 | 6 |
| 6.4 | **ഫാക്കൽറ്റി** മെഡിക്കൽ | 16 | 8 | 1 | Nil | Nil |
| 6.5 | **ഫാക്കൽറ്റി** നഴ്സിംഗ് | 6 | 3 | 1 | 22.05.2020 | 3 |
| | | | | | 17.08.2020 | 5 |
| | | | | | 15.01.2021 | 5 |
| 6.6 | **ഫാക്കൽറ്റി** (ഫാർമസി) | 6 | 3 | 1 | Nil | Nil |
| 6.7 | **ഫാക്കൽറ്റി** പാരാമെ ഡിക്കൽ & അലൈഡ് ഹെൽത്ത് സയൻസ് | 12 | 6 | 1 | Nil | Nil |
| 7 | **ഫിനാൻസ് കമ്മിറ്റി** | 7 | 4 | 4 | 22.07.2020 | 7 |
| | | | | | 13.10.2020 | 6 |
| | | | | | 21.12.2020 | 7 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 11.02.2021 | 7 |
| 8 | **പ്ലാനിംഗ് കമ്മിറ്റി** | 15 | ആകെ അംഗങ്ങളുടെ 1/3 ഭാഗം | 3 | 16.01.2021 | 13 |
| | | | | | കോവിഡ് 19 സാഹചര്യത്തിൽ യോഗങ്ങൾ മാറ്റിവെച്ചു. | |
| 9 | **റിസർച്ച് കൗൺസിൽ** | 8 | സ്റ്റാറ്റ്യൂട്ടിൽ പ്രതിപാദിച്ചിട്ടില്ല | സ്റ്റാറ്റ്യൂട്ടിൽ പ്രതിപാദിച്ചിട്ടില്ല | 2020-21 കാലഘട്ടത്തിൽ നടന്നിട്ടില്ല (കോവിഡ് സാഹചര്യം മൂലം ഓഫീസിന്റെ പ്രവർത്തനം ഭാഗികമായതിനാൽ) | Nil |
| 10 | **യൂണിവേഴ്സിറ്റി ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ** | 11 | യൂണിവേഴ്സിറ്റി ആക്റ്റിലോ സ്റ്റാറ്റ്യൂട്ടിലോ പ്രതിപാദിച്ചിട്ടില്ല | യൂണിവേഴ്സിറ്റി ആക്റ്റിലോ സ്റ്റാറ്റ്യൂട്ടിലോ പ്രതിപാദിച്ചിട്ടില്ല | 2020-21 കാലഘട്ടത്തിൽ നടന്നിട്ടില്ല | Nil |
| 11 | **യൂണിവേഴ്സിറ്റി എത്തിക്സ് കമ്മിറ്റി** | 14 | 5 | 4 | 2020-21 കാലഘട്ടത്തിൽ നടന്നിട്ടില്ല (കോവിഡ് സാഹചര്യം മൂലം ഓഫീസിന്റെ പ്രവർത്തനം ഭാഗികമായതിനാൽ) | ഇല്ല |
| 12 | **സ്റ്റുഡന്റ്സ് കൗൺസിൽ** | 21 | ആകെ അംഗങ്ങളുടെ ¼ ഭാഗം | 2 | 03/11/2020<br>online meeting | 15 |

## 1-2 ബജറ്റ്

### Budget- Preparation – Others

**1.2.1 ) ബജറ്റ് തയ്യാറാക്കൽ, പാസ്സാക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് സർവ്വകലാശാല നിയമ വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്**

| | |
|---|---|
| വകുപ്പ് 32 (2) (i) | സർവ്വകലാശാലയുടെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെലവിന്റെ കണക്കുകൾ പുനരവലോകനം ചെയ്യുകയും ഗവേണിംഗ് കൗൺസിലിന് ശുപാർശ നടത്തുകയും ചെയ്യുക (ഫിനാൻസ് കമ്മിറ്റിയുടെ അധികാരങ്ങൾ) |
| വകുപ്പ് 66(1) | അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള സർവ്വകലാശാലയുടെ വാർഷിക ബജറ്റ് എസ്റ്റിമേറ്റുകൾ, ധനവിവരപത്രികയോടൊപ്പം ഫിനാൻസ് ഓഫീസർ വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന തീയതിക്ക് മുമ്പ് തയ്യാറാക്കേണ്ടതും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചശേഷം ആയത് സെനറ്റിൽ ചർച്ചക്ക് ഹാജരാക്കേണ്ടതാണ്. |

| | |
|---|---|
| വകുപ്പ് 23(iv) | സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സർവ്വകലാശാലയുടെ ബജറ്റും ധനപരമായ കണക്കും പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യുക (ഗവേണിംഗ്കൗൺസിലിന്റെ അധികാരങ്ങൾ) |
| വകുപ്പ് 23(xix) | ഫിനാൻസ് കമ്മിറ്റി ശുപാർശ പ്രകാരം ലഭിച്ച ബജറ്റ് എസ്റ്റിമേറ്റ് അതിന്റേതായ ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അവയോടുകൂടി അംഗീകരിക്കുക (ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ) |
| സ്റ്റാറ്റ്യൂട്ട് വകുപ്പ് 248 | ഫിനാൻസ് കമ്മിറ്റി തയ്യാറാക്കിയ വരുമാനത്തിന്റെയും ചെലവിന്റെയും അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് പരിശോധിക്കേണ്ടതും ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അല്ലെങ്കിൽ അനുയോജ്യമെന്ന തോന്നുന്ന മാറ്റങ്ങളോടുകൂടി എല്ലാ വർഷവും ജനവരി ഒന്നാം തിയ്യതിയ്ക്ക് മുൻപ് ഗവേണിംഗ് കൗൺസിൽ അംഗീകരിക്കേണ്ടതാണ്. |

2020-21 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചത് സംബ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച തിയ്യതി | ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച തിയ്യതി |
|---|---|---|
| ബജറ്റ് എസ്റ്റിമേറ്റ് | 47-ാമത് ഫിനാൻസ് കമ്മിറ്റി മീറ്റിംഗ്- 18.12.2019<br>അജണ്ട 47.2 | 58-ാമത് ഗവേണിംഗ് കൗൺസിൽ 23.12.2019<br>അജണ്ട നം. 58.46 |
| പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | 51-ാമത് ഫിനാൻസ് കമ്മിറ്റി മീറ്റിംഗ്- 21.12.2020<br>അജണ്ട 51.2 | 62-ാമത് ഗവേണിംഗ് കൗൺസിൽ 26.12.2020<br>അജണ്ട നം. 62.48 |

**ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു**

| | വരവ് (രൂപ) | | ചെലവ്(രൂപ) | |
|---|---|---|---|---|
| | ബജറ്റ് എസ്റ്റിമേറ്റ് | പരിഷ്കരിച്ച എസ്റ്റിമേറ്റ് | ബജറ്റ് എസ്റ്റിമേറ്റ് | പരിഷ്കരിച്ച എസ്റ്റിമേറ്റ് |
| നോൺ പ്ലാൻ | 88,80,50,420 | 77,75,02,000 | 83,01,68,000 | 59,13,43,476 |

| | | | | |
|---|---|---|---|---|
| പ്ലാൻ | 25,00,00,000 | 12,00,00,000 | 37,85,50,000 | 24,85,50,000 |
| ആകെ | 1,13,80,50,420 | 89,75,02,000 | 1,20,87,18,000 | 83,98,93,476 |

**1.2.2) അക്കൗണ്ടിംഗ് സമ്പ്രദായം ബഡ്ജറ്റ് അംഗീകരിക്കേണ്ട വിധം - റൂൾസ് തയ്യാറാക്കിയിട്ടില്ല**

2010 ലെ സർവ്വകലാശാല നിയമം, വകുപ്പ് 40(2) (xxi) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായവും , ബ തയ്യാറാക്കി അംഗീകരിക്കേണ്ട വിധവും സ്റ്റാറ്റ്യൂട്ടിനാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്. സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് എസ്.ആർ.ഒ.നം.112/19(ജി.ഒ(പി).നം.3/19/ഹെൽത്ത് & ഫാമിലി വെൽഫയർ ഡിപ്പാർട്ട്മെന്റ് ത 06.02.2019) പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആദ്യ സ്റ്റാറ്റ്യൂട്ടിലെ ക്ലോസ് 250 പ്രകാരം ആവശ്യമായ റ ഓർഡേഴ്സും പുറപ്പെടുവിക്കാനുള്ള അധികാരം ഗവേണിംഗ് കൗൺസിലിൽ നിക്ഷിപ്തമാണ്. എന്നാൽ നാളിതുവ സംബന്ധിച്ച റൂൾസ് തയ്യാറാക്കിയിട്ടില്ല.

## 1-3 വാർഷിക ധനകാര്യപത്രിക

Accounts verification- Preliminary verification – Compliance – Submission Date

| **വാർഷിക ധനകാര്യ പത്രിക ഫിനാൻസ് കമ്മിറ്റിഅംഗീകരിച്ച തീയതി** | **വാർഷിക ധനകാര്യ പത്രിക സർവ്വകലാശാല അംഗീകരിച്ച തീയതി** | **വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിച്ച തീയതി** |
|---|---|---|
| 11/08/2021 | 17/08/2021 | 07.09.2021 |

## 1-4 വിവിധ ധനസഹായങ്ങളും വിനിയോഗവും

1. സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയിതര ധനസഹായം

2. സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം

3. യു.ജി.സി ധനസഹായം

4. പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം

5. മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

**1.4.1 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയിതര ധനസഹായം**

Grant utilisation- State non plan grant – Allocation

2020-21 വർഷം പദ്ധതിയിതര ധനസഹായമിനത്തിൽ ലഭിച്ച തുകയുടെ വിശദ വിവരങ്ങൾ.

| **ക്രമ നം.** | **സർക്കാർ ഉത്തരവ് നം./തീയതി** | **തുക** | **ട്രഷറി അക്കൗണ്ടിൽ** | **പ്രത്യേക ഉദ്ദേശം** | **ട്രഷറി** |
|---|---|---|---|---|---|

| | | (ലക്ഷത്തിൽ) | വരവ് വെച്ച തീയതി | | |
|---|---|---|---|---|---|
| 1 | ജി.ഒ(ആർ.ടി) നം. 680/2020/ ആ.കു.വ. തിയ്യതി.31.03.2020 | 110 | 24.04.2020 | നോൺ-പ്ലാൻ-സാലറി | സബ് ട്രഷറി, മെഡിക്കൽ കോളേജ്.പി.ഒ മുളങ്കുന്നത്തുകാവ് |
| 2 | ജി.ഒ(ആർ.ടി) നം. 1504/2020/ ആ.കു.വ. തിയ്യതി.14.08.2020 | 88 | 11.09.2020 | നോൺ-പ്ലാൻ-സാലറി | |
| 3 | ജി.ഒ(ആർ.ടി) നം. 1754/2020 ആ.കു.വ. തിയ്യതി.29.09.2020 | 247.50 | 18.11.2020 | നോൺ-പ്ലാൻ-നോൺ-സാലറി | |

**1.4.2 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം**

**Grant utilisation – state plan grant – Allocation**

2020-21 വർഷം പദ്ധതി ധനസഹായമിനത്തിൽ സർവകലാശാലയ്ക്ക് ലഭിച്ച തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | സർക്കാർ ഉത്തരവ് നം./തീയതി | തുക | ട്രഷറി അക്കൗണ്ടിൽ വരവ് വെച്ച തീയതി | ട്രഷറി | പദ്ധതി/ പ്രത്യേക ഉദ്ദേശം | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|---|---|
| ആഗസ്റ്റ് | ജി.ഒ(ആർ.ടി) നം.1426/2020/ ആ.കു.വ. തിയ്യതി.04.08.2020 | 814.69085 | 30.09. 2020 | സബ് ട്രഷറി, മെഡിക്കൽ കോളേജ്.പി.ഒ മുളങ്കുന്നത്തുകാവ് | സ്കൂൾ ഓഫ് ഹെൽത്ത് പോളിസി & പ്ലാനിംഗ് കെട്ടിട നിർമ്മാണം-ഒന്നാം ഘട്ടം (450 ലക്ഷം) | 2020-21 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ആഡിറ്റോറിയം നിർമ്മാണം (287.71817 ലക്ഷം) | |
| | | | | | | ഫർണീച്ചർ വാങ്ങൽ (4.17308 ലക്ഷം) | |

**<u>1.4.3 യു.ജി.സി ധനസഹായം</u>**

തൻവർഷം യു.ജി.സി ധനസഹായം ലഭിച്ചിട്ടില്ല

**<u>1.4.4 പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം</u>**

ലഭിച്ചിട്ടില്ല

**<u>1.4.5 മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം</u>**

ലഭിച്ചിട്ടില്ല

## 1-5 വിനിയോഗ സാക്ഷ്യപത്രങ്ങൾ

Grant utilisation- State Non plan Grant- Utilisation

തൻവർഷം നല്കിയ വിനിയോഗ സാക്ഷ്യപത്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിംഗ് ഏജൻസിയുടെ ഉത്തരവ് നം./ തീയതി | ലഭിച്ച ധനസഹായം (ലക്ഷത്തിൽ) | വിനിയോഗിച്ച തുക (ലക്ഷത്തിൽ) | ഉദ്ദേശ്യം | വിനിയോഗ സാക്ഷ്യപത്രം നല്കിയ തീയതി | പദ്ധതി/ പ്രത്യേക ഉദ്ദേശം | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|---|---|---|
| 1 | ജി.ഒ (ആർ.ടി) നം. 680/ 2020/ആ.കു.വ തി. 31.03.2020 | 110 | 110 | നോൺ പ്ലാൻ സാലറി | 05.08.2021 | നോൺ പ്ലാൻ സാലറി | 2020-21 |
| 2 | ജി.ഒ (ആർ.ടി) നം.1504/ 2020/ആ.കു.വ തി. 14.08.2020 | 88 | 88 | നോൺ പ്ലാൻ സാലറി | 05.08.2021 | നോൺ പ്ലാൻ സാലറി | 2020-21 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ജി.ഒ (ആർ.ടി) നം. 1754/ 2020/ആ.കു.വ തി.29.09.2020 | 247.50 | 247.50 | നോൺ പ്ലാൻനോൺ സാലറി | 05.08.2021 | നോൺ പ്ലാൻ നോൺ സാലറി | 2020-21 |
| 4 | ജി.ഒ (ആർ.ടി) നം. 1426/ 2020/ആ.കു.വ തി.04.08.2020 | * 741.89,125 | 741.89125 | Grants for the creation of capital Assets | 30.10.2021 | Grants for the creation of capital Assets | 2020-21 |

* സർക്കാർ ഉത്തരവ് പ്രകാരം 8,14,69,085 രൂപ ഗ്രാന്റിനത്തിൽ അനുവദിച്ചുവെങ്കിലും 2020-2021 സാമ്പത്തിക (
72,79,960/- രൂപ സർക്കാർ സർവ്വകലാശാലയിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ട്

## 1-6 തനത് വരുമാനം

**Internal revenue – Internal Income from Fees – Comparison**

മുൻവർഷത്തേക്കാൾ സർവ്വകലാശാലയ്ക്ക് ഈ സാമ്പത്തിക വർഷം തനത് വരുമാനത്തിൽ താഴെ പറയും പ്ര
31 ശതമാനത്തോളം കുറവുണ്ടായതായി കാണുന്നു.

| തനത് വരവിനം | മുൻവർഷം | തൻവർഷം | മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷ വരവ് വ്യത്യാസം (+/-%) |
|---|---|---|---|
| അക്കാദമിക് ഫീസ് | 24,03,23,158 | 13,21,00,626 | -10,82,22,532 (-45.03%) |
| പരീക്ഷാ ഫീസ് | 28,62,88,703 | 15,38,03,039 | -13,24,85,664 (-46.28%) |
| അഫിലിയേഷൻ ഫീസ് | 11,29,80,645 | 10,55,93,748 | -73,86,897 (-6.54%) |
| പലിശ | 13,79,10,162 | 14,75,62,823 | 96,52,661 (+6.99%) |
| മറ്റു വരവുകൾ | 1,17,90,048, | 23,76,717 | -94,13,331 (-79.84%) |

| തനത് വരവിനം | മുൻവർഷം | തൻവർഷം | മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷ വരവ് വ്യത്യാസം (+/-%) |
|---|---|---|---|
| **ആകെ** | 78,92,92,716 | 54,14,36,953 | _ 24,78,55,763 (-31.40%) |

## 1-7 എൻഡോവ്മെന്റുകൾ / ചെയറുകൾ എന്നിവയുടെ വിവരം

**Chairs/Endowments – Endowments – Regular Activities**

| ക്രമ നം. | എൻഡോവ്മെന്റിന്റെ പേര് / ഉദ്ദേശ്യം | ഫിക്സഡ് ഡെപ്പോസിറ്റ് നം./തീയതി | തുക |
|---|---|---|---|
| 1 | ഡോ.ജയറാം പണിക്കർ എൻഡോവ്മെന്റ് | 39241893772/31.3.20 | 3,00,000/- |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

**General Administration – Office management – Audit & Inspection**

| ക്രമ നം. | ഓഡിറ്റ് നടത്തിയ ഏജൻസി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| 1 | അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ്എ) | 01.09.2020 മുതൽ 31.05.2022 വരെ | 04.08.2022 |

## 1-9 പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല

**Pensionary Charges – Permanent -Others**

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ ആക്റ്റ് 2010, സെക്ഷൻ 86 പ്രകാരം, സർവ്വകലാശാല, അ ഉദ്യോഗസ്ഥരുടേയും അദ്ധ്യാപകരുടേയും അതിന്റെ നിയന്ത്രണത്തിലും സേവനത്തിലും ഉള്ള മറ്റ് ജീവനക്കാര ഗുണത്തിനുവേണ്ടി, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഇൻഷ്വറൻസ്, പെൻഷൻ, പ്രോവിഡന്റ് എന്നീ കാര്യങ്ങൾക്കു വേണ്ടിയും അതിന് യുക്തമെന്നു തോന്നുന്ന മറ്റ് ഗുണങ്ങൾക്കു വേണ്ടിയും ഓർഡിനൻസുക നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അനുയോജ്യമായ വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണ് നിഷ്കർഷിക്കുന്നുണ്ട്.

പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിന് സർക്കാർ അനുമതിക്കായി ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പി 06/04/2019, 05/07/2019, 05/10/2019 എന്നീ തീയതികളിലെ 1884/2019/അക്കൗണ്ട്സ് എ2/കേ.ആ.സ കത്തുകൾ അയച്ചിട്ടുണ്ടെങ്കിലും സർക്കാർ അനുമതി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ സർക്കാർ അ ലഭ്യമാക്കി പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല

Accounts verifivation – Preliminary verification – Accounting Principles& policies – Accounts rules not prepared

സ്വയംഭരണ സ്ഥാപനമായ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നാളിതുവരെ അക്കൗണ്ടിംഗ് ച രൂപീകരിച്ചിട്ടില്ല. സർവ്വകലാശാല ഓരോ വർഷവും അക്കൗണ്ടിംഗ് പോളിസി തയ്യാറാക്കി വാർഷിക ക തയ്യാറാക്കുകയാണ് ചെയ്യുന്നത്. 2010-11 മുതൽക്ക് അക്രൂവൽ സമ്പ്രദായത്തിലാണ് വാർഷിക ക തയ്യാറാക്കിയിട്ടുള്ളത്. സർവ്വകലാശാലയിൽ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ - **സ്യൂട്ട്** 2013-14 മുതൽ നി വന്നിട്ടുണ്ട്. നിലവിലെ രീതിയിൽ ദൈനംദിന സാമ്പത്തിക ഇടപാടുകളുടെ രേഖപ്പെടുത്തൽ അപൂർണ്ണ സർവ്വകലാശാലയുടെ അടിസ്ഥാന രജിസ്റ്ററുകൾ, സാമ്പത്തിക ഇടപാടുകളുടെ രേഖപ്പെടുത്തലുകൾ, വാർഷിക ക തയ്യാറാക്കൽ എന്നിവ ഉൾക്കൊള്ളുന്ന വിശദമായ അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാ

## 1-11 പരീക്ഷാ വിഭാഗത്തിലെ കോൺഫിഡൻഷ്യൽ ഇനങ്ങൾ- ഓഡിറ്റിന് ലഭ്യമാക്കാത്തവയുടെ വിവരങ്ങൾ

Examination expenses – confidential – Compliance – Files has not been produced since confidential

**ബോർഡ് ഓഫ് എക്സാമിനേഷൻസ് - 4/6/2020- 26-ാമത് മീറ്റിംഗ്**

**ഗവേണിംഗ് കൗൺസിൽ– 25/7/2020- 60-ാമത് മീറ്റിംഗ്**

**U.O.No.66/2020, Exam 11/08/2020**

ഗവേണിംഗ് കൗൺസിലിന്റെ 25/7/2020 തീയ്യതിയിലെ 60-ാമത് യോഗത്തിൽ (U.O.No.66/2020, Exam 11/8/ പരീക്ഷയെ സംബന്ധിക്കുന്ന താഴെ ചേർക്കുന്ന രേഖകളെ രഹസ്യ സ്വഭാവമുള്ളവയായി പരിഗ തീരുമാനമെടുത്തിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു.

a) The files & registers containing the details of Question Paper setters, Question Paper Scrutinizers, Exar Evaluators

b) The files, registers and minutes of Exam Committees, Pass board

c) The Tabulation Register

d) The remuneration registers in respect of Question Paper setters.

e) The details Processing of Answer books before the conduct of evaluation process

f) The details of despatch of Theory Answer books of PG Courses for Evaluation

g) Details of Thesis Evaluators

h) The details of the security features incorporated in the printed Answer Books, Certificate and Marklists.

i) The mark secured by a candidate both in theory and practical examinations his/her attendance, marks in i exams and such other details are confidential and these information cannot be disclosed to any one other th candidate.

j) The files and registers relating to result processing, retotalling fresh valuation etc. and such other file Registers as may be ordered confidential from time to time. In case of any dispute, the particular item n decided and settled on a case to case basis

k) CCTV recordings of conducts of Theory Examinations at affiliated colleges

l) M&LEC Minutes and related registers.

രഹസ്യസ്വഭാവമുള്ള രേഖകളായതിനാൽ പ്രസ്തുത രേഖകളെ അടിസ്ഥാനമാക്കിയുള്ള വിഷയങ്ങളെ സംബ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ഓഡിറ്റിന് നിർവ്വാഹമില്ല. ആയതിനാൽ അ വിഷയങ്ങളിൽ സർവ്വകലാശാല സ്വീകരിക്കുന്ന നടപടികളിൽ ഓഡിറ്റ് വിഭാഗത്തിന് യാ ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല .

## 1-12 ആസ്തി രജിസ്റ്റർ ശരിയായി പരിപാലിച്ചിട്ടില്ല

Maintenance of registers-Asset Register-Maintenance / updated

സർവ്വകലാശാലയുടെ കൈവശമുള്ള ഭൂമിയുടേയും സൃഷ്ടിക്കപ്പെട്ട മറ്റ് ആസ്തികളായ കെട്ടിടങ്ങൾ, വാഹന റോഡുകൾ, മെഷീനറികൾ, കുളങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവയെല്ലാം രേഖപ്പെടുത്തുന്ന രജിസ്റ്ററായ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. സർവ്വകലാശാലയിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. ഇതിൽതന്നെ നിർമ്മിച്ച വർഷം, വിസ്തൃതി ഉടങ്ങിയ വിവരങ്ങൾ ചേർത്തിട്ടി വാഹനങ്ങൾ, റോഡുകൾ, മെഷീനറികൾ, കുളങ്ങൾ എന്നിവയൊന്നും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സ്ഥാപനത്തിന്റെ എല്ലാവിധ ആസ്തികളും അതിന്റെ ആകെ വിസ്തീർണ്ണം, നിർമ്മിച്ച/വാങ്ങിയ വർഷം, ത വാഹനങ്ങളുടെ നംമ്പർ, പേര് എന്നിവയെല്ലാം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ട സർവ്വകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 2019-ലെ ക്ലോസ് 502- പ്രകാരം അസറ്റ്സ് രജിസ്റ്റർ പരിപാലിക്കുന്ന ഉത്തരവാദിത്തം ഫിനാൻസ് ഓഫീസറിൽ നിക്ഷിപ്തമാണ്.

## 1-13 വൈദ്യശാസ്ത്ര ഗവേഷണം - ലഭ്യമായ ഫണ്ട് വിനിയോഗിച്ചിട്ടില്ല

Objects and functions of the university-Objects-Promoting medical research

സർവ്വകലാശാലയുടെ 2020-21 വർഷത്തെ വാർഷിക കണക്ക് പ്രകാരം ഇയർ മാർക്ഡ് ഫണ്ട് ഇന 55,00,00,000 രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.

| വർഷം | വാർഷിക കണക്ക് പ്രകാരം വരവ് രൂപ | ആവശ്യം |
|---|---|---|
| 2013-14 | 5,00,00,000 | ഗവേഷണം |
| 2013-14 | 30,00,00,000 | സ്കൂളുകളുടേയും സെന്ററുകളുടേയും വികസനം |
| 2014-15 | 20,00,00,000 | ,, |
| 2020-21ലെ നീക്കിയിരിപ്പ് | **55,00,00,000** | |

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമ പ്രകാരം സർവ്വകലാശാലയുടെ ആദ്യത്തേതും നിർബന്ധിത ലക്ഷ്യം വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും വൈദ്യശാസ്ത്ര വിവിധ മേഖലകളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും അഭിവൃദ്ധിപ്പെടുത്തു വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ 2013-14, 2014-15 വർഷങ്ങളിൽ ഗവേഷണത്ത് സർവ്വകലാശാലയ്ക്ക് ലഭ്യമായ ഫണ്ട് നാളിതുവരെ വിനിയോഗിച്ചിട്ടില്ല. പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടതും വൈദ്യശാസ്ത്ര ഗവേഷണം ആരംഭിക്കുന്നതിനുള്ള നടപ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാർഷിക കണക്ക് - അപാകതകൾ

Accounts verification -General

സർവ്വകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കാ അപാകതകൾ ചുവടെ ചേർക്കുന്നു.

**എ) വാർഷിക കണക്കിനോടൊപ്പം ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രികകൾ ലഭ്യമാക്കിയിട്ടില്ല**

സ.ഉ.(കൈ)നം.79/2017/ധന. തീയതി 14.2.2017 ഉത്തരവിൽ 'കേരളത്തിലെ എല്ലാ സർവ്വകലാശാലക വാർഷിക കണക്കുകൾ AIMS ലൂടെ ഓഡിറ്റിനു സമർപ്പിക്കുന്നതോടൊപ്പം 1994 ലെ കേരള ലോക്കൽ ഫണ്ട് നിയമം, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം എന്നിവ അനുശാസിക്കുന്ന പ്രകാരവും കെ.എഫ്.സി. 1, ആർട്ടിക്കിൾ 209, 210 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും വാർഷിക ധനകാര്യ പത്രിക ഫോർമാറ്റിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ച (സി) പ്രകാരം സർവ്വകലാശാല ഓഡിറ്റിന് സമർപ്പിക്കേണ്ട വാർഷിക കണക്കുകളിൽ താഴെ പറയുന്ന സ്റ്റേറ്റ്മെ ഉൾപ്പെടുത്തേണ്ടതാണ്.

1) A Demand Collection Balance statement of examination fee collected by the controller

2) A Demand Collection Balance statement of university Union Fee and sports affiliation fee to be collected principals of affiliated colleges and remitted to university fund.

എന്നാൽ വാർഷിക കണക്കിനോടൊപ്പം ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രികകൾ ലഭ്യമാക്കിയിട്ടില്ല.

വാർഷിക കണക്കിലെ വരവിനങ്ങളായ അക്കാദമിക് ഇൻകം, എക്സാമിനേഷൻ ഇൻകം, അഫിലിയേഷ Income from Constituent Institution, Other Income, Debt head വരവുകൾ തുടങ്ങി എല്ലാ വരവിനങ്ങ രജിസ്റ്ററുകളിൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ഡിമാന്റ് തുക, രസീപ്റ്റ് & പേയ്മെന്റ് പ്രകാരമുള്ള കളക്ഷൻ തുക, ബാലൻസ് ഷീറ്റ് പ്രകാരമുള്ള ലഭിക്കാനുള്ള തുക എന്നിവയുടെ സംക്ഷിപ്തം രജി രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

**ബി)ബാങ്ക് അക്കൗണ്ടുകൾ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല**

1) വാർഷിക ധനകാര്യ പത്രിക പ്രകാരം എസ്.ബി.ഐ ജനറൽ ഫണ്ട് പാർക്കിംഗ് അക്കൗണ്ട് (അ 33547893871) നീക്കിയിരിപ്പ് 1,00,000/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 165201.50 ( ആണ്. വ്യത്യാസം ക്രമീകരിക്കുന്നതിന് റിക്കൺസിലിയേഷൻ നടത്തി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

2) വാർഷിക ധനകാര്യപത്രിക പ്രകാരം സ്റ്റുഡന്റ് വെൽഫെയർ ഫണ്ട് അക്കൗണ്ട് (അക്കൗണ്ട് നം. 3178654; എസ് ബി ഐ) നീക്കിയിരിപ്പ് 174/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 202/- രൂപയു വ്യത്യാസം ക്രമീകരിക്കുന്നതിന് റിക്കൺസിലിയേഷൻ നടത്തി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

3) വാർഷിക ധനകാര്യപത്രിക പ്രകാരം സാലറി ഡിഫെർമെന്റ് അക്കൗണ്ട് (ട്രഷറി അക്കൗണ്ട്) നീക്കി 1,13,90,941/- രൂപയാണ്. ഈ അക്കൗണ്ടുമായി ബന്ധപ്പെട്ട് ക്യാഷ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലി സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

**സി) ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ - അപാകതകൾ**

1) എസ്.ബി.ഐ ജനറൽ ഫണ്ട് അക്കൗണ്ട് (A/c no. 31547327832) ബാങ്ക് റീകൺസിലിയേഷൻ സ്റ്റേ പ്രകാരം cheque issued but not presented എന്ന ഇനത്തിൽ പണമാക്കി മാറ്റാതെ മൂന്ന് മാസത്തിൽ അധി ചെക്കുകൾ ഉള്ളതായി കാണുന്നു. ആയത് liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റി വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് ശീർഷകം | തിയതി | ചെക്ക്/ ഡിഡി നംപർ | തുക |
|---|---|---|---|
| എസ്.ബി.ഐ ജനറൽ ഫണ്ട് അക്കൗണ്ട് (A/C 31547327832) | 10.11.2020 | 474178 | 15935 |

2) എസ്.ബി.ഐ എക്സാമിനേഷൻ ഫീ അക്കൗണ്ട് (A/C 31768842875) ബാങ്ക് റികൺസിലിയേഷൻ സ്റ്റേ പ്രകാരം Credited by bank but not accounted by us എന്ന ഇനത്തിൽ ഒരു വർഷത്തിൽ അധികമായ ചെ ഉള്ളതായി കാണുന്നു. (മുൻ വർഷത്തെ വാർഷികകണക്കിലും താഴെപറയുന്ന തുകകൾ ഉണ്ട്) ടി തുക നാളി അക്കൗണ്ട് ചെയ്യപ്പെടാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് ശീർഷകം | തിയതി | ചെക്ക്/ ഡിഡി നംപർ | തുക |
|---|---|---|---|
| എസ്.ബി.ഐ എക്സാമിനേഷൻ ഫീ അക്കൗണ്ട് (A/C 31768842875) | 23.05.2019 | 237064 | 5985 |
| എസ്.ബി.ഐ എക്സാമിനേഷൻ ഫീ അക്കൗണ്ട് (A/C 31768842875) | 31.10.2019 | 553879 | 1050 |

3) താഴെപ്പറയുന്ന ബാങ്ക്അക്കൗണ്ടുകളുടെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ DD/Cheque presented i but not cleared എന്ന ശീർഷകത്തിൽ ചെക്കുകൾ വർഷങ്ങളായി യൂണിവേഴ്സിറ്റിയുടെ അക്കൗണ്ടിൽ വെയ്ക്കപ്പെടാതെ ശേഷിക്കുന്നു.

| ബാങ്ക് ശീർഷകം | തിയതി | ചെക്ക്/ ഡിഡി നംപർ | തുക |
|---|---|---|---|
| എസ്.ബി.ഐ ജനറൽ ഫണ്ട് അക്കൗണ്ട് (A/C | 14.10.2011 | 197654 | 200 |

| | | | |
|---|---|---|---|
| 31547327832) | | | |
| “ | 14.10.2011 | 197653 | 200 |
| “ | 15.11.2012 | ജിഷ ജോൺസൻ | 1000 |
| “ | 22.02.2013 | 718123 | 200 |
| “ | 11.06.2013 | 288304 | 500 |
| “ | 22.07.2013 | 226322 | 10 |
| “ | 17.02.2014 | 217302 | 500 |
| “ | 12.06.2014 | 840974 | 500 |
| “ | 17.09.2014 | 872304 | 500 |
| “ | 4.10.2014 | 532452 | 500 |
| “ | 10.10.2014 | 538971 | 500 |
| “ | 14.10.2014 | 204753 | 500 |
| “ | 27.10.2014 | 341379 | 500 |
| “ | 5.11.2014 | 241780 | 500 |
| “ | 13.07.2015 | 212050 | 150 |
| “ | 26.02.2016 | - | 50 |
| “ | 3.10.2016 | 239267 | 1000 |
| “ | 27.10.2017 | 177667 | 30000 |
| “ | 27.11.2018 | 186922 | 500 |
| “ | 18.12.2018 | 600854 | 1000 |
| “ | 24.05.2019 | 823602 | 1050 |
| “ | 19.07.2019 | 357765 | 500 |
| “ | 7.09.2019 | 110496 | 1050 |
| “ | 16.12.2019 | 53176 | 500 |
| എസ്.ബി.ഐ students registration ഫണ്ട് അക്കൗണ്ട് (A/C 31340212316) | 23.03.2013 | 733931 | 200 |
| “ | 3.02.2014 | 998214 | 200 |
| “ | 13.02.2014 | 254930 | 1000 |
| “ | 1.09.2014 | 702649 | 200 |
| “ | 26.11.2014 | 257822 | 1000 |
| “ | 2.02.2016 | 939148 | 500 |

| | | | |
|---|---|---|---|
| “ | 6.09.2016 | 348048 | 500 |
| “ | 8.12.2016 | 964350 | 1000 |
| “ | 18.03.2017 | 2856653 | 2000 |
| “ | 22.07.2017 | 413269 | 200 |
| “ | 17.08.2017 | 250880 | 500 |
| “ | 21.10.2017 | 970757 | 200 |
| “ | 10.11.2017 | 362287 | 1000 |
| “ | 11.04.2018 | 838733 | 1000 |
| “ | 10.04.2019 | 769067 | 1000 |
| “ | 16.04.2019 | 542418 | 1000 |
| “ | 17.04.2019 | 269515 | 1000 |
| “ | 17.04.2019 | 624366 | 1000 |
| “ | 9.05.2019 | 1816 | 1000 |
| “ | 23.09.2019 | 375743 | 1000 |
| “ | 24.10.2019 | 456293 | 200 |
| എസ്.ബി.ഐ എക്സാമിനേഷൻ ഫീ അക്കൗണ്ട് (A/C 31768842875) | 19.01.2012 | 936231 | 400 |
| “ | 23.09.2013 | 265418 | 46800 |
| “ | 13.01.2014 | 325359 | 1000 |
| “ | 26.03.2015 | 162498 | 400 |
| “ | 9.06.2015 | 990428 | 6420 |
| “ | 8.10.2015 | 707978 | 400 |
| “ | 8.10.2015 | 9641 | 1000 |
| “ | 26.10.2015 | 584 | 5260 |
| “ | 28.10.2015 | 772760 | 2760 |
| “ | 29.03.2016 | 418677 | 820 |
| “ | 20.06.2016 | 557461 | 22500 |
| “ | 23.06.2016 | 544046 | 7080 |
| “ | 11.07.2016 | 104758 | 200 |
| “ | 31.08.2016 | 899536 | 28180 |
| “ | 20.09.2016 | 321478 | 300 |
| “ | 26.10.2016 | 854460 | 1900 |

| | | | |
|---|---|---|---|
| " | 8.12.2016 | 639713 | 400 |
| " | 15.03.2017 | 60172 | 300 |
| " | 17.04.2017 | 237362 | 200 |
| " | 11.09.2017 | 929113 | 12260 |
| " | 19.09.2017 | 929106 | 1380 |
| " | 19.09.2017 | 929104 | 2960 |
| " | 1.11.2017 | 823081 | 300 |
| " | 12.12.2017 | 64770 | 5060 |
| " | 12.12.2017 | 64771 | 13920 |
| " | 18.12.2017 | 21766 | 3000 |
| " | 28.12.2017 | 478383 | 2000 |
| " | 25.01.2018 | 340352 | 500 |
| " | 17.02.2018 | 786389 | 24440 |
| " | 6.03.2018 | 7826 | 1400 |
| " | 6.04.2018 | 789620 | 1050 |
| " | 26.04.2018 | 521703 | 1000 |
| " | 19.06.2018 | VNO29890 | 1829 |
| " | 23.07.2018 | 299256 | 2490 |
| " | 26.07.2018 | 361241 | 2000 |
| " | 7.08.2018 | 202188 | 1180 |
| " | 12.10.2018 | 186194 | 42845 |
| " | 16.10.2018 | 341879 | 1680 |
| " | 17.10.2018 | 847788 | 42055 |
| " | 16.11.2018 | 332460 | 420 |
| " | 14.12.2018 | 645233 | 840 |
| " | 19.12.2018 | 91861 | 3150 |
| " | 4.01.2019 | 738840 | 1050 |
| " | 20.04.2019 | 343385 | 3735 |
| " | 18.05.2019 | 236945 | 5985 |
| " | 22.05.2019 | 167636 | 590 |
| " | 29.07.2019 | 930489 | 525 |
| " | 24.08.2019 | 552996 | 1050 |
| " | 20.09.2019 | 124029 | 15690 |

| | | | |
|---|---|---|---|
| " | 26.09.2019 | 624537 | 57970 |
| " | 28.09.2019 | 277 | 25605 |
| " | 28.09.2019 | 278 | 19995 |
| " | 28.09.2019 | 281 | 3350 |
| " | 28.09.2019 | 276 | 3350 |
| " | 27.10.2019 | 712110 | 590 |
| " | 29.10.2019 | 110524 | 1050 |

മേൽ തുകകൾ അക്കൗണ്ടിൽ വരവ് വരാത്തതിന് ബാങ്കുമായി ബന്ധപ്പെട്ട് കാരണം കണ്ടെത്തേണ്ടതും അക്കൗണ്ടിൽ വരവ് വെച്ച് വിശദാംശങ്ങൾ ഹാജരാക്കേണ്ടതുമാണ്.

**ഡി) വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ**

1) **CE's parking A/C** no. 33709421465, Exam Finance parking A/c no. 32212622786 എന്നീ അക്കൗണ്ടുകളിൽ സ്റ്റേറ്റ്മെന്റ് പ്രകാരം യഥാക്രമം 2121.50, 50547.50 എന്നിങ്ങനെ ബാലൻസ് ഉണ്ട്. എന്നാൽ ഈ അക്കൗ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2) **NSS ഗ്രാന്റ്** - എൻ.എസ്.എസ് ഗ്രാന്റുമായി ബന്ധപ്പെട്ട വരവ് ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ 2020-21 വർഷം NSS ഗ്രാന്റ് ആയി കാഷ് ബുക്ക്/പാസ്ബുക്ക് (അക്കൗണ്ട് നം.33725005252) പ്ര സർവ്വകലാശാലയ്ക്ക് 518400/-രൂപ ലഭിച്ചിട്ടുണ്ട്. ഇതേ വർഷം വിവിധ കോളേജുകൾക്ക് 439381/-രൂപ വിത ചെയ്തതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, സംസ്ഥാന NSS വർഷാവർഷം അനുവദിക്കുന്ന ഗ്രാന്റ് തുക സർവ്വകലാശാല NSS സെല്ലിന് നേരിട്ടാണ് അനുവദിക്കുന്ന ആയതിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാന NSS സെല്ലിന് സമർപ്പിച്ചു വരുന്നതുമാണ് എന്നും NSS തുകയുടെ വരവും ചെലവും സർവ്വകലാശാല അക്കൗണ്ടിലൂടെയല്ലാത്തതിനാലാണ് അവ വാർഷിക കണ ഉൾപ്പെടുത്താത്തത് എന്നുമാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ളത്.

സർവ്വകലാശാല NSS സെൽ എന്നത് സർവ്വകലാശാലയുടെ ഒരു ഭാഗം ആയതിനാൽ സർവ്വകലാശലയ്ക്ക് ലഭി എല്ലാ തുകകളും സർവ്വകലാശാല അക്കൗണ്ടിലൂടെ തന്നെ കൈകാര്യം ചെയ്യേണ്ടതും വാർഷിക കണ ഉൾപ്പെടുത്തേണ്ടതുമാണ്. NSS ഗ്രാന്റ് ആയി ലഭിക്കുന്നതും ചെലവഴിക്കുന്നതുമായ തുകകൾ വാർഷിക കണ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഇ) ഇംപ്രസ്റ്റ് അക്കൗണ്ടുകൾ**

വാർഷിക കണക്കിൽ ഷെഡ്യൂൾ 9 പ്രകാരം വിവിധ ഇംപ്രസ്റ്റ് അക്കൗണ്ടുകളിലെ 31-03-2021 ലെ നീക്കി തുകയും ഇംപ്രസ്റ്റ് രജിസ്റ്ററുകളിലെ 31-03-2021 ലെ നീക്കിയിരിപ്പു തുകയും തമ്മിൽ വ്യത്യാസം കാണുന്നു.

| ഇനം | വാർഷികകണക്ക് ഷെഡ്യൂൾ 9 പ്രകാരം 31-03-2021 ലെ നീക്കിയിരിപ്പ് | ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരം 31-03-2021 ലെ നീക്കിയിരിപ്പ് |
|---|---|---|
| ഫ്യുവൽ | 10000 | 14400 |
| വർക്സ് | 10000 | 3670 |
| പർച്ചേസ് | 10000 | 780 |
| SFRA | 10000 | 3706 |

വാർഷികകണക്ക് ഷെഡ്യൂൾ 9 പ്രകാരം ഫിനാൻസ്, സി.ഇ.ഫിനാൻസ്, SHPP എന്നിവയിലെ 31-03-20 നീക്കിയിരിപ്പ് തുക യഥാക്രമം 10100/- ,10000/-, 10000/- ആണ്.എന്നാൽ ഇവയുടെ ഇംപ്രസ്റ്റ് രജിസ്റ്റ ലഭ്യമായിട്ടില്ല.

ഇംപ്രസ്റ്റ് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ കാലികമാക്കി രജിസ്റ്ററുകളിലെ നീക്കിയിരിപ്പും വാർഷിക കണ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതാണ്.

**എഫ്) Current Liabilities and Provisions – രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല**

വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം Current Liabilities and Provisions എ 32,19,21,595/-രൂപ liability ആയി കാണുന്നു. ഇവ പരിശോധിക്കുന്നതിനായി താഴെ പറയുന്ന രജിസ്റ്ററുകൾ/രേ ഹാജരാക്കിയിട്ടില്ല.

| ക്രമനം | രജിസ്റ്ററുകൾ |
|---|---|
| 1 | Retention money from contractors |
| 2 | Caution deposit from Contractors |
| 3 | Deposits- Others |
| 4 | Earnest Money Deposit |
| 5 | Security Deposit |
| 6 | TDS from evaluators |
| 7 | TDS from Contractors |
| 8 | TDS from Professional Charges |
| 9 | TDS-GST |
| 10 | Other recoveries |
| 11 | KCWWF Cess recovery |
| 12 | Rent Payable-Residence |
| 13 | GST Payable. |
| 14 | Stale Cheque Account |

വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കുന്നതിന് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖ ആധികാരികമാക്കി ഹാജരാക്കേണ്ടതാണ്.

**ജി) മുൻകൂറുകളുടെ രേഖപ്പെടുത്തൽ കൃത്യമല്ല**

വാർഷിക കണക്കിന്റെ ഷെഡ്യൂൾ 9 പ്രകാരം 31.03.2021 ന് താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിക്കാനുള്ള കാണുന്നു.

| | ഇനം | തുക |
|---|---|---|
| 1 | ഡീൻ റിസർച്ച് | 241848 /- |
| 2 | ഡീൻ സ്റ്റുഡന്റ് അഫയേഴ്സ് | 1855462/- |
| 3 | യൂണിവേഴ്സിറ്റി എഞ്ചിനീയർ | 150/- |

| | | |
|---|---|---|
| 4 | മറ്റ് സ്റ്റാഫ് | 241332/- |
| 5 | Purchase of Computer | 934849/- |
| 6 | SHPP | 30000/- |
| 7 | Conduct of Exam- ആയുർവ്വേദ | 748015/- |
| 8 | Conduct of Exam- ഡെന്റൽ | 2501934/- |
| 9 | Conduct of Exam- ഹോമിയോ | 222089/- |
| 10 | Conduct of Exam-മെഡിക്കൽ | 6376466/- |
| 11 | Conduct of Exam-നഴ്സിംഗ് | 1423379/- |
| 12 | Conduct of Exam- പാരാമെഡിക്കൽ | 58460/- |
| 13 | Conduct of Exam- ഫാർമസി | 4927568/- |
| 14 | Conduct of Exam- സിദ്ധ | 47850/- |
| 15 | വാല്യുവേഷൻ ക്യാമ്പ് | 236000 /- |

മുൻകൂറുകൾ സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കുന്നത് സംബന്ധിച്ച് 28-12-2021 ൽ ഓഡിറ്റ് എൻക്വയറി നം.1/ 21 നൽകിയിട്ടും മേൽപ്പറഞ്ഞ തുകകളുടെ കൃത്യത ഉറപ്പാക്കുന്ന വിധത്തിൽ മുൻകൂർ രജിസ്റ്ററുകളിൽ നാളിതുവ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ രജിസ്റ്ററുകളിൽ മുൻവർഷ ക്രമീകരിക്കാത്ത മുൻകൂറുകൾ എടുത്തെഴുതുക, തൻവർഷം നൽകിയ തുകകൾ ചേർക്കുക ഇപ്രകാരം ആകെ ന മുൻകൂർ തുക, തൻവർഷം ആകെ ക്രമീകരിച്ച തുക, ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക എന്ന രീ രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി രജിസ് പരിപാലിക്കേണ്ടതാണ്. ഇപ്രകാരം രജിസ്റ്ററുകൾ തയ്യാറാക്കി കണക്കുകൾ കൃത്യമാക്കിയതിന് ശേഷമാണ് വാ കണക്കുകൾ തയ്യാറാക്കേണ്ടത് എന്നിരിക്കെ ഇപ്രകാരം കണക്കുകളിൽ കൃത്യത വരുത്താതെ വാർഷിക കണ തയ്യാറാക്കുന്നതുമൂലം മുൻവർഷങ്ങളിൽ ക്രമീകരിക്കാൻ ബാക്കിയുള്ള അതേ തുക തന്നെ തൻവർഷവും വാ കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഉദാ:-

| | |
|---|---|
| ഡീൻ റിസർച്ച് | 241848/- |
| യൂണിവേഴ്സിറ്റി എഞ്ചിനീയർ | 150/- |
| Conduct of Exam- സിദ്ധ | 47850/- |

സാമ്പത്തിക വർഷം അവസാനിച്ച് നിശ്ചിത സമയത്തിനുള്ളിൽ എല്ലാ രജിസ്റ്ററുകളും കണക്കുകളും കൃത്യമാക്കി ശേഷം വാർഷിക കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും മു

ചേർത്തിരിക്കുന്ന മുൻക്കുറുകൾ ക്രമീകരിച്ച് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻ നമ്പർ.1/2020-21/28.12.2021, 29/2020-21/19.03.2022, 41/2020-21/19.05.22, 42/28-05-2022). അപാക പരിഹരിക്കേണ്ടതും രേഖകൾ സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 2-2 വാർഷികകണക്കുകളിൽ രേഖപ്പെടുത്തുന്ന വരവിനങ്ങളുടെ കൃത്യത - രജിസ്റ്ററും വാർഷ കണക്കുകളും പൊരുത്തപ്പെടുന്നില്ല

**Accounts verification (General) – Register-Non Maintanance**

സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന വരവുകളുടെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്നുള്ള വിവര കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച 2011-12 സാമ്പത്തിക വർഷം ഒഴികെയുള്ള ഓഡിറ്റ് റിപ്പോർട്ടു പരാമർശിച്ചിട്ടും നിലവിലും ഇത്തരത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ പരിപാലിക്കുന്നത നടപടികൾ സർവ്വകലാശാല നാളിതുവരെ സ്വീകരിച്ചിട്ടില്ല. വാർഷിക കണക്കുകൾ, ഓഡിറ്റിൽ ഹാജരാ ഡിസിബി രജിസ്റ്ററുകൾ (ഡിസിബി രജിസ്റ്ററുകൾ എന്ന പറയുന്നവെങ്കിലും ഡിസിബി തയ്യാറാക്കിയ ഡി.സി.ബി പത്രികകൾ എന്നിവ പരിശോധിച്ചതിൽ വാർഷികകണക്കുകളിൽ രേഖപ്പെടുത്തിയ തു കൃത്യതയുള്ളതാണെന്ന് ഉറപ്പാക്കുന്നതിന് മേൽപ്പറഞ്ഞവ അപര്യാപ്തമാണെന്ന കാണുന്നു. ഡിമാന്റ്, കള ബാലൻസ് എന്നിവ പരിശോധിച്ചതിൽ കണ്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) തൻവർഷത്തെ ഡിമാന്റ് തുകയല്ല ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലുൾപ്പെടുത്തിയിരിക്കുന്നത്.

2)<u>വാർഷികകണക്കിൽ ഉൾപ്പെടുത്തിയ കണക്കുകളിൽ വ്യക്തതയില്ല</u>

2018-19 സാമ്പത്തികവർഷം മുതൽക്കാണ് വരവിനങ്ങളുടെ കുടിശ്ശിക കണക്ക് വാർഷിക കണ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 വാർഷിക കണക്കിലെ Accounting Policies (ഷെഡ്യൂൾ 6) പ്രകാരം 2 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശിക തുക, ഫീസ് കുടിശ്ശികയായി (Fee receivables) വാർഷിക കണ ഉൾപ്പെടുത്തിയിട്ടില്ല.

2018-19 മുതലുള്ള വാർഷിക കണക്കുകളിൽ, ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥത്തിൽ ലഭിച്ച ഫീസ് ക തുകയായും, സർവ്വകലാശാലയിലെ അതത് വിഭാഗങ്ങളിൽ നിന്ന് നല്കുന്ന വിവരങ്ങളുടെ അടിസ്ഥാന ലഭിക്കേണ്ടതായ തുക കുടിശ്ശികയായും വാർഷിക കണക്കിൽ ചേർത്തുവരുന്നു. 2018-19 ,2019-20, 2 വർഷങ്ങളിലെ കണക്ക് താഴെ ചേർക്കുന്നു.

<table>
<tr><th colspan="5">2018-19</th></tr>
<tr><th>ഇനം</th><th>ഡിമാന്റ്</th><th>കളക്ഷൻ</th><th>കുടിശ്ശിക തുക</th><th>വാർഷിക കണക്ക് പ്രകാരം Total<br>Fee receivable</th></tr>
<tr><td>അഫിലിയേഷൻ തുടർച്ചാനുമതി ഫീസ്</td><td>5,32,67,000</td><td>4,90,67,500</td><td>41,99,500</td><td rowspan="2">53,06,145</td></tr>
<tr><td>പരീക്ഷാ ഫീസ്</td><td>24,42,09,896</td><td>24,31,03,251</td><td>11,06,645</td></tr>
</table>

| | | | | |
|---|---|---|---|---|
| സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഫീസ് | 2,09,17,000 | 2,09,17,000 | ---- | -------------- |
| സ്റ്റുഡന്റ്സ് സ്പോർട്സ് ഫീസ് | 54,69,760 | 54,69,760 | ---- | -------------- |
| യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് | 55,24,250 | 55,24,250 | ---- | ---------------- |
| **2019-20** | | | | |
| ഇനം | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക തുക | വാർഷിക കണക്ക് പ്രകാരം Total<br><br>Fee receivable |
| അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് | 5,38,17,600 | 4,74,01,000 | 70,15,100 | **1,19,80,754** |
| പരീക്ഷാ ഫീസ് | 26,59,55,115 | 26,39,45,316 | 22,20,454 | |
| സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഫീസ് | 2,49,29,140 | 2,41,22,790 | 8,06,350 | |
| യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് | 65,65,810 | 64,05,410 | 1,60,400 | |
| സ്റ്റുഡന്റ്സ് സ്പോർട്സ് ഫീസ് | 63,31,760 | 61,71,360 | 1,60,400 | |
| സിനോപ്സിസ്/ തീസിസ് ഫീസ് | 46,12,652 | 31,19,652 | 14,93,000 | |
| സ്റ്റുഡന്റ്സ് ഐഡന്റിറ്റി കാർഡ് ഫീ | 14,80,711 | 14,60,661 | 20,050 | |
| പുതിയ കോഴ്സിനുള്ള അപേക്ഷാ ഫീസ് | 1,64,64,900 | 1,63,91,400 | 73,500 | |

| | | | | |
|---|---|---|---|---|
| പുതിയ കോഴ്സിനുള്ള അഫിലിയേഷൻ ഫീസ് | 3,40,40,600 | 3,40,09,100 | 31500 | |
| **2020-21** | | | | |
| ഇനം | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക തുക | വാർഷിക കണക്ക് പ്രകാരം Total<br>Fee receivable |
| അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് | 5,36,06,382 | 5,60,55,682 | 23,84,400 | **12,26,73,156** |
| പരീക്ഷാ ഫീസ് | 14,44,90,430 | 13,91,44,203 | 76,09,526 | |
| സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഫീസ് | 3,20,09,645 | 1,30,83,055 | 1,93,54,390 | |
| സ്റ്റുഡന്റ്സ് യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് | 29,59,570 | 30,43,570 | --- | |
| സ്റ്റുഡന്റ്സ് സ്പോർട്സ് ഫീസ് | 29,59,570 | 30,43,570 | --- | |
| ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | 18,62,50,040 | 9,29,70,800 | 9,32,79,240 | |
| സീറ്റ് വർദ്ധനവിനുള്ള അപേക്ഷാ ഫീസ് | 1,83,68,604 | 1,83,23,004 | 45,600 | |
| അപേക്ഷാ ഫീസ് മുൻകൂറായി ലഭിച്ചത് | - | - | 44300 | |

വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക തുകയായി സർവ്വകലാശാലയിലെ അതത് വിഭാ( നല്കുന്ന കണക്ക് പ്രത്യേകം ചേർക്കുകയാണ് ചെയ്യുന്നത്. വാർഷിക കണക്കിൽ കുടിശ്ശിക ഡിമാന്റ്, കു( കളക്ഷൻ, കുടിശ്ശികയിനത്തിൽ ബാക്കി ഈടാക്കാനുള്ള തുക എന്നിവ പ്രത്യേകമായി രേഖപ്പെടുത്തുന്നില്ല. ഇ

കുടിശ്ശികയിനത്തിൽ ഈടാക്കാനുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകളോ, രജിസ്റ്റ ലഭ്യമാക്കിയിട്ടുമില്ല. രേഖകൾ തയ്യാറാക്കി ഉത്തരവാദപ്പെട്ടവർ ആധികാരികമാക്കി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാ

## 2-3 വരവിനങ്ങളുടെ പരിശോധന – രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല

Accounts verification (General) – Register- Not Reliable for audit

സർവ്വകലാശാലയ്ക്ക് വിവിധ ഇനങ്ങളിലായി ലഭിക്കേണ്ട തുകകൾ (Demand) അതിൽ പിരിഞ്ഞുകി (collection) ലഭിക്കാൻ അവശേഷിക്കുന്ന തുക (Balance) എന്നിവയുടെ പ്രതിമാസ കണക്കും, പ്രതിവർഷ ക എഴുതി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്.
കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഒന്നാം സ്റ്റാറ്റ്യൂട്ട് 2019, ചാപ്റ്റർ II, ഖണ്ഡിക 55 (iv), (vi ) പ്ര വിവിധയിനത്തിലുള്ള വരവുകൾ യഥാസമയം ലഭ്യമാകുന്നു എന്നു ഉറപ്പുവരുത്തുന്നതിന്റെയും, വാർഷിക കണ തയ്യാറാക്കുന്നതിന്റെയും ഉത്തരവാദിത്തം സർവ്വകലാശാല ധനകാര്യ വിഭാഗത്തിനാണ്.

2020-21 വാർഷിക കണക്ക്, സർവ്വകലാശാലയുടെ അക്കൗണ്ടിംഗ് പോളിസി നം.1, Financial Statement prepared on Historical cost convention and on accrual basis unless otherwise stated പ്രകാരമാണ ഫീസിനങ്ങളിൽ നിന്നുള്ള വരുമാനം ക്രമ നം. 6 പ്രകാരം "Income accrued but not received during the yea fee are accounted on accrual basis, based on the fee actually received as per cash book and fee rece based on the information furnished by the respective branches"എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എ സർവ്വകലാശാലയുടെ വിവിധ സെക്ഷനുകളിൽ നിന്നും വരവിനങ്ങളുടെ ഡിസിബി രജിസ്റ്റർ ഹാജരാക പരിശോധിച്ചതിൽ ഒരു രജിസ്റ്ററിലും ശരിയായ രീതിയിൽ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. രജിസ്റ്റ രേഖപ്പെടുത്തലുകൾക്ക് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | രജിസ്റ്റർ | രേഖപ്പെടുത്തൽ |
|---|---|---|
| 1 | Medical PG DCB Register | Genuineness verification fee, Theory centre change, shortage of internal examiners, Tatkal for PC, Provisional certificate, Orginal marklist എന്നീ ഇനങ്ങളിലെ വരവ് എല്ലാം ഇടകലർത്തി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ഇനത്തിലും ഈ സെക്ഷനിൽ വരവു വന്ന തുക എത്രയെന്ന് കൃത്യമായി രേഖപ്പെടുത്താത്തതിനാൽ തന്നെ ഈ വരവിനങ്ങളുടെ ആകെ തുക പരിശോധിക്കാൻ സാധ്യമല്ല |
| 2 | Bsc Nursing DCB Register | Demand, Collection, Balance എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ പ്രസ്തുത തുക എങ്ങനെ ലഭിച്ചു എന്നതിന്റെ രേഖപ്പെടുത്തൽ രജിസ്റ്ററിൽ ഇല്ല. |
| 3 | DCB Register 3rd Bsc Nursing | Demand, Collection, Balance എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ പ്രസ്തുത തുക എങ്ങനെ ലഭിച്ചു എന്നതിന്റെ രേഖപ്പെടുത്തൽ രജിസ്റ്ററിൽ ഇല്ല |

| | | |
|---|---|---|
| | Exam II | |
| 4 | Exam Medical | Attempt certificate, Duplicate marklist, Fee for 2nd PC, RTI, Fee for Returned Mark List, Duplicate Degree Certificate എന്നീ ഇനങ്ങൾ ഇടകലർത്തി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ഇനങ്ങളുടെയും ആകെ തുക രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തന്നെ ഈ ഇനങ്ങളിലെ യഥാർത്ഥ വരവ് പരിശോധിക്കാൻ സാധിക്കുന്നില്ല. |

മേൽ പ്രകാരമുള്ള രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളിൽ നിന്നും വിവിധ സെക്ഷനുകൾ എപ്രകാരമാണ് വാ കണക്കിലേക്ക് ആവശ്യമായ രേഖകൾ തയ്യാറാക്കി നൽകുന്നതെന്ന് വ്യക്തമാകുന്നില്ല. സർവ്വകലാശാലയുടെ ഫീസിനങ്ങളുടെ ഡിമാന്റ് തയ്യാറാക്കുന്നത് അക്കാദമിക് ജനറൽ വിഭാഗമാണ്.

1) 2020-21 സാമ്പത്തിക വർഷം താഴെ പറയുന്ന ഇനങ്ങൾക്ക് വാർഷിക കണക്കിൽ ഡിമാന്റ് തുക കണക്കാക ചുവടെ ചേർക്കുന്നു.

| | ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരം ഡിമാന്റ് | റസീറ്റ് & പേയ്മെന്റ് പ്രകാരം വരവ് | ബാലൻസ് ഷീറ്റ് പ്രകാരം |
|---|---|---|---|
| ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീ | 18,62,50,040 | 9,29,70,800 | 9,32,79,240 |
| അഫിലിയേഷൻ തുടർച്ചാനുമതി ഫീ | 5,36,06,382 | 5,60,55,682 | 23,84,400 |
| ആപ്ലിക്കേഷൻ ഫീ (അഫിലിയേഷൻ) | 42,491,204 | 4,24,91,204 | 45,600 |

ഓഡിറ്റിൽ ഹാജരാക്കിയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ ഇനങ്ങളിൽ ഓരോ സ്ക്രീമിൽ വരവിനത്തിൽ ലഭിച്ചതായി രേഖപ്പെടുത്തിയ തുക താഴെ ചേർക്കുന്നു.

| | ആപ്ലിക്കേഷൻ ഫീ | | | അഫിലിയേഷൻ ഫീ | | | റീഫണ്ടബിൾ ഡെപ്പോസിറ്റ് | | | അഫിലിയേഷൻ തുടർച്ചാനുമതി ഫീ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| Medical | 14332500 | 14332500 | 0 | - | - | - | - | - | - | 22903600 | 19867700 | 3035900 |
| Ayurveda | 1302400 | 1309400 | -7000 | - | - | - | - | - | - | 3775400 | 3775400 | 0 |
| Pharmacy | 3605400 | 4083600 | -478200 | 110300 | 110300 | - | 330800 | 330800 | 0 | 1787400 | 1787400 | 0 |
| Dental | 3969000 | 3969000 | 0 | - | - | - | - | - | - | 9082100 | 9082100 | 0 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| Nursing | 13844600 | 13844600 | 0 | - | - | - | - | - | - | 4071300 | 4076100 | -4800 |
| Homeo | 546300 | 500700 | 45600 | - | - | - | -- | - | - | 419600 | 419600 | - |
| Parame dical | 4647700 | 4647700 | 0 | 165500 | 165500 | 0 | 441100 | 641100 | -200000 | 3839600 | 3839600 | 0 |
| | 42247900 | 42687500 | -439600 | 275800 | 275800 | - | 771900 | 971900 | -200000 | 45879000 | 42847900 | 3031100 |

2)

| | ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരം ഡിമാന്റ് | റസീറ്റ് & പേയ്മെന്റ് പ്രകാരം | ബാലൻസ് ഷീറ്റ് |
|---|---|---|---|
| Accademic & Other Fee (Scheme-II) | 347362304<br>(Accademic & Affiliation fee) | (Accademic)244127956+<br>(Affiliation Fee) 103234348 =3473623044 | 115063630 |

| Accademic fee consolidated report for the year 2020-21 | | | |
|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| അരിയർ | 160722650 | 10969000 | 149753650 |
| കറന്റ് | 201282075 | 199143455 | 2768720 |
| | 362004725 | 210112455 | 152522370 |

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള രേഖപ്പെടുത്തലുകൾ | | | ഹാജരാക്കിയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള രേഖപ്പെടുത്തലുകൾ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| അഫിലിയേഷൻ തുടർച്ചാനുമതി ഫീ | 53606382 | 53606382 | 2384400 | 45879000 | 42847900 | 3031100 |
| അഫിലിയേഷൻ ആപ്ലിക്കേഷൻ ഫീ | 42491204 | 42491204 | 45600 | 42247900 | 42687500 | -439600 |
| Accademic & Other Fee (Scheme-II) | 347362304<br>(Accademic & | (Accademic) 244127956+ | 115063630 | 362004725 | 210112455 | 152522370 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Affiliation fee) | (Affiliation Fee) 103234348 =3473623044 | | | | | |

ഇപ്രകാരം വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളിൽ നിന്നും വളരെ വ്യത്യസ്തമായ രേഖപ്പെടുത്തലുക DCB സ്റ്റേറ്റ്മെന്റുകളാണ് സർവ്വകലാശാല ഹാജരാക്കിയിരിക്കുന്നത്. ആയതിനാൽ തന്നെ വാർഷികകണ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സർവ്വകലാശാലയിൽ നിന്നും ലഭ്യമാക്കി രജിസ്റ്ററുകളോ, ഡി.സി.ബി സ്റ്റേറ്റ്മെന്റോ പര്യാപ്തമല്ല. ഡിമാന്റ് രജിസ്റ്ററുകൾ യഥാവിധി എഴുതി സൂക്ഷിക്കാത്ത ലഭ്യമാക്കിയ ഡി.സി.ബി സ്റ്റേറ്റ്മെന്റിലെ കൃത്യതയില്ലായ്മക്കും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. (ഒ **എൻക്വയറി നമ്പർ.49/2020-21 തീയതി. 06.06.2022).**

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, തൻവർഷ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ എഴുതി വാർഷിക ഡിസിബി തയ്യാ സംക്ഷിപ്തം എഴുതി ആധികാരികമാക്കാത്തതിനാൽ വാർഷികകണക്കുകളിൽ രേഖപ്പെടുത്തിയ തുകകളുടെ പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. വിവിധ ഫീസിനങ്ങളിലായി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന രേഖപ്പെടുത്തിയ തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശം തുടർ ഓഡിറ്റിൽ ഹാജരാക്കേണ്ടതാ

## 2-4 രസീതി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

Accounts verification - Receipts &remittances –Specific entries review- Receipt voucher- Receipt book stock register

2020-21 സാമ്പത്തിക വർഷം ഉപയോഗപ്പെടുത്തിയ രസീതി ബുക്കുകളുടെ ആധികാരികത ഉറപ്പിക്കുന്നത് രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. ഓഡിറ്റിൽ രസീതി ബുക്ക് നം.12, 13 എ ഹാജരാക്കിയിരുന്നു. ഓരോ രസീതി ബുക്കിലും 1 മുതൽ 100 വരെയുള്ള ക്രമനമ്പറിൽ രസീതികൾ ഉണ്ട്. രസീതി നം.12 പൂർണ്ണമായും, 13 ൽ 1 മുതൽ 80 വരെയുള്ള രസീതികളും ഉപയോഗിച്ചിട്ടുണ്ട്. ബുക്ക് നം.13 ആണ് നി ഉപയോഗിച്ചു വരുന്നത്. എന്നാൽ സർവ്വകലാശാലയിൽ ആകെ എത്ര രസീതി ബുക്കുകൾ അച്ചടിച്ചു എന്നോ, എണ്ണം ഉപയോഗിച്ചു എന്നോ, അതിൽ എത്ര എണ്ണം ബാക്കിയുണ്ടെന്നോ പരിശോധിക്കുന്നതിന് രസീതി രജിസ്റ്ററിന്റെ അഭാവത്തിൽ സാധിച്ചിട്ടില്ല. ആയതിനാൽ രസീതി സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലു കൂടി ആധികാരികമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് റിക്വിസിഷൻ നം.1/22.10.21)

## 2-5 ഓൺലൈൻ രസീതി പരിശോധന - നിരീക്ഷണങ്ങൾ

സർവ്വകലാശാലയുടെ തനത് വരുമാനത്തിൽ പ്രധാനം വിവിധ സേവനങ്ങൾക്കായി ഈടാക്കുന്ന ഫീസുകളാണ്. SBI- epa യുമായുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ ഫീസുകളെല്ലാം തന്നെ 2019 ജൂൺ മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിൽ ഘട്ടം ഘട്ടമായി ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാര്യാലയത്തിൽ ലഭ്യമാക്കിയിരുന്ന ഫിനാൻസ് വിഭാഗം സ്യൂട്ടിൽ 'Online Transanction' കാണുന്നതിനും പരിശോധിക്കുന്നതിനും സംവിധാനമില്ലാതിരുന്നതിനാൽ 2019-20 വർഷത്തിൽ ഓൺലൈനായി ഈടാക്കിയ ഫീസുകളുടെ കൃത്യത പരിശോധി സാധിച്ചിരുന്നില്ല. ആയതിനാൽ ഇപ്രകാരം ഓൺലൈനായി ഈടാക്കിയ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ഓ കാര്യാലയത്തിൽ സംവിധാനം ഒരുക്കുന്നതിന് നടപടിയെടുക്കണമെന്ന് സർവ്വകലാശാലയെ അറിയിച്ചതിനെത്തുടർന്ന് 2 സാമ്പത്തിക വർഷം മുതൽ സർവ്വകലാശാലയുടെ ഓൺലൈൻ സംവിധാനം മുഖേനയുള്ള രസീതുകളുടെ വിശദാംശങ്ങൾ കാണുന്നതിനും ആയത് പരിശോധിക്കുന്നതിനും വേണ്ടി ഓഡിറ്റ് കാര്യാലയത്തിൽ 'ഫിനാൻസ് ഓൺലൈൻ' പോർട്ടൽ (http:10.199.110.122/finnew/login.php) ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സംവിധാനത്തിലൂടെ ഓൺലൈൻ മുഖേന ല വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് സാധ്യമാകുന്നില്ല. ആയതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ താഴെ ചേർ :-

1. സ്ഥാപനങ്ങൾ/വ്യക്തികൾ ഓൺലൈനായി അടവാക്കുന്ന ഫീസുകളിൽ success ആയ ഇടപാടുകളുടെ വിശദാംശങ്ങ 'ഫിനാൻസ് ഓൺലൈൻ' പോർട്ടലിൽ ലഭ്യമാക്കുന്നു എന്നതിലുപരി സ്ഥാപനങ്ങൾ/വ്യക്തികൾ നടത്തുന്ന ഓരോ ഇടപാടുകളും അതേ ദിവസംതന്നെ ബാങ്കിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ടോ എന്നത് കൃത്യമായി പരിശോധിക്കുന്നത് ഈ സംവിധാനം വഴി സാധിക്കുന്നില്ല.

2. Register of online receipt for the day പ്രകാരം ഓരോ ദിവസവും cleared ആയി കാണിച്ചിട്ടുള്ള ആകെ തുകയും, അ ദിവസങ്ങളിൽ സർവ്വകലാശാലയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ ബൾക്ക് പോസ്റ്റിംഗ് ആയി നിക്ഷേപിക്കപ്പെ ആകെ തുകയും തുല്യമായിരിക്കും. ആയത് പരിശോധിക്കുന്നതിന് നിലവിൽ ഒരുക്കിയിട്ടുള്ള സംവിധാനം വഴി സാധ്യമാണ്.

3. ബാങ്ക്അക്കൗണ്ടുകളിൽ ബൾക്ക് പോസ്റ്റിംഗ് ആയി ഒരു ദിവസം നിക്ഷേപിക്കപ്പെടുന്ന ആകെ തുകയുടെ ഇനം തിരി വിവരം Register of online receipt for the day പ്രകാരം കൃത്യമായി പരിശോധിക്കാൻ സാധിക്കുന്നില്ല. പല ദിവസങ്ങ Register of online receipt for the day പ്രകാരം cleared ആയി കാണിച്ചിട്ടുള്ള തുകകൾ പരിശോധിച്ചാൽ മാത്രമാണ് അക്കൗണ്ടിൽ ഒരു ദിവസത്തെ ബൾക്ക് പോസ്റ്റിംഗ് പ്രകാരം ക്രെഡിറ്റായ ആകെ തുകയിലേക്ക് പൊരുത്തപ്പെടുത്താ സാധിക്കുന്നുള്ളൂ.

4. ബാങ്ക് സ്റ്റേറ്റ്മെന്റിൽ ബൾക്ക് പോസ്റ്റിംഗ് ആയി ഒരു ദിവസം രേഖപ്പെടുത്തിയ തുക ക്യാഷ് ബുക്കിൽ യഥാസമയം വ വെയ്ക്കുന്നില്ല. .

Register of online receipt for the day തയ്യാറാക്കിയ രസിതി വൗച്ചറുകൾ ക്യാഷ് ബുക്കിൽ വരവു വെച്ച തിയതികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Register of online receipt for the day | ക്യാഷ്ബുക്കിൽ വരവുവെച്ച തിയതി |
|---|---|
| 18.12.2020 | 01.01.2021 |
| 19.12.2020 | 01.01.2021 |
| 21.12.2020 | 04.01.2021 |
| 22.12.2020 | 05.01.2021 |
| 23.12.2020 | 05.01.2021 |
| 24.12.2020 | 05.01.2021 |
| 25.12.2020 | 05.01.2021 |
| 27.12.2020 | 06.01.2021 |
| 28.12.2020 | 06.01.2021 |
| 29.12.2020 | 06.01.2021 |

5.ബാങ്ക് സ്റ്റേറ്റ്മെന്റിൽ ബൾക്ക് പോസ്റ്റിങ് ആയി ഒരു ദിവസം ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുക ഏതെല്ലാം രസീതികൾ പ്രകാരമാണ് കാഷ് ബുക്കിൽ വരവു വെക്കുന്നതെന്ന് മനസ്സിലാക്കുന്നതിന് നിലവിലെ സംവിധാനം അപര്യാപ്തമാണ്.

ഓൺലൈൻ രസീതി പരിശോധനയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.64/30.( ക്ക് സർവ്വകലാശാല മറുപടി ലഭ്യമാക്കിയിട്ടില്ല. സർവ്വകലാശാലയുടെ ഓൺലൈൻ വഴിയുള്ള ഓരോ ഇടപാടുകളും കൂടുതര സുതാര്യമാകുന്ന തരത്തിൽ ക്രമീകരണങ്ങൾ നടത്താൻ സർവ്വകലാശാല ശ്രദ്ധിക്കേണ്ടതാണ്.

ഓൺലൈൻ രസീതി സംവിധാനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല പുറപ്പെടുവിച്ച വിവിധ ഉത്തരവുകൾ താഴെ ചേർക്ക

1. U.O.No.809/2019/Finance dtd.1.11.2019, 26.11.2019

2. U.O.No.11/2020/Finance dtd. 03.01.2020

3. U.O.No.164/2020/Finance dtd. 29.2.2020

ഓൺലൈൻ രസീതി സംവിധാനത്തിലെ വിവിധ ഘട്ടങ്ങൾ

- സ്ഥാപനങ്ങൾ/വ്യക്തികൾ ഓൺലൈനായി അടവാക്കുന്ന ഫീസിന്റെ ഓരോ ദിവസത്തെയും എല്ലാ ഇടപാടു വിവരങ (Success/Failure) SBI-epay website ലൂടെ ഫിനാൻസ് വിഭാഗം ഉദ്യോഗസ്ഥന് ലഭ്യമാകുന്നു.

- ഇതിൽ 'success' ആകുന്ന ഇടപാടുകൾ മാത്രം സ്വയമേവ തന്നെ ഫിനാൻസ് വിഭാഗം സ്യൂട്ടിൽ (സർവ്വകലാശാല സോഫ്റ്റ്‌വെയർ) ലഭ്യമാകുന്നു. (മാനുവൽ രേഖപ്പെടുത്തലുകൾ ഒരു ഘട്ടത്തിലും സാധ്യമാകുന്നില്ല)

- പരീക്ഷ സംബന്ധമായ ഫീസുകൾ KUHS Examination Fee (A/C No.31768842875)ലും അക്കാദമിക് സംബന്ധമായ ഫീസുകൾ KUHS General Fund (A/C No.31547327832)ലും സ്റ്റുഡന്റ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീസുകൾ KUHS S Registration Fee (A/C.No.31340212316) ലും നേരിട്ട് നിക്ഷേപിക്കുന്നു.

- സ്യൂട്ടിൽ ലഭ്യമായ (success ആയ) ഇടപാടുകൾ പൂർണ്ണമാകുന്ന മുറയ്ക്ക് (cleared transaction) രസീതിയാക്കുകയും അവ ദിനംപ്രതി രസീതി വൗച്ചറാക്കുകയും ചെയ്യുന്നു.

- ഒരു ദിവസം മേൽപറഞ്ഞ 3 ബാങ്ക് അക്കൗണ്ടുകളിലായി നിക്ഷേപിക്കപ്പെടുന്ന (cleared transactions) വിവിധയിനം ഫീസുകളിൽ ഓരോ ഇനത്തിന്റെയും ആകെ തുകയ്ക്ക് സ്യൂട്ടിൽ ഓരോ വൗച്ചർ തയ്യാറാക്കുന്നു.

- SBI-epay യുമായി ഉണ്ടാക്കിയ ധാരണാപത്ര പ്രകാരവും റിസർവ് ബാങ്കിന്റെ ചട്ടപ്രകാരവും അടച്ച തീയതി മുതൽ പര രണ്ടു ദിവസത്തിനുള്ളിൽ തുക "Beneficiary Account"ൽ ലഭ്യമാകണം. ഇപ്രകാരം വിവിധയിനങ്ങളിലുള്ള ഫീസുകൾ ബന്ധപ്പെട്ട സർവ്വകലാശാല ബാങ്ക് അക്കൗണ്ടിൽ " Bulk Posting" ആയി നിക്ഷേപിക്കപ്പെടുന്നു.

- മേൽപറഞ്ഞ പ്രകാരം വിവിധ ഘട്ടങ്ങളിലൂടെയാണ് ഓൺലൈൻ രസീതി സംവിധാനം മുഖേനയുള്ള ഇടപാടുകൾ പൂർത്തിയാകുന്നത്
2020-21 സാമ്പത്തിക വർഷം മുതൽ സർവ്വകലാശാലയുടെ ഓൺലൈൻ രസീതുകളുടെ വിശദാംശങ്ങൾ കാണുന്നതിന ആയത് പരിശോധിക്കുന്നതിനും വേണ്ടി ഈ കാര്യാലയത്തിൽ ലഭ്യമാക്കിയ 'ഫിനാൻസ് ഓൺലൈൻ' പോർട്ടലിലൂ ഓൺലൈൻ വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് ഓഡിറ്റ് നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് സർവ്വകലാശാല നടപടിയെടുക്കേണ്ടതാണ്.

## 2-6 അഫിലിയേഷൻ തുടർച്ചാനുമതി - അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായിട്ടും അ സീറ്റുകൾ അനുവദിച്ചു

**Permission Affiliation & recognition of colleges –Affiliation**

ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാലക്കാട് 2020-21 വർഷത്തേക്കുള്ള അഫിലിയേഷൻ തുടർച്ചാനുമത് അപേക്ഷിച്ചതിനെ തുടർന്ന് സ്ഥാപനത്തിൽ നടത്തിയ പരിശോധനയിൽ വിവിധ ഇനങ്ങളിൽ കുറവുകൾ കണ്ട അടിസ്ഥാനത്തിൽ സർവ്വകലാശാല അഫിലിയേഷൻ തുടർച്ചാനുമതി നിരസിക്കുകയുണ്ടായി. എന്നാൽ അടി സൗകര്യങ്ങളുടെ അഭാവം പരിഗണിക്കാതെ സർക്കാർ പ്രസ്തുത സ്ഥാപനത്തിൽ അധിക സീറ്റ് അനുവദിച്ചത നിബന്ധനകൾക്ക് വിധേയമായി സർവ്വകലാശാല നിലവിലുള്ള സീറ്റുകൾക്ക് തുടർച്ചാനുമതി നൽകിയതിനോ അധികമായി അനുവദിച്ച സീറ്റുകൾക്ക് അഫിലിയേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്ന

സർവ്വകലാശാല നോട്ടിഫിക്കേഷൻ നം.30/AC-B/KUHS/2016തീ.23.7.19 പ്രകാരം വിവിധ കോളേജുകളിൽ 2020-21 വർഷത്തേയ്ക്കുള്ള അഫിലിയേഷൻ തുടർച്ചാനുമതിക്കായി അപേക്ഷ ക്ഷണിച്ചിരുന്നു. ആയതുപ്ര ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാലക്കാട് എം.ബി.ബി.എസ് കോഴ്സ് 100 സീറ്റിന് അഫിലി തുടർച്ചാനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. 4.12.19 ൽ സർവ്വകലാശാല പ്രസ്തുത കോളേജിൽ ഇൻസ്പെക്ഷൻ നടത്തു

18.12.19ൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് സ്കൂട്ടിനി കമ്മിറ്റി പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ കാണിച്ച സ്ഥാപനത്തിന്റെ കുറവുകൾ ചുവടെ ചേർക്കുന്നു.

| നം. | | കുറവുകൾ |
|---|---|---|
| 1 | അടിസ്ഥാന സൗകര്യം | എക്സാം ഹാൾ കപ്പാസിറ്റി 250 വേണ്ടതിന് പകരം 100 മാത്രം<br>ലക്ചർ തിയ്യറ്റർ-5 എണ്ണത്തിന് പകരം 3 എണ്ണം<br>റസിഡൻസിനും, നഴ്സിനും ഹോസ്റ്റൽ സൗകര്യം ഇല്ല. |
| 2 | ഉപകരണങ്ങൾ | എക്സ്റേ മെഷീൻ 9എണ്ണത്തിനു പകരം 3 എണ്ണം |
| 3 | ബ്ലഡ് ബാങ്ക് | ലൈസൻസ് കാലാവധി കഴിഞ്ഞു. |
| 4 | C-Lab | ഇല്ല |
| 5 | ഫാക്കൽറ്റികളുടെ കുറവ് | 14% -പ്രൊഫസർ 6,<br>അസ്സോ. പ്രൊഫസർ 9,<br>അസി. പ്രൊഫസർ – 5, ട്യൂട്ടർ-1 |
| 6 | സീനിയർ റസിഡന്റ് കുറവ് | 14% |
| 7 | ജൂനിയർ റസിഡന്റ് കുറവ് | 11% |

കുറവുകൾ സ്ഥാപനത്തെ അറിയിച്ചതുപ്രകാരം സ്ഥാപനം കംപ്ലയൻസ് റിപ്പോർട്ട് സമർപ്പിക്കുകയും 5.3 സ്കൂട്ടിനി കമ്മിറ്റി മേൽ റിപ്പോർട്ട് പരിശോധിച്ച് റി ഇൻസ്പെക്ഷൻ (സർപ്രൈസ്) നടത്താൻ ശുപാർശ ചെ ചെയ്തു.

17.8.20ൽ റി ഇൻസ്പെക്ഷൻ നടത്തുകയും 22.9.20ലെ സ്കൂട്ടിനി കമ്മിറ്റി ആയത് പരിഗണിക്കുകയും ചുവടെ േ കുറവുകൾ പരിഹരിക്കാത്തതായി വീണ്ടും ചൂണ്ടി കാണിക്കുകയും ചെയ്തു.

| | | |
|---|---|---|
| 1 | അടിസ്ഥാന സൗകര്യം | ഹോസ്റ്റൽ സൗകര്യം ഇല്ല. (റസിഡൻസ് & നഴ്സസ്) |
| 2 | ഉപകരണങ്ങൾ | എക്സറേ മെഷീൻ -9എണ്ണത്തിനു പകരം 3 എണ്ണം |
| | | |

| | | |
|---|---|---|
| 3 | ഫാക്കൽറ്റി കുറവ് | പ്രിൻസിപ്പാളിനെ അപ്പോയിന്റ് ചെയ്തിട്ടില്ല. പ്രൊഫസർ -5, അസ്സോ.പ്രൊഫസർ -5, അസി. പ്രൊഫസർ-1, ട്യൂട്ടർ-1, സീനിയർ റസിഡന്റ്-15, ജൂനിയർ റസിഡന്റ് -4 |

11.3% ഫാക്കൽറ്റി കുറവിനോടൊപ്പം 30.64% റസിഡന്റ്സ് കുറവും റി ഇൻസ്പെക്ഷനിലും പരിഹരിക്കാത്തത സ്ഥാപനത്തിന് സ്കൂട്ടിനി കമ്മിറ്റി 2020-21വർഷത്തേയ്ക്ക് അഫിലിയേഷൻ തുടർച്ചാനുമതി നിരസിച്ചു കൊണ്ട് ശു ചെയ്തു.

എന്നാൽ GO-(Rt) No. 755/2020/SSSTDD തി.22.9.2020പ്രകാരം സർക്കാർ, ഗവൺമെന്റ് മെഡിക്കൽ കേ പാലക്കാടിന് 2020-21 സാമ്പത്തിക വർഷം പുതിയ ബാച്ചിൽ MBBSന് 100 വിദ്യാർത്ഥികളെ പ്രവേശിപ്പ എൻട്രൻസ് കമ്മീഷണർക്ക് അനുമതി നൽകുകയുണ്ടായി.

17.10.2020ലെ ഗവേണിംഗ് കൗൺസിൽ യോഗത്തിൽ (അജണ്ട 61.06) പ്രസ്തുത വിഷയം പരിഗണിച്ച തുടർന്ന് നിലനിൽക്കുന്ന കുറവുകൾ പരിഹരിച്ചതിന്റെ വിശദാംശം കോളേജിൽനിന്നും ലഭ്യമാക്കുന്ന ഗവൺമെന്റിൽ നിന്നും അപാകതകൾ പരിഹരിച്ചതായുള്ള ഉറപ്പ് ലഭിക്കുന്നതിന്റെ അടിസ്ഥാന അഫിലിയേഷൻ തുടർച്ചാനുമതി പരിഗണിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പിന്നീട് 26.12.20 ലെ ഗവേ കൗൺസിൽ തീരുമാനം 62.27 പ്രകാരം SC/ST/BC ഡെവലപ്പ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ DO.LR.NO.S F1/182/2020-SCSTDD, dt27.10.20 കത്ത് പ്രകാരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കംപ്ലയ റിപ്പോർട്ട് പരിഗണിച്ച് അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കാനും 2020-21 അക്കാദമിക് വർഷ എം.ബി.ബി.എസിന് അഡ്മിഷൻ നടത്താൻ അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ഈ കര അടിസ്ഥാനത്തിലും, എൻട്രൻസ് കമ്മീഷണർ എം.ബി.ബി.എസ് അലോട്ട്മെന്റ് അനുവദിച്ചത് അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കുന്നതിന് തീരുമാനിച്ചു.

അധികമായി അനുവദിച്ച സീറ്റുകൾക്ക് അഫിലിയേഷൻ അനുവദിച്ചുവെങ്കിലും ചുവടെ ചേർത്ത അപാകത മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 57/22.8.22 ന് നൽകിയ പരിഗണനാർഹമല്ല.

1. 2020-21 സാമ്പത്തികവർഷം മുതൽ ഫീസ് വർദ്ധനവ് ഉത്തരവ് പ്രാബല്യത്തിൽ വന്നതിനാൽ അഫിലി തുടർച്ചാനുമതി ഫീസ് ആയി 22100/- രൂപ അടവാക്കേണ്ടതായിരുന്നു. എന്നാൽ ഗവൺമെന്റ് മെഡിക്കൽ കേ പാലക്കാട് അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് ആയി 21000/-രൂപയാണ് രസീതി നം. 26511/26.8.19 പ്ര അടവാക്കിയിട്ടുള്ളത്. ബാലൻസ് 1100/-രൂപ അടവാക്കിയിട്ടില്ല. ആയത് അടവാക്കിയതിന്റെ വിശ ഹാജരാക്കിയതിൽ DD. No. 675221/28.1.20 പ്രകാരം തുക അടവാക്കിയതായി പറയുന്നു. എന്നാൽ ഡി ന രജിസ്റ്ററിൽ ഈ തുക രേഖപ്പെടുത്തിയിട്ടില്ല.

2. അഫിലിയേഷൻ ഡി.സി.ബി രജിസ്റ്റർ പേജ് 45ൽ എം.ബി.ബി.എസിന് അഫിലിയേഷൻ തുടർച്ചാനുമതി അടവാക്കിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പുതിയ സീറ്റുകൾ അനുവദിക്കുമ്പോൾ ആയത അഫിലിയേഷൻ ഫീ ആണ് അടവാക്കേണ്ടത്. സർക്കാർ ഉത്തരവു പ്രകാരം 2020-21 ൽ പുതിയ എം.ബി.ബി.എസ് 100 സീറ്റിന് അഫിലിയേഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതു പ്രകാരം സീറ്റ് വർദ്ധ അടവാക്കേണ്ട തുകകൾ സ്ഥാപനം അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ അഫിലിയേഷൻ അനുവദിച്ചിട്ടില്ല എന്നു പറയുന്നു. എ അഫിലിയേഷൻ അനുവദിച്ചതായി ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. പിന്നീട് ഈ തീര റദ്ദാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. ഗവൺമെന്റിൽ നിന്നുമുള്ള അണ്ടർടേക്കിംഗ് സർവ്വകലാശാലയ്ക്ക് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ

4. സർക്കാർ ഉത്തരവിലൂടെ കോളേജുകൾക്ക് അധിക സീറ്റ് അനുവദിക്കുന്ന സാഹചര്യത്തിൽ ( കോളേജുകളിലെ അടിസ്ഥാന സൗകര്യം, ഫാക്കൽറ്റികൾ എന്നിവ സംബന്ധിച്ച് സർവ്വകലാശാലയും ബന്ധ സർക്കാർ വകുപ്പുകളും തമ്മിലുള്ള കത്തിടപാടുകൾ സംബന്ധിച്ച ഫയൽ ലഭ്യമാക്കിയിട്ടില്ല.

നിലവിലുള്ള വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ തന്നെ അപര്യാപ്തമാണെന്നിരിക്കെ അധികസ അനുവദിച്ച് വിദ്യാർത്ഥികൾക്ക് പരിമിത സൗകര്യം മാത്രം ലഭ്യമാക്കി അഫിലിയേഷൻ അന സർവ്വകലാശാലയുടെ നടപടി സർവ്വകലാശാല തന്നെ നിശ്ചയിച്ച മാനദണ്ഡങ്ങൾക്കും, നിലവാരങ്ങ വിരുദ്ധമാണ്. ഓരോ കോളേജുകളിലും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചും ( അഫിലിയേഷൻ അനുവദിക്കുന്ന സ്ഥാപനമെന്ന നിലയിൽ കോളേജുകളിലെ അപര്യാപ്തതകൾ സംബ( സർക്കാരിനെ യഥാസമയം അറിയിക്കുന്നതിന് സർവ്വകലാശാല ബാദ്ധ്യസ്ഥമാണ്.

## 2-7 നഴ്സിംഗ് കോളേജുകളുടെ 2020-21 വർഷത്തെ അഫിലിയേഷൻ ഫയൽ പരിശോധന ഫയലുകളിലെ വിവരം അപൂർണ്ണം

Permission Affiliation & recognition of colleges –Affiliation

അഫിലിയേഷനുമായി ബന്ധപ്പെട്ട ഫയലുകൾ സർവ്വകലാശാല ഓഡിറ്റിന് ലഭ്യമാക്കുന്നത് സർവ്വകലാശാ തനത് സോഫ്റ്റ് വെയറായ സ്യൂട്ട് സോഫ്റ്റ് വെയർ (അഫിലിയേഷൻ) മുഖേനയാണ്. 2020-21 വർഷത്തെ നഴ്സിംഗ് കോളേജുകളുടെ അഫിലിയേഷൻ സ്യൂട്ട് ഫയലുകൾ പരിശോധിച്ചതിൽ ഓഡിറ്റിന് ഹാജരാ ഫയലുകളിലെ രേഖകൾ അപൂർണ്ണമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടവ താഴെ ചേർക്കുന്നു :-

1. അഫിലിയേഷൻ തുടർച്ചാനുമതി നൽകുന്നതിനായി നഴ്സിംഗ് കോളേജുകളിൽ നേരിട്ട് പരിശോധന ( തയ്യാറാക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട്, ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ വിവരങ്ങൾ പരിശോധിച്ച് ആയ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സ്ക്രൂട്ടിനി റിപ്പോർട്ട് എന്നിവ പല കോളേജുകളുടെയും അഫിലിയേഷൻ ഫയലിൽ ചേർത്തതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു :-
    1. Govt.College of Nursing, Kottayam
    2. College of Nursing, Ananthapuri Hospitals & Research Institute, Tvm
    3. Govt. College of Nursing, Kozhikode
    4. CSI College of Nursing, Karakonam
    5. Koyili College of Nursing, Kannur
2. കോളേജുകളിൽ നേരിട്ട് പരിശോധന നടത്തിയതിനു ശേഷം സ്ക്രൂട്ടിനി റിപ്പോർട്ടിൽ ചൂണ്ടിക്കാണി കുറവുകൾ പരിഹരിച്ചതായി അറിയിച്ചുകൊണ്ട്/ആയതിന് വിശദീകരണം ലഭ്യമാക്കിക്കൊണ്ട് ( കോളേജുകളിൽ നിന്നും സമർപ്പിക്കേണ്ടതായിട്ടുള്ള കംപ്ലയൻസ് റിപ്പോർട്ട് പല കോളേജുക അഫിലിയേഷൻ സ്യൂട്ട് ഫയലിൽ ചേർത്തതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു :-
    1. Kims College of Nursing, Thiruvananthapuram
    2. St Gregorios college of nursing, Parumala,Pathanamthitta
    3. San Joe College of Nursing, Ernakulam
    4. St.Thomas College of Nursing, Changanassery

5.Snehodaya College of Nursing, Irinjalakkuda

3.നഴ്സിംഗ് കോളേജുകളുടെ Minimum Standard Requirements – ൽ അഫിലിയേറ്റഡ് ഹോസ്പിറ്റലു എണ്ണത്തെക്കുറിച്ച് താഴെപ്പറയും വിധമാണ് പരാമർശിച്ചിട്ടുള്ളത്.

“A college can be affiliated to maximum three hospitals and a Hospital can give affiliation to a maximum of colleges for speciality postings, establishing 1:3 student patient ratio norms”

എന്നാൽ സ്കൂട്ടിനി റിപ്പോർട്ട് പ്രകാരം 3-ൽ കൂടുതൽ ഹോസ്പിറ്റലുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ( കോളേജുകൾക്കും അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്ക

| SL NO. | Name Of College | No. of Affiliated Hospitals |
|---|---|---|
| 1 | San Joe College of Nursing, Ernakulam | 4 |
| 2 | St.Thomas College of Nursing, Changanassery | 4 |

ഇപ്രകാരം MSR (Minimum Standard Requirements) ന വിരുദ്ധമായി കൂടുതൽ ഹോസ്പിറ്റലുകളുമായി അഫില ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ചതിന് മറുപടി ലഭ്യമാക്കേണ്ടതാണ് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.67 / 05.09.22) സർവ്വകല ലഭ്യമാക്കിയ മറുപടിയിൽ ഇൻസ്പെക്ഷൻ റിപ്പോർട്ട്, സ്കൂട്ടിനി റിപ്പോർട്ട്, കംപ്ലയിൻസ് റിപ്പോർട്ട് എന്നിവ ഇ സ്യൂട്ട് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നും കോവിഡ് പ്രതിസന്ധി പരിഗണിച്ച് വിദ്യാർത്ഥികളുടെ ക്ലിന പരിശീലനം മുടങ്ങാതിരിക്കാൻ വേണ്ടിയാണ് അഫിലിയേറ്റഡ് ഹോസ്പിറ്റലുകളുടെ എണ്ണം കർശ പരിഗണിക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്.

ഇൻസ്പെക്ഷൻ റിപ്പോർട്ട്, സ്കൂട്ടിനി റിപ്പോർട്ട്, കംപ്ലയൻസ് റിപ്പോർട്ട്, അഫിലിയേഷനുമായി ബന്ധ കോളേജുകൾ സർവ്വകലാശാലയുമായി നടത്തുന്ന ആശയവിനിമയങ്ങൾ എന്നിവ അഫിലിയേഷൻ ഫയലുകളിൽ ഇല്ലാതിരിക്കുന്നത് ഫയൽ പരിശോധനക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ അഫിലിെ സ്യൂട്ട് ഫയലുകളിൽ അഫിലിയേഷനുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഉൾക്കൊള്ളിക്കേണ്ടതും അപൂർ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നത് ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 2-8 സീറ്റ് വർദ്ധനവ് അനുവദിച്ചെങ്കിലും സീറ്റുവർദ്ധനവിനുള്ള ഫീ ഈടാക്കിയത് രജിസ്റ്റ രേഖപ്പെടുത്തിയിട്ടില്ല

**Permission Affiliation & recognition of colleges –Affiliation**

സർവ്വകലാശാല ഉത്തരവുകൾ പ്രകാരം സീറ്റുവർദ്ധനവിനുള്ള അപേക്ഷയോടൊപ്പം തന്നെ ആയത അപേക്ഷാ ഫീസ്, മറ്റു ഫീസുകൾ എന്നിവ ഈടാക്കേണ്ടതാണ്. എന്നാൽ സർവ്വകലാശാലയുടെ അഫിലിയേഷ രജിസ്റ്റർ പരിശോധിച്ചതിൽ സീറ്റു വർദ്ധനവിന് ഈടാക്കേണ്ടതായ ഫീസുകൾ ഈടാക്കിയതായ രേഖപ്പെടുത്ത രജിസ്റ്ററിൽ ചേർത്തതായി കാണാൻ കഴിഞ്ഞില്ല.

സർവ്വകലാശാല ഉത്തരവ് നം.9038/2019/AC1/GenA2/KUHS തിയതി 22.11.19 പ്രകാരം സർവ്വകല ഈടാക്കുന്ന ഫീസുകളിൻമേൽ 5% ഫീസ് വർദ്ധന പ്രാബല്യത്തിലാക്കി ഉത്തരവാക്കിയിട്ടുണ്ട്. ആയതു പ്ര സ്വാശ്രയ കോളേജുകളിലെ മെഡിക്കൽ കോഴ്സിന് (എം.ബി.ബി.എസ്) നിശ്ചയിച്ച നിരക്ക് ചുവടെ ചേർക്കുന്നു.

a) fee for provisional affiliation -2,20500/-for enhancement of every 10 seats and fractionthere of.

b) Refundable deposit for enhancement of seats -4,41,000/- for every 10 seats and fractionthere of.

ഗവേണിംഗ് കൗൺസിൽ യോഗത്തിലെ തീരുമാനപ്രകാരം താഴെ പറയുന്ന 2 കോളേജുകളിലെ സീറ്റുകൾ നിന്നും 150 ആയി വർദ്ധിപ്പിച്ച് അഫിലിയേഷൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | MCI – അംഗീകാരം | ഗവേണിംഗ് കൗൺസിൽ സബ് കമ്മറ്റി | ഗവേണിംഗ് കൗൺസിൽ | Affiliation for DCB Reg Medical vol.II- പേജ് നം |
|---|---|---|---|---|---|
| 1 | MES മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ | Letter No.MCI –37(1) (UG)(1-11) 2019. Med/189039 തിയതി 12.2.20 | 9.10.20 | 61.26 17.10.20 | `144 |
| 2 | ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം | MCI –37(1) (UG)(1-12)/ 2019-Med/199643 തിയതി 16.3.20 | 9.10.20 | 61.27 17.10.20 | 150 |

2020-21 സാമ്പത്തിക വർഷത്തിൽ സീറ്റ് വർദ്ധനവ് അനുവദിച്ചതു വഴി ഈടാക്കേണ്ടിയിരുന്ന അപേക്ഷ അഫിലിയേഷൻ ഫീ, റീഫണ്ടബിൾ ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതിന്റെ വിശദാം ഹാജരാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.56/22.8.22) തുക ഈടാക്കിയതായി ലഭ്യമാക്കിയിട്ടുണ്ട്.

| സ്ഥാപനം | ചെക്ക് നമ്പർ | തുക (രൂപയിൽ) |
|---|---|---|
| MES മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ | 575454/28.2.20 | 3307500 |
| | | |

| | | |
|---|---|---|
| ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം | 206402/22.7.20 | 3307500 |

എന്നാൽ ഈ തുക അഫിലിയേഷൻ രജിസ്റ്ററിൽ വരവു വന്നതായി രേഖപ്പെടുത്തിയിട്ടില്ല.ഏതെല്ലാം ഇനങ്ങ വരവുകളാണ് ഈ തുകകൾ എന്ന് കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കേണ്ട അപേക്ഷകളിൻ മേൽ സ്ഥാപനങ്ങൾ അടവാക്കേണ്ട തുകകൾ യഥാസമയം ഈടാക്കിയിട്ടുണ്ട് എന്നുറപ്പ് വ മാത്രം തുടർ നടപടികൾ സ്വീകരിക്കേണ്ടതും ആയത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം സർവ്വകല തയ്യാറാക്കേണ്ടതുമാണ്.

## 2-9 നിബന്ധനകളോടെയുള്ള അഫിലിയേഷൻ തുടർച്ചാനുമതി- കുറവുകൾ യഥാസമയം പരിഹരിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടുന്നില്ല

### Internal revenue-Affiliation

അഫിലിയേഷൻ തുടർച്ചാനുമതി നടപടികളുമായി ബന്ധപ്പെട്ട സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ നില നിയമം, സ്റ്റാറ്റ്യൂട്ട്, സർവ്വകലാശാലാ ഉത്തരവുകൾ എന്നിവയനുസരിച്ചായിരിക്കണം നടത്തേണ്ടത്. കേരള ആ ശാസ്ത്ര സർവ്വകലാശാല നിയമം, നിയമത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ആദ്യ സ്റ്റാറ്റ്യൂട്ട്, കോളേജ അഫിലിയേഷൻ നടപടികൾക്കായി ഗവേണിംഗ് കൗൺസിലിന് അനുവദിച്ച നൽകിയിട്ടുള്ള അധികാര പിൻബലത്തോടെ സർവ്വകലാശാല തന്നെ തയ്യാറാക്കിയ പ്രൊവിഷണൽ അഫിലിയേഷൻ തുടർച്ചാനുമതിക്ക നടപടിക്രമങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് അഫിലിയേഷൻ നടപടിക്രമങ്ങൾ സർവ്വകല പൂർത്തീകരിക്കേണ്ടത്. G.O(P)No.3/2019/H&FWD dtd 06.02.19 പ്രകാരം അംഗീകരിച്ച 1st statute 2019 അ XXI-ൽ അഫിലിയേഷൻ സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്.

- ഖണ്ഡിക 385 പ്രകാരം [385(I) മുതൽ 385 (XX)വരെ] അഫിലിയേഷൻ അനുമതിക്കായുള്ള വ്യവ രേഖപ്പെടുത്തിയതിൽ പ്രസ്തുത വ്യവസ്ഥകളെല്ലാം തന്നെ പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്ക സർവ്വകലാശാല ഒരു ഇൻസ്പെക്ഷൻ ടീമിനെ നിയോഗിക്കുകയും പ്രസ്തുത ടീം സമർപ്പിക്കുന്ന ഇൻ റിപ്പോർട്ട് പ്രകാരം അഫിലിയേഷൻ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു [ഖണ്ഡിക (2)].
- ഇൻസ്പെക്ഷൻ കമ്മിറ്റി റിപ്പോർട്ട് സർവ്വകലാശാല സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് അഫിലിയേഷൻ സംബ ശുപാർശ ഗവണിംഗ് കൗൺസിലിന് ലഭ്യമാക്കുകയും ചെയ്യുന്നു.

അഫിലിയേറ്റഡ് കോളേജുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി, MCI, INC തുടങ്ങിയവ പ്രസിദ്ധ റെഗുലേഷനുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഇൻസ്പെക്ഷൻ പ്രോഫോർമകളും സർവ്വകല ഉത്തരവുകളുമാണ് മാനദണ്ഡമാക്കുന്നത്. ഇതു പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിൽ ഉണ്ടായിരിക്കേണ്ട Mi Standard Requirements നിശ്ചയിച്ചിട്ടുണ്ട്. ഇവ പാലിച്ചുകൊണ്ടാണ് അഫിലിയേഷൻ തുടർച്ചാനുമതി നല്കേ എന്നാൽ ഈ നിലവാര നിഷ്കർഷകൾ പാലിക്കാതെ അഫിലിയേഷൻ തുടർച്ചാനുമതി നല്കുന്നതായി കാണുന്നു. 21 അക്കാദമിക വർഷത്തേക്കുള്ള നഴ്സിംഗ് അഫിലിയേഷൻ സ്യൂട്ട് ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെ അപാകതകൾ താഴെ ചേർക്കുന്നു :-

1. <u>**ഡയറക്ടർ ഓഫ് മെഡിക്കൽ എജ്യുക്കേഷന്റെ അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ അഫിലി തുടർച്ചാനുമതി അനുവദിച്ചു.**</u>

   2020-21 വർഷത്തേയ്ക്ക് അഫിലിയേഷൻ നൽകുന്നതിനായുള്ള പരിശോധനയിൽ താഴെ പറയുന്ന ഗവ. കോളേജുകളിൽ **ഫാക്കൽറ്റികളുടെ കുറവ്** സംബന്ധിച്ച് പോരായ്മകൾ കണ്ടെത്തുകയുണ്ടായി. വിശദാം

ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ചൂണ്ടിക്കാണിച്ച കുറവ് |
|---|---|---|
| 1 | ഗവ. നഴ്സിംഗ് കോളേജ്, ആലപ്പുഴ | അധ്യാപക വിദ്യാർത്ഥി അനുപാതം 1:10 ആകുന്നതിന് 5ലധികം അധ്യാപകരെ കൂടി നിയമിക്കണം. |
| 2 | ഗവ. നഴ്സിംഗ് കോളേജ്, തൃശ്ശൂർ | അധ്യാപക വിദ്യാർത്ഥി അനുപാതം 1:10 ആകുന്നതിന് 6ലധികം അധ്യാപകരെ കൂടി നിയമിക്കണം. |
| 3 | ഗവ. കോളേജ് ഓഫ് നഴ്സിംഗ്, എറണാകുളം | അധ്യാപക വിദ്യാർത്ഥി അനുപാതം 1:10 ആകുന്നതിന് 4 അധ്യാപകരെ കൂടി നിയമിക്കണം. |

എന്നാൽ അപാകതകൾ നിലനിൽക്കെ തന്നെ മേൽപ്പറഞ്ഞ ഗവൺമെന്റ് നഴ്സിംഗ് കോളേജുകൾക്ക് ഡ( ഓഫ് മെഡിക്കൽ എജ്യുക്കേഷന്റെ അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ അഫിലിയേഷൻ തുടർച്ചാ നൽകുന്നതിന് ശുപാർശ ചെയ്തുകൊണ്ട് സ്ക്രൂട്ടിനി കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ട്. അഫിലിേ തുടർച്ചാനുമതി അനുവദിച്ചിട്ടുണ്ടെങ്കിലും ഫാക്കൽറ്റി കുറവ് എന്നത് നികത്തുന്നതിന് സ്ഥാപനം ( സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഫയലിൽ രേഖകളില്ല.

2. **<u>സ്ഥാപന ഡയറക്ടറുടെ അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ അഫിലിയേഷൻ തുടർച്ചാനുമതി അന( - എന്നാൽ തുടർച്ചയായ 3 വർഷങ്ങളിലും അപാകതകൾ പരിഹരിച്ചിട്ടില്ല.</u>**

2020-21 വർഷത്തേയ്ക്ക് അഫിലിയേഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി college of Nursing Malampuzha, SIMET college of Nursing Kochi, SIMET college of N Thiruvananthapuram എന്നീ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ **ഫാക്കൽറ്റി** രേഖപ്പെടുത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | |
|---|---|---|
| 1 | SIMET college of Nursing Malampuzha | ഫാക്കൽറ്റി കുറവ് - 4 |
| 2 | SIMET college of Nursing Kochi | ഫാക്കൽറ്റി കുറവ് - 7 |
| 3 | SIMET college of Nursing, Thiruvananthapuram | ഫാക്കൽറ്റി കുറവ് - 7 |

കഴിഞ്ഞ 3 വർഷങ്ങളിലും ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച അപാകതകളുടെ അടിസ്ഥാന അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന തീരുമാ( എടുത്തിട്ടുണ്ട്.

| | ഗവേണിംഗ് കൗൺസിൽ തീരുമാനം | വർഷം | അഫിലിയേഷൻ അനുവദിച്ചത് | അഫിലിയേഷൻ അനുവദിച്ചതിനുള്ള വ്യവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | GC-47.34/7.7.18 | 2018-19 | നിബന്ധനകളോടെയുള്ള അഫിലിയേഷൻ തുടർച്ചാനുമതി(Conditional COPA) | പര്യാപ്തമായ ഫാക്കൽറ്റികളെ ഒരു മാസത്തിനകം നിയമിക്കും എന്ന Director SIMET ന്റെ declaration ന്റെ അടിസ്ഥാനത്തിൽ |
| 2 | GC-54.17/24.5.19 | 2019-20 | അഫിലിയേഷൻ തുടർച്ചാനുമതി | ഫാക്കൽറ്റി കുറവ് 3 മാസത്തിനകം പരിഹരിക്കും എന്ന Director SIMET ന്റെ declaration ന്റെ അടിസ്ഥാനത്തിൽ |
| 3 | GC-60.37/25.7.20 | 2020-21 | അഫിലിയേഷൻ തുടർച്ചാനുമതി നിരസിച്ചു | ---- |

തുടർച്ചയായ 3 വർഷങ്ങളിലും ഫാക്കൽറ്റി കുറവ് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷ നിബന്ധനകളോടെ അഫിലിയേഷൻ തുടർച്ചാനുമതിയും, 2019-20 വർഷത്തിൽ അഫിലിയേഷൻ തുടർച്ചാനു നൽകിയിട്ടുണ്ടെങ്കിലും 2020-21 ൽ അഫിലിയേഷൻ തുടർച്ചാനുമതി നിരസിക്കുകയാണ് ചെയ്തത് .

എന്നാൽ 2020-21 അക്കാദമിക് വർഷത്തിലെ ക്ലാസുകൾ ആരംഭിക്കുന്നതിനു മുമ്പെ കു പരിഹരിക്കുന്നതാണെന്ന ഗവ. പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിലും, SIMET ഡയ ഉറപ്പിന്മേലും 6.10.2020 തിയതിയിലെ U.O.No.2019-16376/AC/Nsg/A3 ഉത്തരവ് പ്രകാരം മേൽ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കാൻ തീരുമാനിച്ചു. മേൽപ്പറഞ്ഞ 3 സ്ഥാപനങ്ങ 2020-21 വർഷം KNMC (കേരള നഴ്സിംഗ് & മിഡ് വൈഫറി കൗൺസിൽ) കണ്ടീഷണൽ അഫിലിയേഷ അനുവദിച്ചിട്ടുള്ളത്. തുടർച്ചയായ 3 വർഷങ്ങളിലും ഫാക്കൽറ്റി കുറവ് രേഖപ്പെടുത്തുകയും 2020-21 വർഷം കണ്ടീഷണൽ അഫിലിയേഷൻ അനുവദിക്കുകയും ചെയ്ത സ്ഥാപനങ്ങൾക്ക് 2020-21ൽ ഒരു തവണ അഫിലി തുടർച്ചാനുമതി നിരസിച്ചിട്ടും പിന്നീട് അപാകതകൾ നിലനിൽക്കെ തന്നെ 6.10.2020 തിയതിയിലെ U.O.No 16376/AC/Nsg/A3 ഉത്തരവ് പ്രകാരം അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കാൻ തീരുമാനിക്കുക ചെയ്തിട്ടുള്ളത്.

മേൽപ്രകാരം അപാകതകൾ നിലനിൽക്കെ അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ചതിന് ശേഷ സ്ഥാപനങ്ങളിൽ ഫാക്കൽറ്റി കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ബ രേഖകളോടൊപ്പം ഹാജരാക്കേണ്ടതാണ് എന്ന് അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അഫിലിയേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ഫാക്കൽറ്റി കുറവുകളുടെ പരിശോധനയിൽ 2021-2 രേഖപ്പെടുത്തിയതിനേക്കാൾ എണ്ണത്തിൽ 2022-2023 വർഷങ്ങളിൽ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന മറുപടി സർവ്വകലാശാല ലഭ്യമാക്കിയത്.(ഓഡിറ്റ് എൻക്വയറി നം.65 തിയതി 02.09.22)

മേൽ സൂചിപ്പിച്ച കോളേജുകളിലെല്ലാം തന്നെ ഫാക്കൽറ്റികളുടെ കുറവ് സർവ്വകലാശാലയുടെ പരിശോധന കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിച്ചുവരുമ്പോൾ **"നിബന്ധനകളോടെ അഫിലി തുടർച്ച"** അനുവദിച്ചതിനുശേഷം നിശ്ചിത സമയപരിധിക്കകം അപാകതകൾ പരിഹരിക്കുന്നുണ്ടോ സർവ്വകലാശാല പരിശോധിക്കുന്നില്ല. അപാകതകളിൻമേൽ കോളേജ് തുടർനടപടികൾ സ്വീകരിച്ചു സംബ

വിശദാംശങ്ങൾ അടുത്ത അധ്യയന വർഷത്തേക്കുള്ള അഫിലിയേഷൻ തുടർച്ച നല്കുന്നതിന ഇൻസ്പെക്ഷനിലാണ് പരിശോധിക്കുന്നത്. ഓരോ അധ്യയന വർഷത്തേക്കും ഇൻസ്പെക്ഷൻ കമ്മിറ്റി നട പരിശോധനകളിൽ കണ്ടെത്തുന്ന പോരായ്മകൾ അതേ അധ്യയന വർഷം തന്നെ പരിഹരിക്കുന്നതിന നടപടികൾ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്. സർവ്വകലാശാലയുടെ പരിമി പരിശോധനയിൽ കണ്ടെത്തുന്ന അപാകതകൾ പോലും പരിഹരിക്കാതെ അഫിലിയേറ്റഡ് കോളേജു അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കുന്ന കീഴ്വഴക്കം സർവ്വകലാശാലയുടെ വിദ്യാഭ്യാസ സമ്പ്രദായ നിലവാര തകർച്ചക്ക് കാരണമായേക്കാം. ഈ വിഷയത്തിൽ ഉത്തരവാദിത്തപ്പെട്ടവരുടെ അടിയന്തര ക്ഷണിക്കുന്നു.

## 2-10 അഫിലിയേഷൻ തുടർച്ച അനുമതി ഫീസ് അടവാക്കിയിട്ടില്ല

**Internal revenue-Affiliation**

2021-2022 വർഷത്തേക്കുള്ള അഫിലിയേഷൻ തുടർച്ച അനുമതി ഫീസ് അടവാക്കിയതിന്റെ ഓൺ രസീതികളുടെ പരിശോധനയിൽ താഴെ പറയുന്ന കോളേജുകളിലെ കോഴ്സുകൾക്ക് ഫീസ് അടവാക്കി വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കോളേജിന്റെ പേര് | കോളേജ് കോഡ് | കോഴ്സിന്റെ പേര് | അടവാക്കേണ്ട ഫീസ് |
|---|---|---|---|---|
| **പാരാമെഡിക്കൽ കോളേജുകൾ** | | | | |
| 1 | ഗവ.മെഡിക്കൽ കോളേജ്, കോട്ടയം | MR028 | Bachelor of cardiovascular Technology ( BCVT) | 33100 |
| 2 | ഗവ.മെഡിക്കൽ കോളേജ്, കോട്ടയം | MR028 | B.Sc Dialysis Technology | 33100 |

| | | | | |
|---|---|---|---|---|
| 3 | ഗവ.മെഡിക്കൽ കോളേജ്, കോട്ടയം | MR028 | B Sc Perfusion Technology | 33100 |
| **ആയുർവേദ കോളേജുകൾ** | | | | |
| 1 | ഗവ.മെഡിക്കൽ കോളേജ്, പരിയാരം | AM002 | Ayurveda Dhanvantari Shalakya | 55200 |
| 2 | ഗവ.മെഡിക്കൽ കോളേജ്, പരിയാരം | AM002 | Ayurveda Dhanvantari Shalya | 55200 |
| 3 | ഗവ.മെഡിക്കൽ കോളേജ്, പരിയാരം | AM002 | MD Rasashastra & Bhaishajya Kalpana | 55200 |
| **ഹോമിയോ കോളേജുകൾ** | | | | |
| 1 | ഗവ. ഹോമിയോപ്പതിക്ക് മെഡിക്കൽ | HM004 | BHMS | 22100 |

| | | | | |
|---|---|---|---|---|
| | കോളേജ്, കോഴിക്കോട് | | | |
| 2 | ഗവ. ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജ്, കോഴിക്കോട് | HM004 | MD Homoeopathic Philosophy | 55200 |
| 3 | ഗവ. ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജ്, കോഴിക്കോട് | HM004 | MD Materia Medica | 55200 |
| 4 | ഗവ. ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജ്, കോഴിക്കോട് | HM004 | MD Practice of Medicine | 55200 |

| | | | | |
|---|---|---|---|---|
| | | | | |
| 5 | ഗവ. ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജ്, കോഴിക്കോട് | HM004 | MD Repertory | 55200 |
| | ആകെ | | | 508100/- |

അഫിലിയേഷൻ തുടർച്ചാനുമതി ഫീസ് അടവാക്കാത്തതു സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (ഓഡിറ്റ് എൻ നം 60/26.08.2022) പേ ലേറ്റർ ഓപ്ഷൻ അനുവാദമുള്ള സർക്കാർ കോളേജുകളുടെ ഫീ അടവാക്കാതിരിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മേൽ പറഞ്ഞ കോളേജുകളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-11 ഫാക്കൽറ്റി കുറവ് - സർവ്വകലാശാല ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽ നിന്നും റീ ഇൻസ്പെക്ഷൻ ഫീ ഈടാക്കിയിട്ടില്ല

**Internal revenue-Affiliation**

പ്രൊവിഷണൽ അഫിലിയേഷൻ തുടർച്ചാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സ്കൂട്ടിനി റിപ്പോ അടിസ്ഥാനത്തിൽ കോളേജുകളിൽ റീ ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും ആയതിന് ഈടാ ഫീസ് നിരക്കുകളും സർവ്വകലാശാല നിശ്ചയിച്ചിട്ടുണ്ട്. റീ ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ട് സർവ്വകല പുറപ്പെടുവിച്ച ഉത്തരവുകൾ താഴെ കൊടുക്കുന്നു.

1. യു.ഒ.നം. 6296/AC-B/KUHS/2013 തീയതി. 28.11.2018

2. യു.ഒ.നം. 6296/AC-B/KUHS/2013 തീയതി. 15.05.2019

ഗവേണിംഗ് കൗൺസിലിന്റെ 52-മത് യോഗത്തിൽ തീരുമാനം 52.41 പ്രകാരം 28.11.18 ലെ U.O.No.629 B/KUHS/2013 സർവ്വകലാശാല ഉത്തരവിന്റെ ക്ലോസ് B പുതുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗവേ കൗൺസിലിന്റെ ഈ തീരുമാനം 15.05.2019 ലെ No.6296/AC-B/KUHS/2013 ഉത്തരവ് പ്രകാരം സർവ്വകല നടപ്പാക്കിയിട്ടുണ്ട്. ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

“Continuation of affiliation may be granted to colleges subject to rectification of faculty deficiency (upto 10% as given by apex councils wherever applicable and 5% for courses having no statutory council stipulati this effect) which may be verified during next years surprise inspections. No re-inspection fee may be levi such cases

Those Colleges where a re-inspection is required due to major deficiencies including IP Strength and I deficiency above the limit, have to remit a re-inspection fee of Rs.20,000/- and submit an affidavit frc Principal to the effect that the College has rectified all the deficiencies noted by the inspection team amd de based on the findings of the re-inspection conducted by the University to verify this claim shall be final"

2020-21 വർഷത്തേയ്ക്കുള്ള നഴ്സിംഗ് അഫിലിയേഷൻ സ്യൂട്ട് ഫയലുകൾ പരിശോധിച്ചതിൽ സ്കൂട്ടിനി റി( പ്രകാരം സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ 5% ന് മുകളിലും ഗവൺമെന്റ് കോളേജുകളിൽ 10% ന് മു( ഫാക്കൽറ്റി കുറവ് രേഖപ്പെടുത്തിയ ചില നഴ്സിംഗ് കോളേജുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| SL NO. | COLLEGE NAME | FACULTY DEFFICIENCY (in %) |
|---|---|---|
| 1 | Government Nursing College,Kannur | 34.6 |
| 2 | College of Nursing, EMS Memorial Co-Operative Hospital, Malappuram | 17.24 |
| 3 | Govt. College of Nursing, Alappuzha | 17.24 |
| 4 | College of Nursing, Thalassery, Nettur,Kannur | 8.6 |
| 5 | Co-Operative College of nursing, Thiruvananthapuram | 11.4 |
| 6 | Govt.College of Nursing, Thrissur | 20.6 |
| 7 | SI-MET College of Nursing, Malampuzha | 13 |
| 8 | SI-MET College of Nursing, Kasaragod Ayampara | 33.3 |
സർവ്വകലാശാല ഉത്തരവ് 292/Exam fin/Remuneration/2012 dt 1.8.12 ക്രമനം.v പ്രകാരം chairman/co-ordinat other officials attending centralised valuation duty within 50 kms are eligible for special camp allowance hours of halt. ഗവേണിംഗ് കൗൺസിൽ തീരുമാനം നം.6.12 ൽ staff attending duty at valuation camp are for TA and special camp allowance equivalent to 1 DA per day admissible at govt rate.

ചെയർപേഴ്സൺമാർക്ക് പ്രതിദിനം 700/- രൂപയ്ക്ക് പുറമേ സ്പെഷൽ ക്യാമ്പ് അലവൻസ് എന്ന പേരിൽ അനുവദിക്കേണ്ടതുണ്ടോ എന്ന ഓഡിറ്റ് എൻക്വയറി നമ്പർ.10/2020-21തീയതി.02.02.2022 നുള്ള മറുപ ഇവാലുവേറ്റർമാരുമായി താരതമ്യം ചെയ്യുമ്പോൾ ചെയർ പേഴ്സൺമാർക്ക് അധിക ചുമതലയും ജോലി മൂല്യനിർണ്ണയ ക്യാമ്പുകളിൽ ആവശ്യമായി വരുന്നു എന്നും അധിക ജോലിക്ക് നൽകുന്ന പ്രതിഫലം മാത്രമാണ് രൂപ എന്നും ഈ തുകയ്ക്ക് സ്പെഷൽ ക്യാമ്പ് അലവൻസുമായി ബന്ധമില്ലെന്നുമാണ് സർവ്വകലാശാല അറിയിച്ചിട്ടു

ഇവാലുവേറ്റർമാരുടെ കാര്യത്തിൽ മൂല്യനിർണ്ണയം നടത്തുന്ന ഉത്തര പുസ്തകങ്ങളുടെ എണ്ണത്തിനനുസരി സ്പെഷ്യൽ ക്യാമ്പ് അലവൻസ് അനുവദിച്ച് വരുന്നത്. കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിലെ ഹാൾട്ടിന് അലവൻസ് നൽകി വരുന്നത് അനുവദിക്കാമെങ്കിലും ഹാൾട്ടില്ലാത്ത യാത്രകൾക്ക് ടി.എ അനുവദിക്കുന്നതോ സ്പെഷ്യൽ ക്യാമ്പ് അലവൻസ് എന്ന പേരിൽ ഡി.എ അനുവദിക്കുന്നത് ശരിയായ നടപടിയല്ല. ചെയർപേഴ്സൺ പ്രതിദിനം 700/- നിരക്കിൽ തുക അനുവദിക്കുന്നുണ്ടെന്നിരിക്കെ ക്യാമ്പിൽ പങ്കെടുക്കുന്നതിന് പ്രത്യേകം സ്പെ ക്യാമ്പ് അലവൻസ് അനുവദിക്കുന്ന സർവ്വകലാശാലയുടെ നടപടി പരിശോധനാ വിധേയമാക്കേണ്ടതാണ്.

## 3-10 പരീക്ഷാ നടത്തിപ്പിനായി കോളേജുകൾക്ക് നൽകിയ അഡ്വാൻസുകൾ ക്രമീകരിച്ചി

**Examination expense-Conduct of exams-Compliance-others**

കേരള ഫിനാൻഷ്യൽ കോഡ്, വാല്യം 1, ആർട്ടിക്കിൾ 99 പ്രകാരം മുൻകൂർ തുകകൾ നൽകിയ തിയ്യതി മു മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് (അ) 419 /2011/ധന തിയതി 4.10.2011 പ്ര മുൻകൂർ കൈപ്പറ്റി 3 മാസത്തിനുള്ളിൽ ക്രമീകരണ ബില്ലുകൾ സമർപ്പിക്കാത്ത പക്ഷം മുഴുവൻ അഡ്വാൻസ് തിരിച്ചു പിടിക്കേണ്ടതും, തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച തിയ്യതി മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വ പലിശ കണക്കാക്കി ഒറ്റത്തവണയായി തിരികെ ഈടാക്കേണ്ടതുമാണ്. 2020-21 സാമ്പത്തികവർഷം കോളേജുകളിലെ പരീക്ഷാ നടത്തിപ്പിനായി അനുവദിച്ച മുൻകൂർ തുകയിൽ നാളിതുവരെ (ഓഡിറ്റ് എൻക്വ 24.3.22 ൽ ഹാജരാക്കിയ മറുപടി പ്രകാരം) ക്രമീകരിക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻ നമ്പർ.12/2020-21 തീയതി. 11.02.2022)

| ക്രമ നമ്പർ | വൗച്ചർ നം/ തിയ്യതി | കോളേജ് | തുക |
|---|---|---|---|
| 1 | P541/11.1.21 | ഗവ. മെഡിക്കൽ കോളേജ്, കണ്ണൂർ | 16,200/- |
| 2 | P200/28.7.20 | ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 18,500/- |
| 3 | P202/28.7.20 | ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 88,800/- |
| 4 | P201/28.7.20 | ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 10,500/- |

| | | | |
|---|---|---|---|
| 7 | P200/28.7.20 | ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ | 33,300/- |
| 10 | P202/28.7.20 | കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ | 8,350/- |
| 11 | P202/28.7.20 | കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ | 13,700/- |
| 12 | P202/28.7.20 | കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ | 9,150/- |
| 13 | P512/9.11.20 | ഗവ. കോളേജ് ഓഫ് നഴ്സിംഗ്, തിരുവനന്തപുരം | 30,000/- |
| | | ആകെ | 228500 |

സർക്കാർ ഉത്തരവിനു വിധേയമായി മുൻകൂർ തുക 18% പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപ സ്വീകരിക്കേണ്ടതാണ്.

## 3-11 കമ്പ്യൂട്ടറുകളുടെ വാർഷിക പരിപാലനം സംബന്ധിച്ച്

**Maintenance of register-stock register-Others**

വൗച്ചർ നം. 292/1.7.20, തുക- 1,03,736/-

സർവ്വകലാശാലയിലെ 110എണ്ണം HP ഡെസ്ക് ടോപ്പുകളുടെ വാർഷിക പരിപാലനത്തിനായി സർവ്വകലാശാല ഇൻഡ്യ സെയിൽസ് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ 18.11.19 ൽ 3വർഷത്തെ കരാറിൽ ഏർപ്പെട്ടിരുന്നു. ആയ അടിസ്ഥാനത്തിൽ മേൽ വൗച്ചർ പ്രകാരം 1.11.19 മുതൽ 30.4.20 വരെയുള്ള (AMC പ്രാബല്യ തിയതി കരാർ തിയ്യ മുമ്പെയുള്ള തിയ്യതിയായി രേഖപ്പെടുത്തിയിരിക്കുന്നു) കമ്പ്യൂട്ടറുകളുടെ വാർഷികപരിപാലന കരാറിന് മേൽ പ്ര തുക അനുവദിച്ചിട്ടുണ്ട്. (Inv.No.1911MH11022135/27.2.20, 105524/-, (89427.80+18%GST-16097)) എ വാർഷികപരിപാലന കരാർ ഏർപ്പെടുത്തിയ കമ്പ്യൂട്ടറുകളുടെ വിശദാംശം വൗച്ചറിനോടൊപ്പം ലഭ്യമല്ല.

1. സ്റ്റോർ പർച്ചേസ് മാന്വൽ (ഖ.9.63 മുതൽ 9.72 വരെ) പ്രകാരം മെഷിനറികൾ, ഇലക്ട്രിക്/ഇലക്ട്രോ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ ഹാർഡ് വെയർ, സോഫ്റ്റ് വെയർ, വാഹനങ്ങൾ മുതലായവയുടെ പിഴവുകളി സേവനങ്ങൾക്ക് വാറണ്ടി കാലയളവ് കഴിഞ്ഞതിനുശേഷം മാത്രമാണ് അറ്റകുറ്റപ്പണിക്ക് കരാറിൽ ഏർപ്പെടാ കൂടാതെ വാറണ്ടി പിരീഡിനുള്ളിൽ വിതരണക്കാരൻ സാമഗ്രികളുടെ അറ്റകുറ്റപ്പണി സൗജന്യ നിർവ്വഹിക്കേണ്ടതാണ്.

സർവ്വകലാശാലയിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് ര സൂക്ഷിക്കുന്നുണ്ടെങ്കിലും സർക്കുലർ നം. 86/2010/ഫിൻ തിയതി 24.9.2010 ൽ പറയും പ്രകാരമുള്ള ന് മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൂടാതെ ഗ്യാരണ്ടി /വാറണ്ടി പിരീഡും രേഖപ്പെടുത്തിയിട്ടില്ല. ആയത തന്നെ വാർഷികപരിപാലന കരാർ അനുവദിച്ച 110 കമ്പ്യൂട്ടറുകളുടെ വാറണ്ടി പിരീഡ് അവസാനി ശേഷമാണോ AMC ഏർപ്പെടുത്തിയതെന്ന് രജിസ്റ്റർ പ്രകാരം വ്യക്തമല്ല.

2. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല.

സ്റ്റോക്ക് രജിസ്റ്റർ (ഹാർഡ് വെയർ &സോഫ്റ്റ് വെയർ) പ്രകാരം 2010 മുതൽ 2020 വരെ സർവ്വകലാശാ പർച്ചേസ് ചെയ്ത HP കമ്പ്യൂട്ടറുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം | സർവ്വകലാശാല ലഭ്യമാക്കിയ |
|---|---|---|

| | കമ്പ്യൂട്ടറുകളുടെ എണ്ണം | മറുപടി പ്രകാരം കമ്പ്യൂട്ടറുകളുടെ എണ്ണം |
|---|---|---|
| 2010-2016 | 142 | 172 |
| 17-18 | 21 | ലഭ്യമാക്കിയിട്ടില്ല |
| 18-19 | 100 | 80 |
| 20-21 | 50 | ലഭ്യമാക്കിയിട്ടില്ല |
| | 313 | 252 |

ഓഡിറ്റിൽ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ കമ്പ്യൂട്ടറുകളുടെ എണ്ണവും സർവ്വകല ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ച കമ്പ്യൂട്ടറുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (ഓ.എ.നം.52/20.7.22) 2010 മുതൽ 201( സർവ്വകലാശാല വാങ്ങിയ കമ്പ്യൂട്ടറുകളുടെയും, AMC അനുവദിച്ച കമ്പ്യൂട്ടറുകളുടെയും വിശദാം( ഹാജരാക്കിയിട്ടുണ്ട്. ആയതു പ്രകാരം പ്രവർത്തനക്ഷമമല്ലാത്ത 22 കമ്പ്യൂട്ടറുകൾ നിലവിലുണ്ടെന്ന് അറിയി( ആയവ ഇ-വേസ്റ്റ് ആയി പരിഗണിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ക( സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളോടു കൂടി തയ്യാറാക്കിയത് ഓഡ( ഹാജരാക്കേണ്ടതുമാണ്.

## 3-12 കേരള ഹൈക്കോടതി വിധിന്യായങ്ങൾ ക്രോഡീകരിച്ചത് - നാളിതുവരെ ലഭ്യമായിട്ട

internal control-office-monitoring

2010 മുതൽ 2020 വരെയുള്ള കാലയളവിലെ സർവ്വകലാശാലയുമായി ബന്ധപ്പെട്ട കേരള ഹൈക്കേ വിധിന്യായങ്ങളുടെ ക്രോഡീകരണത്തിനായി കൺസൾട്ടൻസി വ്യവസ്ഥയിൽ അഡ്വ.ശ്രീ.കെ.എൻ.സ( എന്നയാളെ 13.1.2021 മുതൽ 2 മാസത്തേയ്ക്ക് പ്രതിമാസം 25000/- രൂപ വേതനം നൽകികൊണ്ട് നിയമിച്ച (UONO.77/2021/Admn/KUHS, 13.1.2021) എന്നാൽ മേൽ കാലയളവിൽ ക്രോഡീകരണ ജോലികൾ പൂർത്തീ സർവ്വകലാശാലയെ അറിയിച്ചിട്ടില്ല. യഥാസമയം ജോലി പൂർത്തീകരിക്കാത്ത സാഹചര്യത്തിലും ക്രോഡീ ജോലികൾ മുഴുവൻ രണ്ട് മാസം കൊണ്ട് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്നും ആയത് പൂർത്തിയാക്കുവാ( മാസത്തെ അധിക സമയംനൽകണമെന്നും അഡ്വ.ശ്രീ.കെ.എൻ.സതീശൻ ആവശ്യപ്പെട്ടതനുസരിച്ച് 11.2.20( ഉത്തരവ് നം. 175/2022/അഡ്മിൻ/കേ.ആ.സ പ്രകാരം രണ്ടു മാസം സമയം അധികമായി അനുവദിച്ചിട്ടുണ്ട്. ഇ( അധിക സമയം അനുവദിച്ചത് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്.

1) വിധിന്യായങ്ങളുടെ തരം തിരിച്ചുള്ള ക്രോഡീകരണം ഉത്തരവ് തിയതി മുതൽ രണ്ട് മാ( സമയപരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതും ആയത് നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ സർവ്വകലാശാ( സമർപ്പിക്കേണ്ടതുമാണ്.

2) ക്രോഡീകരിച്ച വിധിന്യായങ്ങളുടെ സോഫ്റ്റ്കോപ്പിയും ഹാർഡ്കോപ്പിയും സർവ്വകലാശാ( സമർപ്പിക്കേണ്ടതാണ്. ആയതിന്റെ പകർപ്പവകാശം സർവ്വകലാശാലയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

3) അധികസമയം അനുവദിച്ച രണ്ട് മാസത്തേയ്ക്കുള്ള ഓണറേറിയത്തിനു അർഹത ഉണ്ടായിരിക്കുന്നതും അന( അധികസമയത്തിനുള്ളിൽ ബന്ധപ്പെട്ട ജോലികൾ തീർക്കേണ്ടതുമാണ്.

എന്നാൽ ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക, വിധിന്യായങ്ങൾ ക്രോഡീക സർവ്വകലാശാലയിൽ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന 16.8.2022 ലെ മറുപടിയിൽ പറയുന്നു. കൂടാതെ ഇത്തര നിയമനം നടത്തുന്നതിന് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. അനുവദിച്ച സമയത്തിനുള്ളിൽ വിധിന്യാ ക്രോഡീകരിച്ചത് ലഭ്യമാക്കാത്തതിന് സർവ്വകലാശാല സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 3-13 കേസുകളുടെ തുടർ വിവരം നിരീക്ഷിക്കുന്നത് - ഒറിജിനൽ പെറ്റീഷൻ രജിസ്റ്റർ പരിപാലിച്ചിട്ടില്ല

**Maintenance of register-stock register-Maintenance/ updation**

ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെടുന്ന ഒറിജിനൽ പെറ്റീഷനുകൾ, റിട്ട് അപ്പീലുകൾ, ന അപ്പീലുകൾ, മറ്റ് കോടതി നടപടികൾ എന്നിവയുടെ നടത്തിപ്പ് നിരന്തരം നിരീക്ഷിക്കുന്നതിന്റെ ഭാ കേസുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒരു ഒറിജിനൽ പെറ്റീഷൻ രജിസ്റ്റർ (OP രജിസ്റ്റർ) സൂക്ഷിക്കേണ്ട നിയമവകുപ്പ് സെക്രട്ടറിയുടെ 14.7.2017 ലെ 17709/ഇൻസ്പെ 3/2016/നിയമം-(11) നമ്പർ സർക്കുലറിൽ ഇ വ്യക്തമാക്കുകയും അനുബന്ധമായി കൊടുത്തിട്ടുള്ള മാതൃകയിൽ കേസുകൾ സംബന്ധിച്ച വിവരങ്ങൾ കൃത രേഖപ്പെടുത്തി സുക്ഷിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആരോഗ്യ സർവ്വകലാശാലയിൽ 2020-21 സാമ്പത്തിക വർഷം കേസുകളുടെ നടത്തിപ്പുമായി ബന്ധ 47,06,200/- രൂപ standing counsel ന് നൽകിയിട്ടുണ്ട്. നിലവിൽ തീർപ്പാകാതെ അവശേഷിക്കുന്ന 285 കേ കേരള ഹൈക്കോടതിയിലും 33 കേസുകൾ സുപ്രീം കോടതിയിലും ഉള്ളതായി സർവ്വകലാശാല നൽകിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിശദമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന ഒറിജിനൽ പെ രജിസ്റ്റർ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. മേൽ സർക്കുലർ പ്രകാരം ഓരോ സ്ഥാപനവും കൺസോളിഡേറ്റഡ് സ്യൂട്ട് ര ഫോമിൽ OP രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സർവ്വകലാശാലയിൽ ഇപ്രകാരമുള്ള രജിസ്റ്ററിന് സോഫ്റ്റ് കോപ്പിയായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ മേൽപ്പറഞ്ഞ സർക്കുലറിൽ വ്യക്തമാക്കിയി മാതൃകയിൽ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല. അതിനാൽ തന്നെ അപൂർണ്ണമാണ് സോഫ്റ്റ് ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഇപ്പോഴും തുടരുന്നില്ല എന്നതാണ് ഇതിൽ നിന്നും മനസിലാ ആയതിനാൽ കേസുകളുടെ നിലവിലെ സ്ഥിതി, വാദം, തീർപ്പാക്കൽ എന്നതുമായി ബന്ധപ്പെട്ട ഒരു രേ ഓഡിറ്റിനു ലഭ്യമായിട്ടില്ല. അതിനാൽ ഒരു കൺസോളിഡേറ്റഡ് സ്യൂട്ട് രജിസ്റ്റർ (OP രജിസ്റ്റർ) തയ്യാറാക്കി കൃത വിവരങ്ങൾ ചേർത്ത് പരിപാലിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-14 സർവ്വകലാശാല അദ്ധ്യാപക തസ്തികകൾ – നാളിതുവരെ സ്പെഷൽ റൂൾ തയ്യാറാക്കിയിട്ടില്ല

General administration-administration- Co ordination of activities

കേരള ആരോഗ്യ സർവ്വകലാശാല രജിസ്ട്രാറുടെ 23.1.2017 തിയ്യതിയിലെ 400C/14 അഡ്മിൻ.എ/KUHSനമ്പർ ക ശുപാർശ പ്രകാരം ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ് സ.ഉ.(കൈ)നം.110/2017/ആരോഗ്യ കുടുംബക്ഷേമ തിയതി 14.7.17 പ്രകാരം അനുവദിച്ച തസ്തികകളിൽ അദ്ധ്യാപക തസ്തികകൾ 17 എണ്ണം ഉൾപ്പെട്ടിരുന്നു. വിശ ചുവടെ ചേർക്കുന്നു.

| തസ്തിക | ശമ്പള സ്കെയിൽ +ഗ്രേഡ് പേ | തസ്തികകളുടെ എണ്ണം | നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | നിയമന രീതി |
|---|---|---|---|---|
| പ്രൊഫസർ | 37400-67000 + | 4 | 2 | 1.SFRA-പുനർനിയമനം |

| | | | | |
|---|---|---|---|---|
| | 10000 | | | 2.SHHP- പുനർനിയമനം |
| അസോസിയേറ്റ് പ്രൊഫസർ | 37400-67000 +9000 | 8 | 5 | കരാർ-3<br>ഡെപ്യൂട്ടേഷൻ-1<br>പുനർനിയമനം-1 |
| അസി. പ്രൊഫസർ | 15600-39100 + 5000 | 4 | ഇല്ല | ------ |
| അസി. ലൈബ്രേറിയൻ(UGC) | 15600-39100 + 5000 | 1 | 1 | ഡെപ്യൂട്ടേഷൻ |
| | ആകെ | 17 | 8 | |

കേരള ആരോഗ്യ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഖണ്ഡിക നം.67 പ്രകാരം അദ്ധ്യാപക നിയമനം സംബന്ധിച്ച നിർ ചുവടെ ചേർക്കുന്നു.

“Except in the case of short term contract appointments, teachers of the university shall be appointed Governing Council after advertisement inviting application by issuing notification in the university website. In of appointments by direct recruitments to posts in any class or category in each department under the univ the university shall observe the provision of clause (a), (b), and (c) of rule 14, 15, 16, 17 of KSSSR rules 19 amended from time to time.

എന്നാൽ മേൽ പറഞ്ഞ തസ്തികകളിൽ പുനർനിയമനം, ഡെപ്യൂട്ടേഷൻ, കരാർ നിയമനം എന്നിങ്ങനെ ജീവനക്കാരെ വിന്യസിച്ചിട്ടുള്ളത്. നിലവിലെ സ്റ്റാറ്റ്യൂട്ടിൽ അദ്ധ്യാപകരുടെ സേവന വ്യവസ്ഥകളെ സംബ യാതൊരു പരാമർശവും ഇല്ല എന്നും അദ്ധ്യാപകരുടെ യോഗ്യത, പരിചയസമ്പന്നത എന്നിവയെ സംബ പ്രത്യേക റഗുലേഷനുകളും പുറപ്പെടുവിച്ചിട്ടില്ല എന്നും ഗവേണിംഗ് കൗൺസിലിന്റെ 17.2.2021ലെ 63.10തീരുമാന രേഖപ്പെടുത്തി കാണുന്നു. 2017ൽ സർവ്വകലാശാലയ്ക്ക് അദ്ധ്യാപക തസ്തികകൾ അനുവദിക്കപ്പെട്ടിട്ടും നാളി അദ്ധ്യാപക നിയമനം സംബന്ധിച്ച് സ്പെഷൽ റൂൾ തയ്യാറാക്കാത്തതിന്, അദ്ധ്യാപക തസ്തികകളുടെ സ്പെഷൽ റെഗുലേഷനുകൾ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചതായി ഓഡിറ്റ് എൻക്വയറി നം. 31/1.4. മറുപടി നൽകിയിട്ടുണ്ട്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ട് 2010, വകുപ്പ് 5(1) പ്രകാരം വൈദ്യ ഗവേഷണം പരിപോഷിപ്പിച്ചു കൊണ്ടും പ്രോത്സാഹിപ്പിച്ചു കൊണ്ടും വൈദ്യശാസ്ത്രങ്ങളുടെയും അനു മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും, വ്യാപിപ്പിക്കുകയും ചെയ്യുക എന്നത് സർവ്വകലാശാ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അപ്രകാരമുള്ള ലക്ഷ്യം കൈവരിക്കുന്നതിന് അദ്ധ്യാപക തസ്തി അനിവാര്യമാണെന്നിരിക്കെ സ്പെഷൽ റൂൾ തയ്യാറാക്കി അദ്ധ്യാപക തസ്തികകളിൽ സ്ഥിര നിയമനം നടത്ത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 രജിസ്ട്രാർ നിയമനം - സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ച് വിജ്ഞാപനം ചെയ്ത് നിയമനം നടത്തി

General administration-Administration-co-ordination of activities

ഫയൽ നം. 2019/2263/1 (സ്യൂട്ട് ഫയൽ)

ആരോഗ്യകുടുംബ ക്ഷേമവകുപ്പിന്റെ GO (RT) No. 3515/2015/H & FWD തിയതി 5.11.15 ഉത്തരവ് പ്ര സർവ്വകലാശാലയിൽ രജിസ്ട്രാറായി നിയമിതയായ ഡോ.എം.കെ.മംഗളം എന്നവരുടെ സേവന കാലാവധി 27.5 പൂർത്തികരിക്കുന്നതിനാൽ 28.5.19 മുതൽ പുതിയ രജിസ്ട്രാറെ നിയമിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുന സർവ്വകലാശാല തീരുമാനിച്ചിരുന്നു. രജിസ്ട്രാറുടെ നിയമന ഫയൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാന ഹാജരാക്കിയ മേൽ ഫയൽ പരിശോധിച്ചതിൽ കണ്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1.രജിസ്ട്രാർ തസ്തികയുമായി ബന്ധപ്പെട്ട് ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ വ്യവസ്ഥകൾ**

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ട് അദ്ധ്യായം 3, സെക്ഷൻ 14 പ്രകാരം സ്റ്റാറ്റ്യൂട്ടിൽ നിർദ്ദേശ വിധം ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ ശുപാർശയിൽ ഗവേണിംഗ് കൗൺസിൽ അനുമതിc വൈസ് ചാൻസലർ രജിസ്ട്രാറെ നിയമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള ആരോഗ്യ സർവ്വകലാശാല ആക്ട് അദ്ധ്യായം 3, സെക്ഷൻ 14(1), (2), &(3) എന്നിവ പ്രകാരം രജിസ്ട്രാറെ നിയമിക്കുന്ന ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാണെങ്കിലും രജിസ്ട്രാർ തസ്തികയുടെ യോഗ്യതയോ, സെലക്ഷൻ കമ്മി ഘടനയോ ആക്ടിൽ പരാമർശിക്കുന്നില്ല. ഇവ സംബന്ധിച്ച് നിലവിലെ സ്റ്റാറ്റ്യൂട്ടിലും യാതൊന്നും പരാമർശിച്ചിട്ടി

സർവ്വകലാശാലയ്ക്ക് രജിസ്ട്രാർ തസ്തിക അനുവദിച്ച 8.12.2009 ലെ ജി.ഒ. (എം. എസ്)നം. 420/2009/ H സർക്കാർ ഉത്തരവിൽ നിയമന രീതി ഡെപ്യൂട്ടേഷൻ & റീഎംപ്ലോയ് മെന്റ് എന്നാണ് രേഖപ്പെടുത്തിയിരിക്ക സ്റ്റാറ്റ്യൂട്ടിൽ തസ്തികയുടെ യോഗ്യത സംബന്ധിച്ച് പരാമർശം ഇല്ലാത്തതിനാൽ നേരിട്ടുള്ള നിയമനം സാധ്യമ എന്നാൽ നിലവിലെ സ്റ്റാറ്റ്യൂട്ട് (ജി.ഒ.(പി)നം.3/2019/H&FWD തിയതി.6.2.19 പ്രകാരം അംഗീകരിച്ചത്) അദ്ധ്യാ സെക്ഷൻ 29 പ്രകാരം സർവ്വകലാശാലയ്ക്ക് രജിസ്ട്രാറെ അന്യത്ര സേവന വ്യവസ്ഥയിൽ സർക്കാർ/കേന്ദ്രസം സ്ഥാപനങ്ങളിൽ നിന്നും നിയമിക്കാവുന്നതാണ്. പരിഷ്കരിച്ച കരട് സ്റ്റാറ്റ്യൂട്ടിലും സർവ്വകലാശാലയ്ക്ക് രജി അന്യത്ര സേവന വ്യവസ്ഥയിൽ കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും നിയമിക്ക വ്യക്തമാക്കിയിട്ടുള്ളതായി നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**2.രജിസ്ട്രാർ തസ്തികയിലെ വിജ്ഞാപനം**

സർവ്വകലാശാല 19.2.19 ലെ നം. 2263/2019/എ1/അഡ്മിൻ/കെ.ആ.സ പ്രകാരം പുറപ്പെടുവിച്ച ര നിയമനവുമായി ബന്ധപ്പെട്ട വിജ്ഞാപനത്തിൽ "കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ അഫില ചെയ്തിട്ടുള്ള സർക്കാർ /എയ്ഡഡ് സ്ഥാപനങ്ങളിൽ " സ്ഥിര നിയമനത്തിൽ സേവനമനുഷ്ഠിച്ച യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു എന്നാണ് വിജ്ഞാപനം ചെയ്തത്. കേരള ആ ശാസ്ത്ര സർവ്വകലാശാല ആക്ട് 2010, ചാപ്റ്റർ I, സെക്ഷൻ 2, സബ് സെക്ഷൻ (c) പ്രകാരം Aided college or inst means a private college or institution which is entitled to have financial assistance from the Govt രേഖപ്പെടുത്തിയിരിക്കുന്നു. സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ വ്യവസ്ഥയിൽ നിന്നും വ്യതി എയ്ഡഡ് സ്ഥാപനങ്ങൾ അടക്കം ഉൾപ്പെടുത്തിയാണ് അപേക്ഷ ക്ഷണിച്ചത്.

**3.രജിസ്ട്രാർ തസ്തികയുടെ യോഗ്യത**

| സർവ്വകലാശാല വിജ്ഞാപനത്തിൽ തസ്തികയുടെ യോഗ്യത (ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചത്) പ്രസിദ്ധപ്പെടുത്തിയത് | കൂടാതെകേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ട്സെക്ഷൻ 14(3) |
|---|---|
| | |

| | |
|---|---|
| ഏതെങ്കിലും ഹെൽത്ത് സയൻസസ് വിഷയത്തിൽ നേടിയിട്ടുള്ള കേരള ആരോഗ്യ സർവ്വകലാശാല അംഗീകരിച്ച ബിരുദവും ബിരുദാനന്തര ബിരുദവും | കൂടാതെ<br>The qualification and experience for the purpose of selection of the Registrar shall be as approved by state govt. |
| 15 വർഷത്തെ മുഴുവൻ സമയ അധ്യാപന പരിചയം. അതിൽ തന്നെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർവ്വകലാശാല/കോളേജ്/തത്തുല്യ സ്ഥാപനങ്ങളിൽ കുറഞ്ഞത് 5 വർഷത്തെ ഭരണ പരിചയം. | |
| പ്രായം- വിജ്ഞാപന തീയതിയിൽ 45 നം 55 നം ഇടയിൽ | |

ഇപ്രകാരം സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ തീരുമാനപ്രകാരമുള്ള യോ അടിസ്ഥാനമാക്കിയാണ് രജിസ്ട്രാർ നിയമനത്തിനുള്ള യോഗ്യത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീക കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ടിലെ വ്യവസ്ഥ പ്രകാരം രജിസ്ട്രാർ തസ്തികയുടെ യോഗ്യതയ്ക്ക് സം സർക്കാർ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.**<u>നിയമനനടപടികൾ</u>**

വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ചതിൽ 3 അപേക്ഷകൾ ലഭിക്കുകയും രജിസ്ട്രാർ നിയമനത്തിന ( രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് സെലക്ഷൻ കമ്മിറ്റി ശുപാർശ ഡോ.എ.കെ.മനോജ് കുമാർ, പ്രൊഫസർ, വി.പി.എസ്.വി ആയുർവേദ കോളേജ്, കോട്ടക്കലിനെ ( നിലവിൽ എസ്.എ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല) രജിസ്ട്രാറായി നിയമിക്കാൻ ഗവേണിംഗ് കൗൺസിൽ ( അംഗീകാരം നൽകുകയും ചെയ്തു.

**<u>5.നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.</u>**

രജിസ്ട്രാർ നിയമനത്തിനായി അപേക്ഷ നൽകിയ ഡോ.എ.കെ.മനോജ് കുമാർ സേവനം അനുഷ്ഠിച്ചുവരുന്ന ആയുർവേദ കോളേജ്, കോട്ടയ്ക്കൽ കേരള ആയുർവേദിക്ക് റിസർച്ച് സ്റ്റഡീസ് എന്ന സൊസൈറ്റിയുടെ കീഴി പ്രവർത്തിക്കുന്നത്. ഈ സൊസൈറ്റി ഗവൺമെന്റ് ആയുഷ് ഡിപ്പാർട്ട്മെന്റിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഡെപ്യൂട്ടേഷൻ നിയമനമായതിനാൽ ആയുഷ് വകുപ്പിൽ നിന്നുള്ള എതിർപ്പില്ലാ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് എന്നിരിക്കെ രജിസ്ട്രാർ നിയമനത്തിനായി അപേക്ഷിച്ച ഡോ.എ.കെ.മനോജ് കുമാർ ന തിയതിക്കുള്ളിൽ (18.6.19നുള്ളിൽ) നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

**<u>6.ആയുഷ് വകുപ്പിൽ നിന്നുള്ള സാധൂകരണം</u>**

ഡോ.എ.കെ.മനോജ് കുമാറിന്റെ സേവനം വിട്ടു നൽകുന്നതിന് കേരള ആയുർവേദ പഠന ഗവേ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ അനുമതി നൽകിയ സാഹചര്യത്തിൽ സർവ്വകലാശാല അദ്ദേഹത സേവനം വിട്ടുകിട്ടുന്നതിനായി ആയുഷ് വകുപ്പിന്റെ അനുമതി തേടിയിരുന്നില്ല. ആയത ഡോ.എ.കെ.മനോജ്കുമാറിനെ രജിസ്ട്രാറായി അന്യത്ര സേവനത്തിൽ നിയമിച്ചതിൽ ആയുഷ് വകു സാധൂകരണം അഭ്യർത്ഥിച്ച് സർക്കാരിലേയ്ക്ക് കത്തയയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് (നോട്ട് ഫയൽ 290/2 ആയുഷ് വകുപ്പിൽ നിന്നും സാധൂകരണം ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

7.**<u>ഡെപ്യൂട്ടേഷൻ നിയമനത്തിനുള്ള സർക്കാർ അനുമതി</u>**

കേരള സർവ്വീസ് റൂൾസ് ചട്ടം 140(b) പ്രകാരം ജീവനക്കാരനെ അന്യത്രസേവനത്തിന് നിയോഗിക്കാൻ സ അനുവാദം ആവശ്യമാണ്. രജിസ്ട്രാർ തസ്തികയിൽ അന്യത്ര സേവനം അനുവദിച്ചു കിട്ടുന്നതിന് സ അനുമതിക്കായി 30.5.19 ലെ 2263/2019/A1/Admn.Estt/KUHS കത്തു പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഈ ക മറുപടിയായി കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ നിന്നും വ്യതിചലിച്ച് സൊസൈറ്റീസ് പ്രകാരം രജിസ്റ്റർ ചെയ്ത എയ്ഡഡ് കോളേജായ VPSV ആയുർവേദ കോളേജിൽ നിന്നും ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നതും, ഡോ.എ.കെ.മനോജ് കുമാറിന്റെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിലെ (സ്റ്റുഡന്റ് അഫയേഴ്സ്) തസ്തികയിലെ സേവനം ഭരണപരിചയമായി കണക്കാക്കാമോ എന്നും 6.6.19 ലെ നം ബി1/2019 കത്തുപ്രകാരം സർക്കാർ സംശയം പ്രകടിപ്പിച്ചിരുന്നു, എന്നിരിക്കിലും സർവ്വകലാശാല ആക്ട് സെ 14(1) പ്രകാരം വൈസ് ചാൻസലർക്ക് രജിസ്ട്രാറെ നിയമിക്കാനുള്ള അധികാരം ഉള്ളതിനാൽ സർക്കാരിന്റെ അ ആവശ്യമില്ല എന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം രജിസ്ട്രാർ നിയമനവുമായി ബന്ധപ്പെട്ട സർവ്വകലാശാ തീരുമാനത്തിൽ സർക്കാർ തന്നെ സംശയം പ്രകടിപ്പിച്ചിട്ടും സർവ്വകലാശാല ശുപാർശ ഡോ.എ.കെ.മനോജ്കുമാറിനെ രജിസ്ട്രാറായി നിയമനം നടത്താനുള്ള തീരുമാനത്തിൽ സർവ്വകലാശാല നിൽക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതു പ്രകാരം 18/6/19 മുതൽ ഡോ.എ.കെ.മനോജ്കുമാറിനെ രജിസ്ട്ര വൈസ് ചാൻസലർ നിയമിച്ചിട്ടുണ്ട്. സർക്കാർ പ്രകടിപ്പിച്ച സംശയം ദൂരീകരിക്കുന്നതിന് സർവ്വകല തുടർനടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

**<u>8.ആക്ട് പ്രകാരമുള്ള ഡീൻ തസ്തികയുടെ നിർവ്വചനം</u>**

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്ട് 2010, വകുപ്പ് 13 പ്രകാരം "The dean shall be an academic off the university concerned and responsible for implementation of the academic policies approved by the Aca council on respect of accademic development, maintenance of standards of teaching and training of tea within the concerned faculty".

ഡോ. എ. കെ മനോജ് കുമാറിന്റെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ ഡീൻ (ഡീൻ സ്റ്റ അഫയേഴ്സ്) തസ്തികയിലെ സേവനം ഭരണ പരിചയമായി കണക്കാക്കാമോ എന്ന സർക്കാരിന്റെ സംശയ അപ്രകാരമൊരു സംശയം സർവ്വകലാശാലയ്ക്ക് ഇല്ല എന്ന വ്യക്തമാക്കി കൊണ്ടാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (45 തി.31.05.2022) മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

സർവ്വകലാശാല ആക്ട് ചാപ്റ്റർ III സെക്ഷൻ 9, Officers of the University എന്നതിൽ (iv) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആക്ട് പ്രകാരം Dean എന്നത് അക്കാദമിക് ഓഫീസർ തസ്തികയാണ്. എന്നാൽ 03.02.20 ജി.ഒ(എം.എസ്) നം.47/2010/H&FWD പ്രകാരം സർക്കാർ സൃഷ്ടിച്ച 3 ഡീൻ തസ്തികകൾ Administrative തസ്തികയിലുള്ളതാണെന്നാണ് സർവ്വകലാശാല ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുള്ളത്. തസ്തിക അപ്രകാരമുള്ളതാണെന്ന് സർക്കാർ ഉത്തരവിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

നിയമസഭ അംഗീകരിച്ച ആക്ടിലെ ഡീൻ തസ്തികയും, സർക്കാർ ഉത്തരവു പ്രകാരം സൃഷ്ടിച്ച ഡീൻ തസ്തികയും ത ഇപ്രകാരമുള്ള വൈരുദ്ധ്യം നിലനിൽക്കുന്നതിനാൽ പ്രസ്തുത വൈരുദ്ധ്യം ഒഴിവാക്കുന്നതിനുള്ള നടപ സ്വീകരിക്കേണ്ടതാണ്. ആക്ടിലെ വ്യവസ്ഥകൾക്കുപരിയായി, സർക്കാർ ഉത്തരവു പ്രകാരം സൃഷ്ടിച്ച ഡീൻ ത അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക ആണെങ്കിൽ പ്രസ്തുത തസ്തികയുടെ യോഗ്യത, നിയമനരീതി, മ വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തി ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവയിൽ ഭേദഗതി വരുത്താനുള്ള നടപ

സ്വീകരിക്കേണ്ടതാണ്.

രജിസ്ട്രാർ നിയമനവുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച പ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതിനോടൊപ്പം, ന നടപടികൾ ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കേണ്ടതായുണ്ട് എന്നത അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 ഡീൻ (സ്റ്റുഡന്റ്സ് അഫയേഴ്സ്) നിയമനം – ആക്ടിൽ നിഷ്കർഷിച്ച യോഗ്യതയിൽ നി വ്യതിചലിച്ച് നിയമനം നടത്തി

**General administration-Administration-co-ordination of activities**

03.02.2010ലെ ജി.ഒ.(എം.എസ്) 47/2010/എച്ച്&എഫ്.ഡബ്ലിയു.ഡി നമ്പർ സർക്കാർ ഉത്തരവ് പ്ര സർവ്വകലാശാലയിൽ മൂന്ന് ഡീൻ തസ്തികകൾ 37400-67000 എന്ന ശമ്പള സ്കെയിലിൽ സർക്കാർ സൃഷ്ടിച്ച നിയമനരീതിയായി നേരിട്ടുള്ള നിയമനമോ ഡെപ്യൂട്ടേഷനോ ആണ് ഉത്തരവിൽ പ്രതിപാദിച്ചിരുന്നത്. ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ട് 2010, വകുപ്പ് 13(1) പ്രകാരം ഡീനിന്റെ നിയമനം സംബന്ധിച്ച് വ്യ ചുവടെ ചേർക്കുന്നു.

“ഒരു ഫാക്കൽറ്റിക്ക് ഒരു ഡീൻ ഉണ്ടായിരിക്കേണ്ടതും അദ്ദേഹം ബന്ധപ്പെട്ട വിഷയത്തിൽ ഒരു പ്രൊ പദവിയിൽ താഴെയല്ലാത്ത, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അദ്ധ്യാപന പരിചയവും അങ്ങനെയുള യോഗ്യതകളും ഉള്ള ഒരു അദ്ധ്യാപകൻ ആയിരിക്കേണ്ടതുമാണ്.” മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കുപരിയായി സ്റ്റുഡന്റ് അഫയേഴ്സ്, ഡീൻ റിസർച്ച്, ഡീൻ അക്കാദമിക് എന്നീ ചുമതലകളോടെ ഡീനിനെ നിയമിക്ക വ്യവസ്ഥകൾ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

ജി.ഒ.(പി) നം.3/2019/H&FWD തിയതി 06/02/19 പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഫസ്റ്റ് സ 2019 സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിൽ ഡീനിന്റെ യോഗ്യത, നിയമന രീതി, സേവന വ വ്യവസ്ഥകൾ തുടങ്ങിയവ സംബന്ധിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ല. ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ (എസ്.എ) ആയി ഡോ. ഇക്ബാൽ. വി.എം, അസിസ്റ്റന്റ് പ്രൊഫസർ, (Associate Professor on CAP) ഗവ. മെ കോളേജ് കോഴിക്കോടിനെ 01.04.2020 മുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് (ഗവേ കൗൺസിൽ തീരുമാനം. 58.04, തിയതി 23.12.19 ).

ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ സർക്കാർ ഉത്തരവ് നം. 656/2020/ആ.കു.വ തീയതി 25/03 പ്രകാരം നിലവിലെ അന്യത്ര സേവന വ്യവസ്ഥകൾക്കും, കെ.എസ്.ആർ ഭാഗം 1, ചട്ടം 140(C) പ്രക വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേക്കോ, ടി തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നത് വ ഏതാണ് ആദ്യം അതുവരെ അന്യത്ര സേവനം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സ.ഉ.(സാധ)നം.767/2021/ആ തിയതി 26/03/2021 പ്രകാരം നിയമനം 01/04/2021 മുതൽ 1 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി. ആ ശാസ്ത്ര സർവ്വകലാശാല ആക്ട്2010 ന്റെ വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ച് അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സേവനത്തിലിരിക്കുന്ന വ്യക്തിയെ ഡീൻ (സ്റ്റുഡന്റ്സ് അഫയേഴ്സ്) ആയി നിയമിച്ചതിന് മറുപടി നല ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.46/20-21 തിയ്യതി 31.05.2022 ന് സർവകലാശാല ലഭ്യമ മറുപടിയിൽ നിലവിലുള്ള ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവയിൽ ഡീൻമാരെ കുറിച്ച് പ്രതിപാദിക്കുന്നത് വിവിധ അക്ക ഫാക്കൽറ്റി ഡീൻമാരെ കുറിച്ചാണെന്നും, ഇവർ സർവ്വകലാശാലയിലെ അദ്ധ്യാപക അനധ്യാപക ജീവനക്ക ഗണത്തിൽ ഉൾപ്പെടുന്നവരല്ല എന്നും പറയുന്നു. സർക്കാർ സൃഷ്ടിച്ച 3 ഡീൻ തസ്തികകൾ UGC ശമ്പള സ്കെയിലി അഡ്മിനിസ്ട്രേറ്റീവ് ചുമതലയുള്ള ഓഫീസർ തസ്തികയാണ് എന്നും പറയുന്നു. എന്നാൽ ഡീൻ തസ്തിക സൃഷ്ടിച്ച സർക്കാർ പുറപ്പെടുവിച്ച (GO(MS)No.47/2010/H&FWD dt.03/02/2010) ഉത്തരവിൽ ശമ്പള സ്കെയിൽ, നിയമന എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തസ്തികയുടെ യോഗ്യത ഉത്തരവിൽ പരാമർശിച്ചിട്ടില്ല. ഡീ യോഗ്യത, നിയമനരീതി, സേവന വേതന വ്യവസ്ഥകൾ എന്നിവ ആക്ടിലും സ്റ്റാറ്റ്യൂട്ടിലും ഉൾപ്പെടുത്തുന്നത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 സർക്കാർ അംഗീകാരമില്ലാത്ത തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിലെ നിയമനം - വിവിധ ഉത്തരവുകൾ പ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകുന്നു

General administration-Administration-co-ordination of activities
ഫയൽ – 2020/17695/1 (സ്യൂട്ട് ഫയൽ)

2020 ഏപ്രിൽ മുതൽ നിലനിൽക്കുന്ന കോവിഡിന്റെ പശ്ചാത്തലത്തിൽ സർവ്വകലാശാലയുടെ ബന വകുപ്പുകൾ, സ്കൂൾസ് & സെന്റേഴ്സ് എന്നിവ നടത്തുന്ന വിവിധ കോഴ്സുകൾ ഓൺലൈൻ ആയി നടത്ത തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ Moodle Online TOT പരിപാടി 2020 ജൂലൈ 21 ന് ആരംഭിച ഓൺലൈൻ കോഴ്സുകൾ തുടങ്ങാനും അവയുടെ ദൈനംദിന നടത്തിപ്പ് ക്രമീകരിക്കുന്നതിനും, കോഴ്സ് മെറ്റീരി ശേഖരിക്കൽ, പരീക്ഷാനടത്തിപ്പ്, സർട്ടിഫിക്കറ്റ് നൽകൽ എന്നിവ കൃത്യമായി നിർവ്വഹിക്കുന്നതിനുമായി കമ്പ്യൂട്ടർ പരിചയം, ഓൺലൈൻ ക്ലാസുകൾ നടത്തിയ പരിചയം (Moodle) എന്നീ യോഗ്യതകളുള്ള വ്യ താല്ക്കാലിക അടിസ്ഥാനത്തിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്ത No. 1239/2020/Admn/KUHS dt. 31.12.2020 പ്രകാരം ശ്രീ.മോഹിത്.കെ.ആർ എന്നയാളെ കൺസൾട്ടന്റ് അ മാസ കാലയളവിലേക്ക് പ്രതിമാസം 25000/- രൂപ നിരക്കിൽ നിയമിച്ചു.

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് സെക്ഷൻ 15 (XIV) പ്രകാരം കൺസൾട്ടന്റ്, കൗൺസ എക്സ്റ്റേണൽ എക്സ്പെർട്സ് എന്നിവരെ നിയോഗിക്കുന്നതിനും, ഫീസ് അനുവദിക്കുന്നതിനും വൈസ് ചാൻസ അധികാരമുണ്ട്. എന്നാൽ സർക്കാർ അംഗീകാരം ഇല്ലാത്ത തസ്തിക ആയതിനാൽ കരാർ നിയമനം നടത ഓൺലൈൻ കോഴ്സുകൾ നടത്തുന്ന കാലയളവിലേക്ക് നിയമനം നടത്താനാണ് തീരുമാനിച്ചത്.

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 4, ഭാഗം 2 ഖണ്ഡിക 98 പ്രകാരം താല്ക്കാലികമായി നിയമ ജീവനക്കാരെ 3 മാസത്തിൽ കൂടുതൽ തുടരാൻ അനുവദിക്കരുത്. കൂടാതെ സർക്കാർ ഉത്തരവ് G.O(P 125/2013/H&FWD dt. 04/04/2013 പ്രകാരം പി.എസ്.സി മുഖേന സ്ഥിര നിയമനം നടത്തുന്നതു വ മാസകാലയളവിലേക്ക് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് ബഹു. ചാൻസലർക്ക് അനുവാദം നൽകിയിട്ടുണ്ട്.

സർവ്വകലാശാലയുടെ 17695/2020/B1/Admn Estt/KUHS തിയതി. 04/12/2020 ലെ നമ്പർ വിജ്ഞാപന പ്ര അപേക്ഷ ക്ഷണിച്ചതിൽ 15/12/2020 ന് നടന്ന ഇന്റർവ്യൂവിൽ ഒരു ഉദ്യോഗാർത്ഥി മാത്രമാണ് പങ്കെ അദ്ദേഹത്തെ 28/12/2020 മുതൽ Technical Assistant for moodle online programs ആയി നിയമിക്കുകയും പിന്നീട് ഡീൻ അക്കാദമിക് ഓഫീസിൽ നിന്നും ലഭിച്ച ശുപാർശകളുടെ അടിസ്ഥാനത്തിൽ കാ അവസാനിക്കുന്ന മുറയ്ക്ക് നിയമനകാലാവധി പുതുക്കി നൽകിയിട്ടുണ്ട്. ഈ തസ്തികയിൽ 28.12.20 ൽ നിയമനം ജീവനക്കാരൻ നിലവിലും സർവ്വകലാശാലയിൽ സേവനത്തിൽ തുടരുന്നു. ഇപ്രകാരം സർക്കാർ അംഗീകാരമി തസ്തികയിൽ താൽക്കാലിക നിയമനം നടത്തി കാലയളവ് ദീർഘിപ്പിച്ചു നൽകി വരുന്നതിന് നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 47/20-21 തിയ്യതി 31.05.2022 ന് സർവ്വകല ലഭ്യമാക്കിയ മറുപടിയിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് സെക്ഷൻ 15 B(XV) പ്രകാരം 179 ദിവസത്തേക്ക് കരാർ നി നടത്തുന്നതിന് ബഹു. വൈസ് ചാൻസിലർക്ക് അധികാരമുണ്ട് എന്നും, വളരെ കുറഞ്ഞ തസ്തികകൾ അനുവദിക്കപ്പെട്ട സാഹചര്യത്തിൽ സർവ്വകലാശാല ഫണ്ട് ഉപയോഗിച്ച് താൽക്കാലിക നിയമ നടത്തുന്നതിന് സർക്കാരും ഗവേണിംഗ് കൗൺസിലും സർവ്വകലാശാലയ്ക്ക് അനുമതി നൽകിയിട്ടുണ്ടെന്ന അറിയിച്ചിട്ടുള്ളത്. എന്നാൽ സ്റ്റാറ്റ്യൂട്ട് സെക്ഷൻ 15 B(XV) പ്രകാരം " engagement of employees on contract ba to 6 months against existing vaccancies" എന്നാണ് പറയുന്നത്. സർക്കാർ അംഗീകരിക്കാത്ത സർവ്വകലാശാ നിലവിലില്ലാത്ത തസ്തികയായതിനാൽ തന്നെ സർവ്വകലാശാലയുടെ ഈ മറുപടി പരിഗണനാർഹമല്ല. താല്ക നിയമനങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 സർവ്വകലാശാലയിലെ നിയമനങ്ങൾ- നിയമന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

## General administration-Administration-co-ordination of activities

സർവ്വകലാശാലയിലെ എസ്റ്റാബ്ലിഷ്മെന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ സർക്കാർ അനുവദിച്ച തസ്തികകളേ കൂടുതൽ തസ്തികകളിലേക്ക് നിയമനം നടത്തിയിട്ടുള്ളതായി കണ്ടു. സർവ്വകലാശാലയ്ക്ക് അനുവദിച്ച തസ്തി അവയിൽ നടന്നിട്ടുള്ള നിയമനങ്ങളുടെ വിവരങ്ങളും താഴെ ചേർക്കുന്നു. (2021മാർച്ചിലെ ശമ്പള സ്റ്റേറ്റ്മെന്റ് പ്രകാ

| ക്രമ നം | തസ്തിക | സർക്കാർ അംഗീകരിച്ച തസ്തികകളുടെ എണ്ണം | നിലവിലെ തസ്തികകളുടെ എണ്ണം | നിയമന രീതി | അധികം |
|---|---|---|---|---|---|
| 1 | ഡീൻ | 3 | 2 | അന്യത്രസേവനം | |
| | | | 1 | പുനർനിയമനം | |
| 2 | പ്രൊഫസർ | 4 | 2 | പുനർനിയമനം | |
| 3 | അസോസിയേറ്റ് പ്രൊഫസർ | 8 | 3 | കരാർ | |
| | | | 1 | അന്യത്രസേവനം | |
| | | | 1 | പുനർനിയമനം | |
| | | | ആകെ 5 | | |
| 4 | അസി.പ്രൊഫസർ | 4 | | | നിയമനം നടന്നിട്ടില്ല |
| 5 | അസി.ലൈബ്രേറിയൻ | 1 | 1 | അന്യത്രസേവനം | |
| 6 | ജോയിന്റ് രജിസ്ട്രാർ | 2 | 1 | അന്യത്രസേവനം | |
| | | | 1 | പുനർനിയമനം | |
| 7 | ഡെപ്യൂട്ടി രജിസ്ട്രാർ | 6 | 6 | അന്യത്രസേവനം | |
| 8 | അസി.രജിസ്ട്രാർ | 14 | 5 | അന്യത്രസേവനം | |
| | | | 8 | കരാർ | |
| | | | ആകെ 13 | | |
| 9 | സെക്ഷൻ ഓഫീസർ | 42 | 24 | അന്യത്രസേവനം | |
| | | | 18 | കരാർ | |
| | | | ആകെ 42 | | |
| 10 | അസിസ്റ്റന്റ്/സീനിയർ ഗ്രേഡ് അസിസ്റ്റന്റ്/ അസി. സെക്ഷൻ ഓഫീസർ | 125 | 106 | സ്ഥിരം | |
| | | | 6 | അന്യത്രസേവനം | |
| | | | 12 | ദിവസവേതനം (മറ്റുള്ളവ) | |
| | | | ആകെ 124 | | |
| 11 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 10 | 10 | സ്ഥിരം | |
| 12 | അക്കൗണ്ടന്റ് | 1 | 1 | കരാർ | |
| 13 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 8 | 6 | അന്യത്രസേവനം | 15 |

| | | | | | |
|---|---|---|---|---|---|
| | | | 4 | ദിവസവേതനം (സമഗ്രം) | |
| | | | 3 | ദിവസവേതനം (മറ്റുള്ളവ) | |
| | | | 10 | ദിവസവേതനം (കുടുംബശ്രീ) | |
| | | | ആകെ 23 | | |
| 14 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 | 3 | അന്യത്രസേവനം | |
| 15 | ക്ലറിക്കൽ അസിസ്റ്റന്റ് | 5 | 4 | അന്യത്രസേവനം | |
| 16 | സിസ്റ്റം മാനേജർ | 1 | 1 | സ്ഥിരം | |
| 17 | പ്രോഗ്രാമർ (IT) | 6 | 6 | കരാർ | |
| 18 | ജൂനിയർ പ്രോഗ്രാമർ (IT) | 11 | 11 | കരാർ (ഐടി) | 4 |
| | | | 2 | കരാർ (പ്രൊജക്ട് മോഡ്) | |
| | | | 2 | കരാർ (സമഗ്രം) | |
| | | | ആകെ 15 | | |
| 19 | ഹാർഡ്‌വെയർ ടെക്നീഷ്യൻ | 3 | 2 | കരാർ (വർക്സ്) | |
| 20 | യൂണിവേഴ്സിറ്റി എഞ്ചിനീയർ (സിവിൽ) | 1 | 1 | കരാർ (വർക്സ്) | |
| 21 | അസി.എഞ്ചിനീയർ (IT & ഇലക്ട്രിക്കൽ) | 1 | 1 | കരാർ (വർക്സ്) | |
| 22 | പി.ആർ.ഒ | 1 | 1 | കരാർ | |
| 23 | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 5 | 4 | ദിവസവേതനം | |
| | | | 1 | അന്യത്രസേവനം | |
| 24 | ഓഫീസ് അറ്റന്റന്റ് | 17 | 7 | അന്യത്രസേവനം | |
| | | | 5 | ദിവസവേതനം | |
| | | | ആകെ 12 | | |
| 25 | സ്വീപ്പർ പാർട്ട് ടൈം | 2 | 2 | കരാർ (വർക്സ്) | |
| 26 | കാഷ്വൽ ലേബറർ | -- | 40 | ദിവസവേതനം | 40 |
| 27 | സർജന്റ് | 1 | 1 | കരാർ | |
| 28 | ലെയ്സൺ ഓഫീസർ | -- | 1 | കരാർ | 1 |
| 29 | റിസപ്ഷനിസ്റ്റ് | -- | 1 | കരാർ | 1 |
| 30 | റിസർച്ച് അസിസ്റ്റന്റ് | --- | 3 | കരാർ | 3 |

| | | | | | |
|---|---|---|---|---|---|
| 31 | മൂഡിൽ എക്സ്പെർട്ട് | -- | 1 | കരാർ | 1 |
| | | 285 | 332 | | 65 |

അക്കൗണ്ടന്റ്, പ്രോഗ്രാമർ, ജൂനിയർ പ്രോഗ്രാമർ, ഹാർഡ് വെയർ ടെക്നീഷ്യൻ, യൂണിവേഴ്സിറ്റി എഞ്ചിനീയർ, നെ ഓഫീസർ, അസി.രജിസ്ട്രാർ, പി.ആർ.ഒ എന്നിങ്ങനെ അധികൃതമാക്കപ്പെട്ട തസ്തികകളിലും പ്രസ്തുത തസ്തി അനുവദിച്ച കാലം മുതൽക്ക് ദിവസവേതന/കരാർ ജീവനക്കാരെ നിയമിച്ചതായി കാണുന്നു. ഡാറ്റാ ഓപ്പറേറ്റർ, റിസർച്ച് അസിസ്റ്റന്റ്, കാഷ്വൽ ലേബറർ, ലെയ്സൺ ഓഫീസർ, റിസപ്ഷനിസ്റ്റ്, മൂഡിൽ എക്സ് തുടങ്ങിയ അംഗീകാരമില്ലാത്ത തസ്തികകളിലും നിയമനം നടന്നിട്ടുണ്ട്. അതിനോടൊപ്പം പുനർനിയമ നടത്തിവരുന്നു. കൂടാതെ സ്ഥിരം തസ്തികയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർ 2 മാസത്തിൽ കൂടുതൽ അവധ പ്രവേശിക്കുന്ന സന്ദർഭത്തിലും ജീവനക്കാർക്ക് പകരം ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലിക ജീവന നിയമിക്കുന്നതിന് സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. നിയമനങ്ങൾ സംബ അപാകതകൾ താഴെ ചേർക്കുന്നു.

**1.<u>ദിവസവേതന/കരാർ നിയമനം</u>**

ജീവനക്കാരിൽ നല്ലൊരു ഭാഗവും സർവ്വകലാശാലയിൽ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ വർഷങ്ങ ജോലി ചെയ്തു വരുന്നു. ഇവരെ 179 ദിവസം ജോലി ചെയ്യിപ്പിച്ച ശേഷം ചെറിയ ഇടവേളയിലേക്ക് മാറ്റി നി വീണ്ടും നിയമനം നൽകി വരുന്നതായാണ് കാണുന്നത്.

2020-21 സാമ്പത്തികവർഷത്തെ എസ്റ്റാബ്ലിഷ്മെന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ മേൽ പറഞ്ഞതിനു ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | തസ്തിക | 20-21 ലെ നിയമനം | വിടുതൽ | അടുത്ത നിയമനം | വിടുതൽ | നിയമനം |
|---|---|---|---|---|---|---|
| സുധീഷ്.എം.ആർ | പ്രോഗ്രാമർ | 27.3.20 | 18.9.20 | 24.9.20 | നിലവിലും തുടരുന്നു | |
| സിജി ജോസ് | പ്രോഗ്രാമർ | 30.3.20 | 24.9.20 | 29.9.20 | നിലവിലും തുടരുന്നു | |
| സജിഷ | പ്രോഗ്രാമർ | 31.3.20 | 25.9.20 | 30.9.20 | നിലവിലും തുടരുന്നു | |
| ഗോവിന്ദ്.വി.ആർ | പ്രോഗ്രാമർ | 1.4.20 | 25.9.20 | 30.9.20 | നിലവിലും തുടരുന്നു | |
| ധന്യ.എം.എസ് | പ്രോഗ്രാമർ | 26.12.19 | 19.6.20 | 24.6.20 | 18.12.20 | 23.12.20 |
| നാസിയ.ബി | പ്രോഗ്രാമർ | 26.12.19 | 19.6.20 | 24.6.20 | 18.12.20 | 23.12.20 |

സർവ്വകലാശാലയിൽ നടന്നിട്ടുള്ള കരാർ/ ദിവസ വേതന നിയമനങ്ങളിൽ, ദിവസവേതന/കരാർ നിയമന ബന്ധപ്പെട്ടുള്ള സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, 1959ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് കംപൽസറി നോട്ടിഫിക്ക ഓഫ് വേക്കൻസീസ് നിയമം, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവയിലെ വ്യവസ പാലിച്ചിട്ടില്ല.വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

സർവ്വകലാശാലയുടെ 2013 ലെ ആദ്യ സ്റ്റാറ്റ്യൂട്ട് അധ്യായം 4, ഭാഗം 2, സ്റ്റാറ്റ്യൂട്ട് 98(1) പ്രകാരം (ജി. നം.3/2019/H&FWD തിയതി.6.2.19 പ്രകാരം നിലവിൽ വന്നത് )സർക്കാർ അംഗീകൃത തസ്തികകളിൽ അടി ഘട്ടങ്ങളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസ വേതന നിയമനം നിയമനാധികാരിക്ക് നടത്താവുന്നതാ

26.02.2016ലെ സ.ഉ.(പി)നം.28/2016/ധന. ഉത്തരവ് പ്രകാരം സർക്കാർ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപ കഴിയുന്നതും ദിവസ വേതന/കാഷ്വൽ ജീവനക്കാരെ നിയമിക്കരുതെന്നും പകരം ഒഴിവുകൾ പി.എസ്. റിപ്പോർട്ട് ചെയ്യുകയോ പ്രസ്തുത തസ്തികകളിലെ നിയമനം സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾസി മാർഗ്ഗരേഖയുടെയോ അടിസ്ഥാനത്തിലാണ് ഒഴിവുകൾ നികത്തേണ്ടതെന്നും നിർദ്ദേശിക്കുന്നുണ്ട്. ഈ ഉത്ത ഖണ്ഡിക 4(ii) പ്രകാരം സർക്കാരിൽ നിന്നുള്ള വ്യക്തമായ അനുമതിയോടുകൂടി മാത്രം ഒഴിച്ചുകൂടാനാ സാഹചര്യത്തിൽ മാത്രമേ ഭാവിയിൽ ദിവസവേതന/കാഷ്വൽ/കരാർ ജീവനക്കാരെ നിയമിക്കാവൂ വ്യക്തമാക്കുന്നു.

ഇരുപത്തിഅഞ്ചോ അതിൽ കൂടുതലോ പേർ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും 1959 ലെ എംപ്ലോ എക്സ്ചേഞ്ചസ് കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രസ്തുത നിയമ പ്രകാരം 3 മാസത്തിലേറെ ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേ റിപ്പോർട്ട് ചെയ്യേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫ ലഭ്യമാകുന്നെങ്കിൽ മാത്രമേ മറ്റ് തരത്തിലുള്ള (കരാർ /ദിവസവേതനാടിസ്ഥാനത്തിൽ) നിയമന നടപ ആരംഭിക്കാവൂ എന്നും വ്യവസ്ഥ ചെയ്യുന്നു.

അടിയന്തിര ഘട്ടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനത്തിന് വളരെയധികം കാലത വരുന്നു എന്നും ആയതിനാൽ ഇവരുടെ ആദ്യ നിയമനങ്ങൾ വിജ്ഞാപനം, അഭിമുഖം, സ്കിൽ ടെസ്റ്റ് ഉ വ്യവസ്ഥകൾ പാലിച്ചാണ് നടത്തിയിട്ടുള്ളതെന്നും ആണ് സർവ്വകലാശാല മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

9.7.19 ലെ സ.ഉ (പി) നം.81/2019/ധന ഉത്തരവിൽ കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷ പരിമിതപ്പെടുത്താവുന്നതും വകുപ്പ് മേധാവിക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി സേവനം ദീർഘ നൽകാവുന്നതുമാണ്. 2 വർഷ കാലാവധിക്ക ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമത് കൂടി മാത്രമേ കരാർ പുതുക്കാവൂ. സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ നിയമനം നടത്തേണ്ട സാഹ വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.സർക്കാർ അംഗീകൃത തസ്തികകളിൽ അടി ഘട്ടങ്ങളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസവേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാ കാലാവധിക്ക് പുറത്ത് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികകളാണെ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

2. <u>പുനർനിയമനം-കരാർ ചമയ്ക്കുന്നില്ല</u>

സർവ്വകലാശാലയിൽ ഡീൻ,പ്രൊഫസർ, ജോയിന്റ് രജിസ്ട്രാർ എന്നീ തസ്തികകളിൽ പുനർ നിയമ നടത്തിയിട്ടുണ്ട്.പുനർ നിയമനങ്ങൾ സംബന്ധിച്ച സർക്കാർ ചട്ടങ്ങൾ താഴെ ചേർക്കുന്നു.

KSR Part III R.92- No person discharged on pension or gratuity shall be re employed whether tempora permanently **without the sanction of the Government**

KSR Part III R.99- An employee who is in receipt of a superannuation or retiring pension shall not be re em or continued to be employed in service paid from General Revenues or from Local Fund except in public inte

9.7.2019 ലെ സ.ഉ.(പി) നം.81/2019 /ധന ഉത്തരവിൽ ,വിരമിച്ച സർക്കാർ ജീവനക്കാരനെ കരാറടിസ്ഥാന നിയമിക്കേണ്ടി വരുന്ന പക്ഷം ,വിരമിച്ച ജീവനക്കാർ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ പെൻഷൻ കുറച്ച തുക ,അതാത് കാലത്തുള്ള കരാർ വേതനം/ദിവസ വേതനം മാസകണക്കിൽ ഇവയിൽ ഏത കുറഞ്ഞ തുക, ആ തുക വിരമിച്ച സർക്കാർ ജീവനക്കാരന്റെ കരാർ വേതനമായി നിജപ്പെടുത്തി കെ.എസ്.ആർ ചട്ടം 8 പ്രകാരമുള്ള Agreement execute ചെയ്തതിനു ശേഷം മാത്രമേ നിയമനം നൽകാൻ പാടുള്ളൂ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പുനർ നിയമനം ലഭിച്ച ജീവനക്കാരുമായി ഏർപ്പെട്ട കരാർ ഉടമ്പ ഹാജരാക്കിയിട്ടില്ല.

3. <u>ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്കുള്ള സ്റ്റാറ്റ്യൂട്ട് -സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല.</u>

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം 2010 വകുപ്പ് 40 പ്രകാരം യൂണിവേഴ്സിറ്റി ഭരണ നിർവ്വ സുഗമമാക്കുന്ന സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസ്, റഗുലേഷൻസ്, ബൈലോസ് എന്നിവയുണ്ടാക്കുന്നതിന് ഗവേ കൗൺസിലിന് അധികാരമുണ്ട്. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്ക വേണ്ടി പ്രത്യേകം സ്റ്റാ സർവ്വകലാശാല നാളിതു വരെ രൂപം കൊടുത്തിട്ടില്ല. സ്റ്റാറ്റ്യൂട്ടിൽ അനധ്യാപക ജീവനക്കാരുടെ സേവന

വ്യവസ്ഥകൾ ഇല്ലാത്തതിനാൽ ആയവ ഉൾപ്പെടുത്തി സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തുന്നതിന് കരട് തയ്യാ
സർക്കാരിന് സമർപ്പിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4. മാതൃസർവ്വകലാശാലകളിൽ നിന്നും തസ്തികകൾ കൈമാറിയിട്ടില്ല

മാതൃസർവ്വകലാശാലകളിൽ നിന്നും കോഴ്സുകൾ സർവ്വകലാശാലയിലേക്ക് അഫിലിയേറ്റ് ചെയ്തിട്ടും തസ്തി കൈമാറി കിട്ടിയിട്ടില്ല. പരിവർത്തനകാല നടപടികളുടെ ഭാഗമായി 07.12.2009 മുതൽ സ്വയമേവ അഫില ചെയ്യപ്പെട്ട 246 കോഴ്സുകൾ ഉണ്ട്. എന്നാൽ മാതൃ സർവ്വകലാശാലയിൽ നിന്നും കോഴ്സുകൾ കൈമാറിയതിനനു തസ്തികകൾ കൈമാറി ലഭിച്ചിട്ടില്ല.

5. സർക്കാർ അംഗീകാരം ലഭിച്ച തസ്തികകളിൽ നിയമനം നടത്താത്ത തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്ന

| തസ്തിക | സർക്കാർ അംഗീകരിച്ചത് | നിലവിൽ ജോലി ചെയ്യുന്നവർ | ഒഴിവുള്ളത് |
|---|---|---|---|
| പ്രൊഫസർ | 4 | 2 | 2 |
| അസോ.പ്രൊഫസർ | 8 | 5 | 3 |
| അസി.പ്രൊഫസർ | 4 | 0 | 4 |
| അസി.രജിസ്ട്രാർ | 14 | 13 | 1 |
| അസിസ്റ്റന്റ്/ സീനിയർ ഗ്രേഡ് അസിസ്റ്റന്റ്/ അസി.സെക്ഷൻ ഓഫീസർ | 125 | 124 | 1 |
| ക്ലറിക്കൽ അസിസ്റ്റന്റ് | 5 | 4 | 1 |
| ഹാർഡ് വെയർ ടെക്നീഷൻ | 3 | 2 | 1 |
| ഓഫീസ് അറ്റൻഡന്റ് | 17 | 12 | 5 |
| | | | 18 |

വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുള്ള തസ്തികകളിൽ നിയമനം നടത തസ്തികകളിലെ ഒഴിവുകൾ സർക്കാരിലേക്ക്/പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ വിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർവ്വകലാശാല നിയമനങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 14 മറുപടിയിൽ സർവ്വകലാശാലയ്ക്ക് ആവശ്യമുള്ള തസ്തികകളിൽ പകുതി പോലും സർക്കാരിൽ നിന്നും അനു തന്നിട്ടില്ല എന്നു രേഖപ്പെടുത്തി കാണുന്നു. എന്നാൽ മുകളിൽ പറഞ്ഞ പട്ടിക പ്രകാരം സർക്കാർ അംഗീ തസ്തികകളിൽ അധ്യാപക തസ്തിക ഒഴികെയുള്ളവയിൽ സർക്കാർ ഉത്തരവിൽ സൂചിപ്പിക്കും പ്രകാ നിയമനരീതിയിൽ നിയമനം നടത്താതിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർവ്വകലാശാലയുടെ ദൈന അക്കാദമിക്, പരീക്ഷാ പ്രവർത്തികൾ തുടർന്നു കൊണ്ടു പോകുന്നതിന് പരിമിതമായി ലഭിച്ച നിലവിലെ തസ്തി അപര്യാപ്തമാണെന്ന് സർവ്വകലാശാലയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ മേൽ പ്രകാരമുള്ള തസ്തികക ഒഴിവുകൾ നികത്തുന്നതിന് നിയമപരമായ അടിയന്തിര നടപടികൾ സർവ്വകലാശാല സ്വീകരിക്കേണ്ടതായുണ്ട്. സർക്കാർ ആദ്യം എക്സിക്യൂട്ടീവ് ഉത്തരവു മുഖേന സ്പെഷൽ റൂൾ തയ്യാറാക്കിയ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അനു തസ്തികകളിൽ മാത്രമാണ് പി.എസ്.സി മുഖേന സർവ്വകലാശാലയിൽ നിയമനം നടന്നിട്ടുള്ളത്.

സർവ്വകലാശാലകളിലെയും അനദ്ധ്യാപക ജീവനക്കാരുടെ നിയമനം സംബന്ധിച്ച ഏകീകരിച്ച സ്പെഷ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഫലമായി 16 തസ്തികകളുടെ സ്പെഷൽ റൂൾ കൂടി തയ്യാറാക്കി സ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യസർവ്വകലാശാലയിൽ ഉള്ള 5 തസ്തികകൾ കൂടി പി.എസ്.സിയ്ക്ക് റി ചെയ്തതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ഏതെല്ലാം തസ്തിക നിയമനങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

6. <u>സർക്കാർ അംഗീകരിച്ച താൽക്കാലിക തസ്തികകൾ</u>

GO(MS) No.41/2012/H&FWD dtd04.02.2012 പ്രകാരം സർവ്വകലാശാലയിൽ 15 താൽക്കാലിക തസ്തി അനുവദിച്ചിട്ടുണ്ട്. സർവ്വകലാശാല രജിസ്ട്രാറുടെ 1.8.2021 തീയതിയിലെ 17994/2019/എ1/അഡ്മിൻ/കേ. കത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രകാരം അനുവദിച്ച കിട്ടിയ താൽക്കാലിക തസ്തികകൾക്ക് 1.9.21 മുത വർഷത്തേക്ക് കൂടി തുടർച്ചാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.(സ.ഉ(സാധ) നം. 2698/2021/അ തി.01/12/2021) തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | താൽക്കാലിക തസ്തിക | സർക്കാർ ഉത്തരവ് പ്രകാരം എണ്ണം |
|---|---|---|
| 1 | സെക്ഷൻ ഓഫീസർ | 1 |
| 2 | അസിസ്റ്റന്റ് | 8 |
| 3 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4 |
| 4 | ഹാർഡ് വെയർ ടെക്നീഷൻ | 1 |
| 5 | അസി.എഞ്ചിനീയർ | 1 |
| | | 15 |

സർക്കാർ അംഗീകരിച്ച തസ്തികകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ അനുവദനീയമായതിലും അ ജീവനക്കാർ ഗവേണിംഗ് കൗൺസിൽ അംഗീകാരത്തോടെ ജോലി ചെയ്തു വരുന്നു.

7. <u>സർവ്വകലാശാല ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.</u>

കേരള സർവ്വീസ് റൂൾ ചട്ടം 144 പ്രകാരം അന്യത്രസേവന കാലത്തെ ശമ്പളം, ബത്തകൾ, പ്രവേശന കാലം, യാത്രപ്പടി മുതലായവയെ സംബന്ധിക്കുന്ന വ്യവസ്ഥകൾ സർക്കാർ ജീവനക്കാരൻ, ആ ജീവനക അന്യത്രസേവനത്തിനു അനുവദിച്ച ഉദ്യാഗസ്ഥൻ, അന്യത്ര തൊഴിൽ ദാതാവ് എന്നിവർ ചേർന്നു തീരുമാനിക്കേ അതനുസരിച്ചുള്ള വ്യവസ്ഥകളടങ്ങിയ കരാറിൽ ഏർപ്പെടേണ്ടതുമാണ്. ഇപ്രകാരം ഡെപ്യൂട്ടേഷനിൽ ചെയ്തുവരുന്നവരും സർവ്വകലാശാലയും തമ്മിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ സംബന്ധിച്ച ഫയൽ പരിശോ ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ, രേഖകൾ ലഭ്യമാക്കേണ്ടതും അപാകതകൾക്ക് മറുപടി നൽകേണ്ടതുമാണ്.

സർക്കാർ അംഗീകരിച്ച തസ്തികകളിലും, സർക്കാർ അംഗീകാരമില്ലാത്ത ഗവേണിംഗ് കൗ തീരുമാനപ്രകാരം സൃഷ്ടിച്ച തസ്തികകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താതെ ദിവസ കരാർ നിയമനങ്ങളിൽ ഒരേ വ്യക്തികളെ തന്നെ വർഷങ്ങളായി നിയമിച്ചു വരുന്ന സർവ്വകലാശാലയുടെ പൊതു തസ്തികകളിൽ നിയമനം ലഭിയ്ക്കുന്നതിന് പൗരൻമാർക്കുള്ള അവകാശം നിഷേധിക്കുന്നതും സാമൂഹ്യ നടപ്പിലാക്കാത്തതുമാണ്.

## 3-19 Utility Building - Fire fighting system - ഫയർ NOC പുതുക്കി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

**Works-Repairs,maintenance& others-Deposit works**

ഫയൽ നം - 2675/2020/A2/ Works/ KUHS

വൗച്ചർ നംപർ - J 280/15.10.20, ചെലവ് തുക - 254510/-

എസ്റ്റിമേറ്റ് തുക - 375000/-

ഭരണാനുമതി നം - 183/2019/ admn& gen / KUHS, 10.2.20

സാങ്കേതികാനുമതി നം - KUHS/07/E/2019-20, 10.2.20

എഗ്രിമെന്റ് - 1/20-21, 11.5.20

സർവ്വകലാശാല ക്യാമ്പസിനുള്ളിൽ സ്ഥിതി ചെയ്യുന്ന യൂട്ടിലിറ്റി ബിൽഡിംഗിൽ അഗ്നിശമന സംവി സ്ഥാപിക്കുന്നതിനായി സർവ്വകലാശാല ടെണ്ടർ നടപടിക്രമങ്ങളിലൂടെ AEGIS SAFETY എന്ന സ്ഥാപ ഏൽപ്പിക്കുകയും 22.6.2020ൽ സ്ഥാപനം പ്രവൃത്തി പൂർത്തിയാക്കിയതായും കാണുന്നു.

ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും ഫയർ NOC ലഭിക്കുന്നതിന് 3325/-രൂപ ചെലാൻ അടച്ച് 23.0 District Fire Officer, തൃശ്ശൂരിന്റെ കത്ത് നം. G -3048/2020പ്രകാരം Certificate of approval ലഭിക്കുകയുണ്ടാ സർട്ടിഫിക്കറ്റ് പ്രകാരം സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്ത തിയതി മുതൽ ഒരു വർഷത്തേയ്ക്കാണ് സർട്ടിഫിക്ക കാലാവധി. ഒരു വർഷത്തിനുശേഷം സർട്ടിഫിക്കറ്റ് പുതുക്കേണ്ടതാണെന്നും സമയപരിധിക്കുള്ളിൽ പുതുക്ക എങ്കിൽ ഇൻഷ്വറൻസ് കവറേജിനുള്ള യോഗ്യത നഷ്ടപ്പെടുന്നതാണ് എന്നും ഫയലിൽ രേഖപ്പെടുത്തി കാ എന്നാൽ ഒരു വർഷത്തിനു ശേഷം 7/2021 – ൽ ഫയർ NOC പുതുക്കി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആയത Utility Building ൽ അഗ്നിശമന സംവിധാനം സ്ഥാപിച്ച എങ്കിലും സർട്ടിഫിക്കറ്റ് പുതുക്കാത്തതിനാൽ ഇൻഷ്വ കവറേജിനുള്ള യോഗ്യത നഷ്ടപ്പെട്ടതായി കാണുന്നു. ഓഡിറ്റ് എൻക്വയറിക്ക് NOC പുതുക്കുന്നതിനുള്ള നടപ സ്വീകരിച്ച വരുന്നു എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. (ഒ എൻക്വയറി നം. 30/26.03.22)

## 3-20 ഓഡിറ്റോറിയം നിർമ്മാണം - 4,38,03,647 രൂപ മുടങ്ങി കിടക്കുന്ന പണം

**Works-Repairs,maintenance& others-Payments**

ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് 4,38,03,647 രൂപ CPWD യ്ക്ക് സർവ്വകലാശാല നൽകിയിട്ടുണ്ട്. എ നിർമ്മാണപ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല.

ഫയൽ നം. - 2856/WORKS/KUHS/2018

പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി - Central Public Works Department

ഭരണാനുമതി - GO(Rt) No. 507/2018/H&FWD, 12-2-18

സാങ്കേതികാനുമതി - ലഭ്യമല്ല.

MOU - dated 26-6-18 (നം. ഇല്ല)

എസ്റ്റിമേറ്റ് തുക - 4,51,00,000

ഗവേണിംഗ് കൗൺസിൽ അംഗീകാരം - 49.72 തീയതി 08-11-18

| വൗച്ചർ നം./ തീയതി | തുക | സ.ഉ നം. |
|---|---|---|
| 1.P762/09-08-18 | 1,50,31,830 | U.O No.782/2018/Admn&Gen/KUHS, 31-07-2018 |
| 2.P109/04-11-20 | 2,87,71,817 | U.O No.109/2020/Admn&Gen/KUHS, 27-01-20 |
| | 4,38,03,647 | |

27-12-2016 ലെ Go(Rt) 3370/2016/H&FWD പ്രകാരം 8.56 കോടി രൂപ ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് ലഭ്യമായ കോടി 51 ലക്ഷം രൂപ ചെലവ് ചെയ്ത് ഓഡിറ്റോറിയം നിർമ്മിക്കുന്നതിനാണ് 12.02.2018 ൽ ഭരണാനുമതി ലഭിച്ചി തുടർന്ന് 26-07-2018 ലെ രജിസ്ട്രാറുടെ 2856/works/KUHS/2018 നമ്പർ കത്ത് പ്രകാരം കുറച്ചുകൂടി അടിസ്ഥാന സൗക ഓഡിറ്റോറിയത്തിന് വേണം എന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 11,61,91,500 രൂ എസ്റ്റിമേറ്റ് സമർപ്പിക്കുകയും U.O No 1260/2018/Admn&Gen/KUHS, 09-12-2018 പ്രകാരം ഓഡിറ്റോറിയം രണ്ട് ഘ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. അത് പ്രകാരം 17-03-2018 മുതൽ 10 മാസം കൊണ്ട് ഘട്ടവും തുടർന്ന് 02-05-2019 മുതൽ 16 മാസം കൊണ്ട് രണ്ടാംഘട്ടവും പൂർത്തിയാക്കണം എന്ന് ഫ രേഖപ്പെടുത്തിയതായി കാണുന്നു.

CPWD സമർപ്പിച്ച പ്ലാനിൽ മാറ്റം വരുത്തണമെന്ന സർവ്വകലാശാലയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 19-02-2 വീണ്ടും CPWD ചീഫ് എഞ്ചിനീയർ റിവൈസ്ഡ് പ്രിലിമിനറി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം എസ്റ്റിമേ 13,42,44,447/- രൂപയാണ്. 11-04-2019 ലെ ഗവേണിംഗ് കൗൺസിൽ 52.6 നമ്പർ അജണ്ടയായി എസ്റ്റിമേറ്റിന് അംഗ നൽകിയിട്ടുണ്ട്. ഇത് പ്രകാരം പൂർത്തീകരണ കാലാവധി 4 months for planning and 12 months for construction കാണുന്നു. 09-08-2018, 04-11-2020 തിയതികളിലായി 4,38,03,647 രൂപ CPWD യ്ക്ക് സർവ്വകലാശാല നൽകിയിട്ടുണ്ട്.

